"കുട്ടികള് പ്രാധാന്യമുള്ളവര്" എന്നതില് നിന്നുള്ള സണ്ടേസ്കൂള്

അദ്ധ്യാപകരുടെ

യൂണിറ്റ് 1

Equip & Grow

കുട്ടികൾ പ്രാധാന്യമുള്ളവർ

# ടൈം മെഷീന്

## യേശു നടന്നിടത്തൂടെ നടക്കുക.



## അദ്ധ്യാപകരുടെ പുസ്തകം

എല്ലാ പ്രായക്കാര്ക്കും

# ടൈം മെഷീൻ




**“കുട്ടികൾ പ്രാധാന്യമുള്ളവർ” എന്നതിൽ നിന്നുള്ള സണ്ടേസ്കൂൾ**

**അദ്ധ്യാപകരുടെ പുസ്തകം**

**എല്ലാ പ്രായക്കാർക്കും**

**യൂണിറ്റ് 1: പാഠങ്ങൾ 1-13**

**വെബ്:-www.ChildrenAreImportant.com/machine/**

“കുട്ടികൾ പ്രാധാന്യമുള്ളവർ” ടീമിലെ എല്ലാവർക്കും നന്ദി.

Founders, Dwight y Kristina Krauss
Creative Team Manager, Flor Boldo
Creative Editorial Team, Jennifer Sánchez, Areli Salinas, Ramón Martínez, Marlon José Hernández.
Designer, Julio Sánchez
Contributing Designer Suzanna Kangas (Suki)
Consulting Emeritus, Miguel y Vickie Kangas
Facebook Page Spanish Admin, Ramón Martínez and Verónica Toj
Facebook Page English Admin, Marlon José Hernández and Flor Boldo

Translation Team, alineviera, Annupama Wankhede, Anton Klymyk, Araz Mammadzadeh, Aroma Publications and Media, Arturo Jr Boron, Blessy Jacob, Carmela Dawn Flores, Chrisbresnahan, David Raju, Ephraim Njuguna Mirobi, Finny Jacob, Geenav, HamidReza Azimi (hamid.azimi1364 at gm#ail com), Heyaudrey, I-clever.com, iqbalman, Jacob Kuruvilla, kamilturk, Karunguru Mwangi, kiran, Maitrayi Mondal, Marco Chu, Marcos Rocha, Mathew Das, Mitesh Mandaliya, mrramlama, Mrs.Geethashree NavaneethaKrishnan, Nassim Bougtaia, nicbenk, Paul Mwangi, Paul Septan, Rana922, Rubina Rai, Safdar Khan, shahroshan15, Talento-Unido, ueritom, Verdia Juliansyah Cancerika, Yeoh Jung Chin, Zeina Mirella Barzaga Arencibia

# ആമുഖം

ടൈം മെഷിൻ സണ്ടേസ്കൂളിലേക്ക് സ്വാഗതം! പുതിയതും ആശ്ചര്യകരവുമായ ഈ പ്രോഗ്രാമിൽ നാം യേശുവിന്റെ ജീവിത കാലത്തേക്ക് ഒരു മടക്കയാത്ര നടത്തുകയാണ്. ഓരോ ആഴ്ചയിലും തമാശ നിറഞ്ഞ നാടകങ്ങൾ, കളികൾ, കുട്ടികളുടെ പുസ്തകത്തിലെ പദപ്രശ്നങ്ങൾ ഹാജർ നിലക്ക് അനുസരിച്ചുള്ള കാർഡ് ശേഖരണം എന്നിവകളാൽ കുട്ടികൾ ഉല്ലാസഭരിതരാകുന്നു.

യേശുവിന്റെ ജീവിതം കാണേണ്ടതിനു കാലത്തിനു പുറകിലേക്ക് സഞ്ചരിക്കുന്ന മൂന്നോ അതിലധികമോ കുട്ടികൾക്കായി ആണ് രസകരമായ നാടകം ചിത്രീകരിക്കുന്നത്. കാലത്തിന് പുറകിലേക്ക് സഞ്ചരിക്കുന്ന അഭിനേതാക്കൾ ആരെല്ലാമെന്ന് അറിയുന്നതും ആ കഥാപാത്രങ്ങൾ ആരെല്ലാമെന്ന് അറിയുന്നതും കുട്ടികൾ വളരെ പ്രിയപ്പെടുന്നു. എന്നാൽ ഇത് ഒരു സമയം പോക്കിനു മാത്രമായി ചെയ്യുന്ന ഒന്നല്ല. ഓരോ നാടകത്തിലും കഥാപാത്രങ്ങളായി കുട്ടികൾ ആ പാഠം പഠിക്കുകയും ആശയങ്ങൾ പാഠങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രോഗ്രാമിൽ, കുട്ടികൾ യേശുവിൻറെ ജീവിതത്തെ അനുകരിക്കുകയും ഈ പുതിയ സമൂഹത്തിൽ നീതിയുടെ ആവശ്യത്തെക്കുറിച്ച് പഠിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ സ്നേഹിക്കുക എന്നതും അവരുടെ നീതിയെ പാലിക്കുക എന്നതും ദൈവം നമ്മിൽ നിന്നും വളരെ പ്രതീക്ഷിക്കുന്ന വസ്തുതയാണ്. ഇതിനെ കുറിക്കുന്ന പല വാക്യങ്ങളിൽ ഒരു വാക്യം ഇതാണ്: "നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ; അനാഥന്നു ന്യായം നടത്തിക്കൊടുപ്പിൻ; വിധവെക്കു വേണ്ടി വ്യവഹരിപ്പിൻ." യെശയ്യാവ് 1:17

മനുഷ്യക്കടത്ത് പോലെയുള്ള ചില പ്രശ്നങ്ങൾ കുട്ടികൾക്ക് പരിഹരിക്കാൻ കഴിയുന്നതിലും അപ്പുറമാണ്. എങ്കിലും സാമൂഹികമായ അന്തസ്സ് നോക്കാതെ മറ്റുള്ളവരോട് പെരുമാറുന്നതു പോലെയുള്ള കാര്യങ്ങളിൽ നിന്നും കുട്ടികളുടെ വീക്ഷണത്തെ മാറ്റുവാൻ കഴിയും. അങ്ങനെ അവർ മുതിർന്നവരാകുമ്പോൾ അടിച്ചമർത്തപ്പെട്ട ഒരു ജനസമൂഹത്തിനു വേണ്ടി എതിർത്തു നിൽക്കുവാൻ പ്രാപ്തരാകും. നീതിയെക്കുറിച്ച് പ്രധാനമായും 3 ഘട്ടങ്ങളിലൂടെ പഠിപ്പിക്കുവാൻ കഴിയും. 1. പ്രധാന പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രാവർത്തികമാക്കാൻ കഴിയുന്ന "നീതി" എന്ന ഭാഗം ഉദാഹരണം: എല്ലാവരേയും ദൈവത്തിന്റെ സൃഷ്ടിയായി കരുതണം. 2. അനുദിന ജീവിതത്തിൽ അവർ പഠിച്ച പാഠഭാഗങ്ങൾ പ്രാവർത്തികമാക്കാൻ ഹോം വർക്ക് സെക്ഷൻ അവരെ സഹായിക്കുന്നു ഉദാഹരണം: ആർക്കെങ്കിലും നന്ദി സൂചകമായ ഒരു കത്തെഴുതുക. 3. പാസ്റ്റർ, വക്കീൽ, ശാസ്ത്രജ്ഞൻ, പോലീസ് തുടങ്ങിയ വ്യത്യസ്തങ്ങളായ തൊഴിലുകൾ എന്തെല്ലാമെന്നും അത് സമൂഹത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നും "ജീവചരിത്രം" ഭാഗം അവരെ പഠിപ്പിക്കുന്നു. ഈ സെക്ഷനിലുള്ള ചില തൊഴിലുകൾക്ക് വിവിധ രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ വീക്ഷണമാണുള്ളത്. എന്തെന്നാൽ ചില ആളുകൾ അവരുടെ പദവിയെ ദുർവിനിയോഗം ചെയ്യുന്നു. നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി മുതിർന്നു വരുമ്പോൾ ഈ ജോലി കരസ്ഥമാക്കി നീതി പ്രവർത്തിക്കുകയും അവരുടെ പദവി ദുർവിനിയോഗം ചെയ്യാതെ മറ്റുള്ളവർക്കായി നന്മ ചെയ്യുകയും ചെയ്യും എന്ന് ആർക്കറിയാം? ആരെങ്കിലും ഈ പദവിയിൽ ഇരിക്കുന്നു എങ്കിൽ എന്തു ചെയ്യണമെന്നും യേശു ആ പദവിയിൽ ഇരിക്കുന്നു എങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നും കുട്ടികളെ പഠിപ്പിക്കുവാനുള്ള ഒരു നല്ല അവസരമാണിത്. നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി മുതിർന്ന് വരുമ്പോൾ ഈ ജോലി കരസ്ഥമാക്കി നീതി പ്രവർത്തിക്കുകയും അവരുടെ പദവി ദുർവിനിയോഗം ചെയ്യാതെ മറ്റുള്ളവർക്കായി നന്മ ചെയ്യുകയും ചെയ്യും എന്ന് ആർക്കറിയാം? കുട്ടികൾ തങ്ങളുടെ സമൂഹത്തിലോ രാജ്യത്തിലോ യേശുവിൻറെ വിളക്കുകളായി പ്രകാശിക്കുവാൻ ഇടയായിത്തീരും.അദ്ധ്യാപകരേ നമുക്ക് ധൈര്യത്തോടെ മുന്നേറാം, എന്തെന്നാൽ ദൈവം നമ്മോടു കൂടെയുണ്ട്. ഈ ലോകത്തിന് ഒരു മാറ്റം വരുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിന് അടുത്ത തലമുറയെ പരിശീലിപ്പിക്കുക എന്നതല്ലാതെ മറ്റൊരു വഴിയുമില്ല. ദൈവം കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പ്രവേശിച്ച് വിവേചനമില്ലാതെ സമൂഹത്തെ സ്നേഹിക്കാൻ അവരെ സഹായിക്കുന്നുവെങ്കിൽ സമൂഹത്തിൽ എന്തെല്ലാം മാറ്റം വരും എന്നും ഭാവനയിൽ കണ്ടു നോക്കൂ. കുട്ടികളെ പഠിപ്പിക്കുക എന്ന ഈ മഹത്തായ ശുശ്രൂഷ ചെയ്യുവാൻ ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.




കുട്ടികൾ പ്രാധാന്യമുള്ളവർ എന്ന ടീം

# അവലോകനം

## 1

### രാജത്വമോ ദാരിദ്ര്യമോ?

**ബേത്ലഹേമിലേക്കൊരു യാത്ര : ലൂക്കോസ് 2:1-5**

1 പത്രോസ് 2:9 "നിങ്ങളാകട്ടെ, അന്ധകാരത്തിൽനിന്ന് തന്റെ അദ്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ച ദൈവത്തിന്റെ അദ്ഭുതകരമായ പ്രവൃത്തികളെ പ്രഘോഷിക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധജനതയും, ദൈവത്തിന്റെ സ്വന്തജനവും ആകുന്നു."

## 2

### ഒരു ആത്മാർത്ഥ സ്നേഹിതൻ

**യോസേഫ് മറിയയെ വിവാഹം കഴിക്കുന്നു : മത്തായി 1:18-25**

യാക്കോബ് 4:11 "സഹോദരരേ, നിങ്ങൾ അന്യോന്യം ദൂഷിക്കരുത്. സഹോദരനെ ദൂഷിക്കുകയും വിധിക്കുകയും ചെയ്യുന്നവൻ നിയമസംഹിതയെ ദൂഷിക്കുകയും വിധിക്കുകയും ചെയ്യുന്നു. നീ നിയമത്തെ വിധിക്കുന്നവനാണെങ്കിൽ അതിനെ അനുസരിക്കുന്നവനല്ല, പ്രത്യുത വിധികർത്താവാണ്."

## 3

### രാജകീയ ജനനമോ ലളിതമായ ജനനമോ?

**യേശുവിൻറെ ജനനം : ലൂക്കോസ് 2:4-20**

2 കൊരിന്ത്യർ 8:9 "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിവുള്ളതാണല്ലോ; തന്റെ ദാരിദ്ര്യം മുഖേന നിങ്ങൾ സമ്പന്നരാകുന്നതിനുവേണ്ടി, സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി അവിടുന്നു സ്വയം ദരിദ്രനായിത്തീർന്നു."

## 4

### പ്രയാസ സമയങ്ങൾ

**യേശുവിൻറെ കുടുംബം മിസ്രയിമിലേക്ക് പോയി : മത്തായി 2:13-23**

എഫേസ്യർ 4:31b "ദയയോടും മനസ്സലിവോടുംകൂടി അന്യോന്യം പെരുമാറുകയും, ദൈവം നിങ്ങളോടു ക്രിസ്തു മുഖേന ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുകയും ചെയ്യുക."

## 5

### സമർത്ഥനായ യേശു

**യേശു ദേവാലയത്തിൽ : ലൂക്കോസ് 2:41-51**

യാക്കോബ് 1:19 "എന്റെ പ്രിയപ്പെട്ട സഹോദരരേ, നിങ്ങൾ ഇത് ഓർത്തുകൊള്ളണം; ഏതു മനുഷ്യനും കേൾക്കുന്നതിൽ വേഗം ശ്രദ്ധിക്കുന്നവനും, പറയുന്നതിലും കോപിക്കുന്നതിലും തിടുക്കം കൂട്ടാത്തവനും ആയിരിക്കട്ടെ.."

## 6

### മഹത്തായ തുടക്കം

**യേശുവിൻറെ സ്നാനം : മത്തായി 3:13-17**

എബ്രായര് 13:17 "നിങ്ങളുടെ നേതാക്കന്മാരെ അനുസരിച്ച് അവർക്കു കീഴ്പ്പെട്ടിരിക്കണം. അവർ ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടതുകൊണ്ട് നിങ്ങളെ ജാഗ്രതയോടെ കാത്തുസൂക്ഷിക്കുന്നു. അവർ സന്തോഷപൂർവം അതു ചെയ്യുവാൻ ഇടയാക്കുക. സങ്കടത്തോടുകൂടിയാണ് ചെയ്യുന്നതെങ്കിൽ നിങ്ങൾക്ക് അതു പ്രയോജനശൂന്യമായിരിക്കും.."

## 7

### ടീമിനെ തിരഞ്ഞെടുക്കുന്നു.

**യേശു 12 പേരെ വിളിച്ചു : മത്തായി 4:18-22, യോഹന്നാൻ 1:35-50**

യോഹന്നാന് 8:12 "യേശു വീണ്ടും പരീശന്മാരോടു പറഞ്ഞു: “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശം ഉണ്ടായിരിക്കും."

## 8

### പോഷിപ്പിക്കുന്ന യേശു

**വെള്ളം വീഞ്ഞാകുന്നു : യോഹന്നാൻ 2:1-11**

ലൂക്കോസ് 6:38 "അമർത്തിക്കുലുക്കി നിറഞ്ഞു കവിയുന്ന നല്ല അളവുതന്നെ നിങ്ങൾക്കു ലഭിക്കും. നിങ്ങൾ അളന്നുകൊടുക്കുന്ന അളവായിരിക്കും നിങ്ങൾക്കു തിരിച്ചു കിട്ടുക"

## 9

### യേശുവിനെപ്പോലെ സ്നേഹിക്കുക

**നല്ല ശമര്യാക്കാരൻ : ലൂക്കോസ് 10:25-37**

ലൂക്കോസ് 10:27 "നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടി സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം” എന്ന് അയാൾ ഉത്തരം പറഞ്ഞു."

## 10

### ആവശ്യത്തിലുപരിയായി സൃഷ്ടിക്കുന്ന ദൈവം

**അയ്യായിരം പേരെ പോഷിപ്പിക്കുന്നു : മത്തായി 14:13-21**

മത്തായി 19:26 "യേശു അവരെ സൂക്ഷിച്ചു നോക്കിക്കൊണ്ടു പ്രതിവചിച്ചു: “മനുഷ്യർക്ക് അത് അസാധ്യം; എന്നാൽ ദൈവത്തിനു സകലവും സാധ്യമാണ്."

## 11

### ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിക്കുക

**യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു : ലൂക്കോസ് 8:22-25**

ആവര്ത്തനപുസ്തകം 31:8 "അവിടുന്നാണ് നിന്റെ മുമ്പിൽ പോകുന്നത്; അവിടുന്നു നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്നു നിന്നെ നിരാശപ്പെടുത്തുകയില്ല; ഉപേക്ഷിക്കുകയുമില്ല. അതുകൊണ്ട് ഭയപ്പെടുകയോ പതറുകയോ വേണ്ട."

## 12

### ആരാണ് യേശു?

**ഞാൻ ആരെന്ന് നിങ്ങൾ പറയുന്നു? : മത്തായി 16:13-20**

യോഹന്നാന് 3:16 "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവർ ആരും നശിച്ചുപോകാതെ അനശ്വരജീവൻ പ്രാപിക്കേണ്ടതിന് ആ പുത്രനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു."

## 13

### യേശു ശക്തി വെളിപ്പെടുത്തുന്നു

**ലാസർ : യോഹന്നാൻ 11:32-44**

യോഹന്നാന് 11:25 "യേശു അവളോട് അരുൾചെയ്തു: “ഞാൻ തന്നെയാണു പുനരുത്ഥാനവും ജീവനും."

# ഈ പുസ്തകം എങ്ങനെ ഉപയോഗിക്കാം

## നാടകം (ഭാഗം 1)



Leader Investigator Agent Mechanic Technician

ഓരോ നാടകത്തിലും "ജസ്റ്റീസ് ടീം" യേശുവിന്റെ ജീവിതം കാണേണ്ടതിന് കാലത്തിനു പുറകിലേക്ക് സഞ്ചരിക്കുന്നു. അവിടെ നിന്നും ആ സംഘം ഈ കാലഘട്ടത്തിൽ പ്രാവർത്തികമാക്കേണ്ട പാഠങ്ങൾ പഠിക്കുന്നു. പ്രധാന പാഠഭാഗത്തിന് തൊട്ടു മുൻപിലായി നാടക ഭാഗം എഴുതിയിരിക്കുന്നു. അവർ കാലത്തിന് പുറകിലേക്ക് സഞ്ചരിക്കുന്നു. പ്രധാന പാഠഭാഗത്തിനു ശേഷം ഓരോ നാടകത്തിന്റെയും രണ്ടാം പകുതി ഭാഗം വരുന്നു. അപ്പോൾ കഥാപാത്രങ്ങൾ മടങ്ങി വന്ന് അവർ പഠിച്ച ഭാഗങ്ങൾ പ്രാവർത്തികമാക്കുന്നു. നാടകം 3 കഥാപാത്രങ്ങൾക്കായിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്: നേതാവ് അന്വേഷകൻ, പ്രതിനിധി, നിങ്ങൾക്ക് അധികമായി ആളുകൾ ഉണ്ടെങ്കിൽ മാത്രം മെക്കാനിക്ക്, ടെക്നീഷ്യൻ എന്നീ മറ്റ് രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചാൽ മതി.
നേതാവ്, അന്വേഷകൻ, പ്രതിനിധി, മെക്കാനിക്ക്, ടെക്നീഷ്യൻ.

## പ്രധാന പാഠം

പ്രാരംഭ നാടകത്തിനു ശേഷം പ്രധാന പാഠം വരുന്നു. ബൈബിൾ കഥ മുഴുവനായും ഈ പാഠഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ദയവായി കഥ ബൈബിളിൽ നിന്നും വായിക്കുവാൻ മറക്കരുത്.

## നാടകം (ഭാഗം 2)

പ്രധാന പാഠഭാഗത്തിനു ശേഷം, ടീം പഠിച്ചത് പ്രാവർത്തികമാക്കുന്നതായ രണ്ടാം ഭാഗം പൂർത്തീകരിക്കുക.

## നീതി

കുട്ടികളുടെ പുസ്തകത്തിലെ പദപ്രശ്നം ചെയ്യുമ്പോഴോ, ലഘുഭക്ഷണം കഴിക്കുമ്പോഴോ പ്രധാന പാഠത്തിന്റെ ഈ ഭാഗം അവലോകനം ചെയ്യുക.

## ജീവ ചരിത്രം

പാസ്റ്റർ, വക്കീൽ, ശാസ്ത്രജ്ഞൻ, പോലീസ് തുടങ്ങിയ വ്യത്യസ്തങ്ങളായ തൊഴിലുകൾ എന്തെല്ലാമെന്നും അത് സമൂഹത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നും "ജീവചരിത്രം" ഭാഗം അവരെ പഠിപ്പിക്കുന്നു. ഈ സെക്ഷനിലുള്ള ചില തൊഴിലുകൾക്ക് വിവിധ രാജ്യങ്ങളിൽ വ്യത്യസ്തങ്ങളായ വീക്ഷണമാണുള്ളത്. എന്തെന്നാൽ ചില ആളുകൾ അവരുടെ പദവിയെ ദുർവിനിയോഗം ചെയ്യുന്നു. നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി മുതിർന്നു വരുമ്പോൾ ഈ ജോലി കരസ്ഥമാക്കി നീതി പ്രവർത്തിക്കുകയും അവരുടെ പദവി ദുർവിനിയോഗം ചെയ്യാതെ മറ്റുള്ളവർക്കായി നന്മ ചെയ്യുകയും ചെയ്യും എന്ന് ആർക്കറിയാം? ഒരു പക്ഷേ ആരെങ്കിലും ഈ പദവിയിൽ എത്തുമ്പോൾ എന്തു ചെയ്യണമെന്നും യേശു ആ പദവിയിൽ ഇരിക്കുന്നു എങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നും കുട്ടികളെ പഠിപ്പിക്കുവാനുള്ള ഒരു നല്ല അവസരമാണിത്. നിങ്ങളുടെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി മുതിർന്ന്

വരുമ്പോൾ ഈ ജോലി കരസ്ഥമാക്കി നീതി പ്രവർത്തിക്കുകയും അവരുടെ പദവി ദുർവിനിയോഗം ചെയ്യാതെ മറ്റുള്ളവർക്കായി നന്മ ചെയ്യുകയും ചെയ്യും എന്ന് ആർക്കറിയാം? കുട്ടികൾ

തങ്ങളുടെ സമൂഹത്തിലോ രാജ്യത്തിലോ യേശുവിന്റെ വിളക്കുകളായി പ്രകാശിക്കുവാൻ ഇടയായിത്തീരും. ചെറിയ ഒരു ഗെയിം കളിച്ചു കൊണ്ട് തുടക്കം കൂടുതൽ രസകരമാക്കുക. തൊഴിൽ എന്തെന്ന് അഭിനയിച്ചു കാണിക്കുകയും മുൻപിൽ ഇരിക്കുന്ന കുട്ടികൾ അത് പറയുകയും ചെയ്യണം.

## മന:പാഠ വാക്യം

ഓരോ മന:പാഠവാക്യങ്ങളും പാഠഭാഗത്തിൽ ചേർക്കുക. വാക്യം രസകരമായി പഠിക്കുന്നതിന് ഗെയിമുകളോ പ്രവർത്തനങ്ങളോ കണ്ടെത്തുക.

## കുട്ടികളുടെ പുസ്തകം

കുട്ടികളുടെ പുസ്തകത്തിലെ പദപ്രശ്നങ്ങൾ ചെയ്യുന്നത് അവർക്ക് വളരെ ഇഷ്ടമാണ്. വാക്കുകൾ കണ്ടെത്തുക എന്നതും ചിത്രങ്ങൾക്ക് നിറം നൽകുക എന്നതും പാഠങ്ങൾ പഠിക്കുന്നതിന് കൂടുതൽ സഹായകമാകുന്നു. കണ്ടെത്തിയ വാക്കുകളായ മൂല്യം, താഴ്മ, നീതി എന്നിവയെക്കുറിച്ച് ചർച്ച നടത്തുകയും ഈ വാക്കുകളിൽ നിന്നും അവർക്ക് എന്തു മനസ്സിലായി എന്നും ചോദിക്കുക.

## ചോദ്യോത്തരങ്ങൾ (മുതിർന്ന കുട്ടികൾക്ക്)

മുതിർന്നവരുടെ ലോകത്ത് ജീവിക്കുക എന്നത് പ്രയാസകരമായ കാര്യമാണ്. പ്രയാസകരമായ ചോദ്യങ്ങൾക്ക് എല്ലായ്പ്പോഴും ഉത്തരം നൽകുന്ന ഒരാൾ ഉള്ളത് നാം ഇഷ്ടപ്പെടുന്ന കാര്യമല്ലോ? എന്നാൽ പലപ്പോഴും നമുക്ക് അത് ലഭിക്കാറില്ല, നാം നമുക്ക് കഴിയുന്നതുപോലെ ഉത്തരം കണ്ടെത്തുന്നു. മുതിർന്ന കുട്ടികൾ പ്രായമായവരെ സമീപിക്കുകയും ചെയ്യുന്നു. സണ്ടേസ്കൂളിൽ നാം അവർക്ക് ഉത്തരം പറഞ്ഞു കൊടുക്കുകയും പ്രയാസമേറിയ ചോദ്യങ്ങൾ ഒഴിവാക്കുകയും ചെയ്താൽ നാം അവരെ തെറ്റായ രീതിയിൽ പരിശീലിപ്പിക്കുന്നു എന്ന് മാത്രമല്ല സ്വയമായി വേദപുസ്തക ഉത്തരങ്ങൾ കണ്ടെത്തുന്നതിനുള്ള അവരുടെ ചിന്താശേഷിയെ നശിപ്പിക്കുകയുമാണ്. ഇത് അവരെ ആശയക്കുഴപ്പത്തിൽ എത്തിക്കുകയും പ്രയാസമേറിയ ചോദ്യങ്ങളുടെ ഉത്തരം അവർക്ക് ലഭിക്കാതെ പോവുകയും കോളേജിലെ അദ്ധ്യാപകരിൽ നിന്നും മേലധികാരികളിൽ നിന്നും ലൗകീകമായ ഉത്തരങ്ങൾ ലഭിക്കുകയും ചെയ്യുന്നു. പകരം, മുതിർന്ന കുട്ടികൾ ഈ പ്രയാസമേറിയ ചോദ്യങ്ങൾ ചിന്തിച്ച് ഉത്തരം കണ്ടെത്തുന്നതിനായി ഈ സെക്ഷൻ പ്രയോജനപ്പെടുത്താം. മുതിർന്ന കുട്ടികൾക്കിടയിൽ ചർച്ചകൾ ആരംഭിക്കുക. "ശരിയായ ഉത്തരങ്ങൾ" അവർക്ക് നൽകരുത്, മറിച്ച് അവരവരുടേതായ നല്ല ഉത്തരങ്ങളിലേക്ക് അവരെ നയിക്കുക. ഇതുപോലെയുള്ള പ്രയാസമേറിയ ചോദ്യങ്ങൾക്കുള്ള ഉത്തരം അദ്ധ്യാപകർക്കായി ഞങ്ങൾ ഒരു ഗൈഡ് പോലെ നൽകിയിട്ടുണ്ട്.

## പരിപാടികൾ

തുറക്കുക

- സ്വാഗതം
- പാട്ട്

നാടകവും പാഠവും

- നാടകം ഭാഗം 1
- പാഠം
- നാടകം ഭാഗം 2

പ്രവർത്തനങ്ങൾ

കുട്ടികളുടെ പുസ്തകത്തിലെ പ്രവർത്തനങ്ങൾ ചെയ്യുന്ന സമയത്തും ലഘുഭക്ഷണ സമയത്തും ജീവചരിത്ര സെക്ഷനും ജസ്റ്റിസ് സെക്ഷനും നടത്താവുന്നതാണ്

- മനപാഠവാക്യം
- കുട്ടികളുടെ പുസ്തകം
- ചോദ്യോത്തരങ്ങൾ (മുതിർന്ന കുട്ടികൾക്കായി

ഗെയിം (ഇച്ഛാനുസൃതം)

അവസാനിപ്പിക്കുക

പ്രവർത്തനം

അസ്സിസ്റ്റൻസ് കാർഡുകൾ

## ഗെയിം

കുട്ടികൾക്കൊപ്പം ഒരു ഗെയിം കളിക്കുക! കുട്ടികളിൽ അവരുടെ സാമൂഹികമായ കഴിവുകളെ വികസിപ്പിക്കുവാൻ ഗെയിം പ്രധാന പങ്ക് വഹിക്കുന്നു. അതുകൂടാതെ അവർ സന്തോഷിക്കുകയും ചെയ്യുന്നു! കൂടുതൽ കുട്ടികളെ രസകരമായ ക്ലാസിലേക്ക് ക്ഷണിക്കുവാനും, യേശുവിനെക്കുറിച്ച് കേൾക്കുവാൻ വരേണ്ടതിന് പ്രോത്സാഹിപ്പിക്കുവാനും ഇതൊരു നല്ല ഉപാധിയാണ്.

## ഹോംവർക്ക് കർത്തവ്യം

ബൈബിൾ പറയുന്ന കേൾക്കുന്ന വചനം അനുസരിക്കാതെ കേവലം കേൾക്കുക മാത്രം ചെയ്യുന്നത് നന്നല്ല (യാക്കോബ് 1:22-25). കുട്ടികൾ അവർ പഠിച്ച കാര്യങ്ങൾ അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അവരെ പരിശീലിപ്പിക്കുക. കഴിഞ്ഞ ആഴ്ചയിലെ ഹോം വർക്ക് ചെയ്ത കുട്ടിക്ക് മിഠായിയോ ചെറിയ ഒരു സമ്മാനമോ നൽകാൻ രണ്ടു മിനിറ്റ് സമയമെടുക്കുക.

## കാർഡുകൾ

ഈ കാർഡുകൾ കുട്ടികളുടെ ഹാജരിന് സമ്മാനമായി നൽകുക. ഓരോ കാർഡിന്റെ മുൻഭാഗത്ത് രസകരമായ ഒരു ഡിസൈനും പിൻഭാഗത്ത് ഒരു മന:പാഠ വാക്യവുമുണ്ട്.

# രാജത്വമോ ദാരിദ്ര്യമോ?

01



## ബേത്ലഹേമിലേക്കൊരു യാത്ര ലൂക്കോസ് 2:1-5

### നാടകം (ഒന്നാം ഭാഗം)

പ്രതിനിധി ജസ്റ്റിസ് ടീമിനൊപ്പം നേതാവിനെയും അന്വേഷകനെയും ആദ്യമായി കണ്ടുമുട്ടുന്നു. നേതാവ് ജസ്റ്റീസ് ടീമിനെക്കുറിച്ച് ഒരു ചെറു വിവരണം നൽകുന്നു. യേശുവിന്റെ ജീവിതം നേരിൽ കണ്ട് അന്വേഷിപ്പാനും നീതിയുടെ പാഠങ്ങൾ പഠിച്ച് ആധുനിക കാലഘട്ടത്തിൽ പ്രായോഗികമാക്കുവാനും ഒരു ടൈം മെഷിന്റെ സഹായത്തോടെ കാലത്തിന്റെ പിന്നിലേക്ക് യാത്ര ചെയ്യുവാനുമാണ് ഈ ജസ്റ്റീസ് ടീം. ഈ സമയ യാത്രാ മിഷനിൽ പ്രതിനിധി നേതാവിനെയും അന്വേഷകനെയും സഹായിക്കും. യേശുവിന്റെ മാതാപിതാക്കളെയും അവർ ജീവിച്ച സ്ഥലത്തേയും സമൂഹത്തേയും സന്ദർശിക്കലാണ് ഇന്നത്തെ ദൗത്യം. നേതാവ് ഓപ്പറേഷൻ കൺട്രോളർക്ക് സിഗ്നൽ നൽകുന്നു. (സ്റ്റേജിലുള്ള മറ്റൊരു അഭിനേതാവിനോ അല്ലെങ്കിൽ ഒരു സാങ്കൽപ്പിക കഥാപാത്രത്തിനോ). അന്വേഷകനോടും പ്രതിനിധിയോടും കൂടെ നേതാവ് ടൈം മെഷിനിൽ കയറുന്നു. നാടകത്തിൽ ഈ ഭാഗത്ത് ടൈം മെഷിൻ ചലിക്കുന്നു, യാത്ര ചെയ്യുന്നതുപോലെ ചില ശബ്ദങ്ങൾ മെഷീൻ പുറപ്പെടുവിക്കുന്നു. പ്രധാന പാഠം പഠിച്ച ശേഷം നാടകത്തിന്റെ രണ്ടാം ഭാഗത്തേക്ക് കഥാപാത്രങ്ങൾ പ്രവേശിക്കണം.

### പാഠം 1

ചെറുപ്പക്കാരായ ദമ്പതികൾ ദൂരമേറിയ, ചൂടുള്ള, പൊടിപിടിച്ച പാതയിലൂടെ യാത്ര ചെയ്യുന്നു. ജനസംഖ്യ എണ്ണേണ്ടതിനു എല്ലാവരും അവരവരുടെ പട്ടണത്തിലേക്ക് പോകേണമെന്ന് അവരുടെ രാജാവ് കല്പ്പിച്ചിരിക്കുന്നു. ആയതിനാൽ അവർ അവരുടെ പിതാക്കന്മാരുടെ പട്ടണമായ ബേത്ലഹേമിലേക്ക് അഞ്ചു ദിവസം വഴി ദൂരമുള്ള യാത്രയ്ക്കായി പുറപ്പെട്ടു. കാറോ, ബസ്സോ, വിമാനമോ ഒരു സൈക്കിളോ പോലും ഇല്ലാത്തതിനാൽ അവർ നടന്നു. അവർക്ക് ഒരു കഴുത ഉണ്ടായിരുന്നിരിക്കാം. എങ്കിലും അവർ നടന്നു പോകാനാണ് സാദ്ധ്യത. ഒരുപാട് ആളുകൾ അവരോടൊപ്പം നടക്കുന്നുണ്ടായിരുന്നു.

വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുമ്പോൾ യോസേഫും മറിയയും നന്നേ ചെറുപ്പമായിരുന്നു. അവർ ധനികരായിരുന്നില്ല. തടികൊണ്ട് വീട്ടുപകരണങ്ങൾ ഉണ്ടാക്കുന്ന ജോലിയായിരുന്നു യോസേഫിന്റേത് . മറിയ യൗവ്വനക്കാരിയായിരുന്നു. വിശേഷതയുളവാക്കുന്ന യാതൊന്നും അവരിൽ ഇല്ലായിരുന്നു. എന്നാൽ യോസേഫും മറിയയും വിശേഷതയുള്ളവർ ആയിരുന്നു. യിസ്രായേലിന്റെ പഴയ രാജാവായിരുന്ന ദാവീദിന്റെ പിൻതലമുറക്കാരായിരുന്നു അവർ ഇരുവരും. ദൈവത്തിൻറെ ഹൃദയപ്രകാരമുള്ള മനുഷ്യനായിരുന്ന രാജാവായിരുന്ന ദാവീദ് എന്നത് വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. പൂർവ്വ പിതാക്കന്മാർ രാജാക്കന്മാർ ആയതിനാൽ യോസേഫും മറിയയും രാജകീയ കുടുംബത്തിലെ അംഗങ്ങളാണ് എന്നാണർത്ഥം. അവർ ആരെങ്കിലുമോ അവരുടെ മക്കളിൽ ആരെങ്കിലുമോ നിയമപരമായി രാജാവായിരിക്കേണ്ടതാണ്! എന്നാൽ ഈ സമയം ആയപ്പോഴേക്കും യിസ്രായേലിന് സ്വന്തമായി ഒരു രാജാവുണ്ടായിരുന്നില്ല. കൈസർ എന്ന മറ്റൊരു രാജാവായിരുന്നു അവരെ ഭരിച്ചിരുന്നത്. കൈസറാണ് അവർ ബേത്ലഹേമിലേക്ക് വരണം എന്ന നിയമം പുറപ്പെടുവിച്ചത്.

ദൈവത്തിനായി സംസാരിക്കുന്ന പ്രവാചകന്മാർ മശിഹ ബേത്ലഹേമിൽ ജനിക്കും എന്ന് പ്രവചിച്ചിരുന്നു എന്നത് എത്ര മനോഹരമായ കാര്യമാണ്. ഇത് ദാവീദിന്റെ പട്ടണവും ഇവർ ദാവീദിന്റെ പിൻതലമുറക്കാരുമാണ്. രംഗം തയ്യാറായി കഴിഞ്ഞു. രാജാധിരാജാവായ യേശു ജനിക്കുന്ന പട്ടണത്തിലേക്ക് രാജരക്തമുള്ള ദമ്പതികൾ പോകുന്നു. ഇത് അവിചാരിതമായ സംഭവമല്ല, ദൈവത്തിന്റെ പദ്ധതിയായിരുന്നു.

അവർ രാജത്വമുള്ളവരോ സാധാരണക്കാരോ? ഇത് രണ്ടുമായിരുന്നു അവർ!

നാം ദൈവത്തിന്റെ മക്കളായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു! സത്യത്തിൽ നാം ദൈവത്തിന്റെ മകനും മകളുമായി മാറേണ്ടതിനാണ് ദൈവം യേശുവിനെ ഈ ഭൂമിയിലേക്ക് അയച്ചത്. നിങ്ങൾ ദൈവത്തിന്റെ പൈതലാണോ? താങ്കൾക്ക് ദൈവത്തെ "ഡാഡി" എന്ന് വിളിക്കാമോ?

## മന:പാഠ വാക്യം 1

*1 പത്രോസ് 2:9* നിങ്ങളാകട്ടെ, അന്ധകാരത്തിൽനിന്ന് തന്റെ അദ്ഭുതപ്രകാശത്തിലേക്ക നിങ്ങളെ വിളിച്ച ദൈവത്തിന്റെ അദ്ഭുതകരമായ പ്രവൃത്തികളെ പ്രഘോഷിക്കുന്നതിന തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധജനതയും, ദൈവത്തിന്റെ സ്വന്തജനവും ആകുന്നു.

## നാടകം (രണ്ടാം ഭാഗം)

പാഠഭാഗത്തിന ശേഷം ടൈം മെഷിനിൽ നേതാവും അന്വേഷകനും പ്രതിനിധിയും ഈ കാലത്തിലേക്ക് മടങ്ങിവരുന്നു. അവർ കണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു: യോസഫും മറിയയും സാധാരണ മനുഷ്യരെപ്പോലെ തന്നെയാണ് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായ യാതൊന്നും അവരിലില്ല. ചരിത്രത്തിലുടനീളം അറിയപ്പെടുന്ന വ്യക്തികളാകുവാനും ദൈവത്തിന്റെ പുത്രനെ പരിപാലിക്കുവാനും ദൈവം അവരെ തിരഞ്ഞെടുത്തത് അതിശയകരമാണ്. പ്രതിനിധി മറ്റുള്ളവരോടായി പറയുന്നു, താൻ എല്ലാവരേയും ഒരുപോലെ ആയിരുന്നില്ല കണ്ടത്, എന്നാൽ താൻ കണ്ടുമുട്ടുന്ന ഓരോ വ്യക്തികളും ദൈവത്തിന്റെ കണ്ണിൽ വിലയേറിയവരാണ്.

## ജസ്റ്റീസ് 1


താഴ്മയുള്ള ആളുകൾക്ക് മറ്റുള്ളവരേക്കാൾ അവകാശങ്ങളും, മൂല്യവും അല്പം മാത്രമേ ഉള്ളൂ എന്ന് ചിന്തിക്കുവാൻ എളുപ്പമാണ്. എന്നാൽ എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. എല്ലാവർക്കും ദൈവം വിലകൽപ്പിക്കുകയും യേശുവിലൂടെ മക്കളാകുവാൻ എല്ലാവർക്കും അവസരം നൽകുകയും ചെയ്തു.

## ജീവചരിത്രം (പിതാവ്) 1

ഒരു കുടുംബത്തിന്റെ ഉത്തരവാദിത്വം പ്രധാനമായും വഹിക്കുന്ന ആളാണ് പിതാവ്. കുട്ടികളെ കരുതുവാനും പരിശീലിപ്പിക്കുവാനും അമ്മയെ സഹായിക്കുക എന്നത് മാത്രമല്ല, അവരെ പുലർത്തുന്നതിനുള്ള വഴിയും പിതാവിൻറെ ഉത്തരവാദിത്വമാണ്. ഓരോ കുട്ടിയുടേയും വിശേഷ ആവശ്യങ്ങൾ പോലും ഒരു പിതാവ് അറിഞ്ഞിരിക്കണം. പിതാവും മാതാവും ആ വിശേഷ കഴിവിനെ വികസിപ്പിക്കണം.

*ഉത്തരവാദിത്വങ്ങൾ*: ഒരു പിതാവ് തീർച്ചയായും കുടുംബത്തിലെ ഓരോ വ്യക്തികളുടെയും വ്യക്തിപരമായ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും മുൻഗണന നൽകണം. പലപ്പോഴും അമ്മമാരാണ് കുഞ്ഞുങ്ങളുമായി നേരിട്ട് ഇടപെടുന്നത്, അച്ഛന് അമ്മയെ ആ പ്രവർത്തികളിൽ സഹായിക്കുവാൻ കഴിയും. അമ്മയെ മാനസികമായും ശാരീരികമായും എങ്ങനെ സഹായിക്കുവാൻ കഴിയും എന്ന് അച്ഛൻ അറിഞ്ഞിരിക്കണം. അച്ഛന്റെ ജോലിയും ജീവിതത്തിലെ ഓരോ തിരഞ്ഞെടുപ്പുകളും അദ്ദേഹത്തെ മാത്രമല്ല അമ്മയേയും കുഞ്ഞുങ്ങളേയും ബാധിക്കുന്നു എന്ന കാര്യവും അച്ഛൻ അറിഞ്ഞിരിക്കണം.

*അവസരങ്ങൾ*: കുടുംബത്തെ ഫലകരമായ ഒരു കുടുംബമാക്കിത്തീർക്കുന്നതിൽ പിതാവിന് ഒരു വലിയ അവസരമുണ്ട്. സങ്കീർത്തനം 127:4-5 പറയുന്ന വീരന്റെ കയ്യിലെ അസ്ത്രങ്ങൾ എങ്ങനെയോ, അങ്ങനെയാകുന്ന യൗവ്വനത്തിലെ മക്കൾ, അബ്രഹാമിന്റെ പിതാവായ തെരഹ്, (ഉല്പത്തി 11:31) കനാനിൽ കുടുംബത്തിനായുള്ള വലിയ നന്മ മുൻകൂട്ടി കണ്ടിരുന്നിരിക്കാം. അവൻ സംസ്കാര സമ്പന്നനായ ഊർ പട്ടണം വിട്ടു മറ്റൊരു സ്ഥലത്തെത്തി അവിടെ ഒരു പട്ടണം പണിതു. എന്നാൽ വാഗ്ദത്ത ദേശമായ കനാനിലേക്ക് ഇനിയും അധിക ദൂരം യാത്ര ചെയ്യുവാനുള്ള തുറന്ന മനസ്സ് അബ്രഹാമിനുള്ളതായി കാണുവാൻ കഴിയുന്നു. പുതുതലമുറയ്ക്ക് വലിയ പ്രചോദനമാകുവാൻ ഒരു പിതാവിന് കഴിയും.



## ചോദ്യോത്തരങ്ങൾ 1

ഞാൻ ഒരു ദൈവപൈതലാണെന്ന് എനിക്ക് എങ്ങനെ അറിയാൻ കഴിയും (യോഹന്നാൻ 1:12-13 വരെയുള്ള അദ്ധ്യായം വായിക്കുവാനും ചർച്ച ചെയ്യുവാനും കുട്ടികളോട് ആവശ്യപ്പെടുക).
ഞാൻ എന്തെങ്കിലും തെറ്റ് ചെയ്യുമ്പോൾ ദൈവത്തിന്റെ അനുഗ്രഹം എനിക്ക് നഷ്ടപ്പെടുമോ? (അതെ... സമൂഹത്തിൽ തങ്ങൾക്കു തന്നേ വിലയില്ലാത്തതിനാൽ സകലവും നഷ്ടപ്പെട്ട പലരും ദൈവാനുഗ്രഹത്തിനായി പ്രയത്നിക്കുന്നുണ്ട്)
ദൈവം എന്നിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നത്? (നമുക്കെല്ലാവർക്കും ദൈവത്തിൻറെ വരങ്ങളും വ്യത്യസ്തങ്ങളായ കഴിവുകളും ഉണ്ട്, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ദൈവ മഹത്വം ഈ ഭൂമിയിൽ

വെളിപ്പെടുത്തുവാനും ദൈവത്തിനായി നമ്മെ കൂടുതൽ വ്യക്തികളുടെ അടുത്തേക്ക് അയയ്ക്കുവാനും ദൈവത്തിന് നമ്മെ ഉപയോഗിക്കുവാൻ കഴിയും. നമ്മുടെ കഴിവുകൾക്ക് അതീതമായും ദൈവം നമ്മെ ഉപയോഗിക്കും. നമ്മുടെ ബലഹീനതകളിൽ കൂടിയും ദൈവത്തിന് തന്റെ മഹത്വം ചിലപ്പോൾ വെളിപ്പെടുത്താം. ദൈവം ആവശ്യപ്പെടുന്നതെന്തും ചെയ്യുവാൻ ഒരുക്കമുള്ളതും തയ്യാറുള്ളതുമായ ഒരു ഹൃദയത്തെ ദൈവം വളരെ പരിപാലിക്കും.


യോസേഫിനും മറിയയ്ക്കും പോകേണ്ടിയിരുന്ന പട്ടണം ഏത്? (ബേത്ലഹേം)

യോസേഫിന്റെയും മറിയയുടെയും കാലത്ത് ട്രെയിൻ ഉണ്ടായിരുന്നുവോ? (ഇല്ല, കഴുതകൾ വലിച്ചുകൊണ്ടുപോയിരുന്ന വണ്ടി, കുതിര, ഒട്ടകം എന്നിവ മാത്രമായിരുന്നു ഉണ്ടായിരുന്നത്)

## പദപ്രശ്നം ഉത്തരം 1










## ഗെയിം 1

### *ചാക്കിൽ ഓട്ടം*

വലിയ ചാക്കുകൾ സംഘടിപ്പിക്കുക, കിഴങ്ങുവർഗ്ഗങ്ങൾ കൊണ്ടുവരുന്ന ചാക്കുകൾ പോലെയുള്ളതായിരിക്കണം. മത്സരാർത്ഥി ചാക്കിനുള്ളിൽ കയറി നിന്ന് തുടക്കം വരച്ചിരിക്കുന്ന വരയിൽ നിന്നും അവസാനിക്കുന്ന വരവരെ ചാടിയെത്തണം. തുടക്കത്തിലെ വരയ്ക്ക് ഗലീലി എന്നും ഒടുക്കത്തിലെ വരയ്ക്ക് ബെത്ലഹേം എന്നും പേര് നൽകി ഗെയിമിനെ ബൈബിൾ കഥയുമായി ബന്ധിപ്പിക്കാം. ഒരുപാട് കുട്ടികൾ ഉണ്ടെങ്കിൽ, നല്ല സ്വഭാവമുള്ള കുട്ടികൾക്കുള്ള പ്രതിഫലമായി അവരെ തിരഞ്ഞെടുത്ത് ഈ ഗെയിം നടത്താം. കുട്ടികളെ ടീമായി തിരഞ്ഞെടുത്ത് ഓട്ട മത്സരവും നടത്താം.






## ഹോം വർക്ക് 1

നിങ്ങളൊരു സാധാരണ വ്യക്തിയാണെന്ന് കാണിക്കുന്ന അഞ്ച് കാര്യങ്ങളും ദൈവകുടുംബത്തിലെ അംഗം ആയതിനാൽ രാജകീയ കുടുംബത്തിലെ അംഗമാണെന്ന് കാണിക്കുന്ന അഞ്ചു കാര്യങ്ങളും എഴുതുക. ഉദാഹരണം: എന്റെ പട്ടണത്തിലെ ആർക്കും തന്നേ എന്റെ പേര് അറിയില്ല, ദൈവത്തിന് എന്നെ അറിയാം, അവിടുത്തെ ജീവന്റെ പുസ്തകത്തിൽ എന്റെ പേര് എഴുതിയിരിക്കുന്നു.

# ഒരു ആത്മാർത്ഥ സ്നേഹിതൻ

02



## യോസേഫ് മറിയയെ വിവാഹം കഴിച്ചു മത്തായി 1:18-25

### നാടകം (ഒന്നാം ഭാഗം)

ടൈം മെഷീന്റെ മെക്കാനിസം സംബന്ധിച്ച് നേതാവിന് ഒന്നും അറിയില്ല എന്ന ഒരു ദുശ്രുതി പ്രതിനിധി അന്വേഷകനോടു പങ്കിടുന്നു. യേശുവിന്റെ ജീവചരിത്രം കാണുവാൻ വേണ്ടി കാലത്തിനു പുറകിലേക്ക് സഞ്ചരിച്ച ടീം ഈ കാലത്തിലേക്ക് മടങ്ങി വരുവാൻ കഴിയാതെ ടൈം മെഷീനുള്ളിൽ ഇരുന്ന് നേതാവിനെ സംശയിക്കുന്നു.

### പാഠം 2

യോസേഫിന് ഒരു വലിയ പ്രശ്നം ഉണ്ടായി. യോസേഫ് ഒരു പെൺകുട്ടിയുമായി വിവാഹ നിശ്ചയം കഴിഞ്ഞു. എന്നാൽ അവർ ഒരു ശിശുവിന് ജന്മം നൽകുവാൻ പോകുന്നു. വിവാഹം കഴിഞ്ഞവർക്കാണ് കുഞ്ഞുങ്ങൾ ഉണ്ടാകുന്നത് എന്ന് നമുക്കെല്ലാവർക്കും അറിയാം. മറിയയ്ക്ക് അപമാനം വരുത്താതെ ഇരിക്കുവാൻ വിവാഹത്തിൽ നിന്നും പിന്മാറുവാൻ യോസേഫ് തീരുമാനിച്ചു. എന്നാൽ യോസേഫിന് സ്വപ്നത്തിൽ ദൂതന്റെ അരുളപ്പാട് ഉണ്ടായി: മറിയ നിമിത്തം ഭയപ്പെടേണ്ട, ആ ശിശു ദൈവത്തിൽ നിന്നും ഉളവായതാകുന്നു. ജനങ്ങളെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കുകകൊണ്ട് അവന് യേശു എന്ന് പേരിടണം എന്ന് പറയുകയും ചെയ്തു. ആയതിനാൽ യോസേഫ് അങ്ങനെ ചെയ്തു. യോസേഫ് മറിയയ്ക്ക് എത്ര നല്ല സ്നേഹിതൻ ആയിരുന്നു! മറിയയെക്കുറിച്ച് ഏറ്റവും നല്ലത് ചിന്തിച്ച് അവൾക്കൊപ്പം യോസേഫ് നിന്നു.

നിങ്ങൾ ചെയ്യാത്ത ഏതെങ്കിലും ഒരു കുറ്റത്തിന് എന്നെങ്കിലും നിങ്ങൾ കുറ്റപ്പെടുത്തൽ കേട്ടിട്ടുണ്ടോ? സത്യമല്ലാത്ത ഒരു കാര്യത്തിൽ നിങ്ങൾ അപവാദം കേട്ടിട്ടുണ്ടോ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിങ്ങളെ വിശ്വസിക്കുന്ന, നിങ്ങൾക്കുവേണ്ടി എതിർത്തു നിൽക്കുന്ന ഒരു നല്ല സ്നേഹിതൻ നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ?

സമൂഹത്തിൽ ഒരു അപവാദം നമ്മെക്കുറിച്ച് സോഷ്യൽ മീഡിയാ വഴിയോ മറ്റു മാർഗ്ഗങ്ങളിലൂടെയോ ഉണ്ടാകുവാൻ വളരെ എളുപ്പമാണ് തെറ്റായ ഒരുപാട് അപവാദങ്ങളും കുറ്റങ്ങളും നമുക്ക് ചുറ്റും സഞ്ചരിക്കുന്നുണ്ട്. ഇത് ഒരു വ്യക്തിയെ വല്ലാതെ മുറിവേൽപ്പിച്ചേക്കാം. ആർക്കെങ്കിലും ഒരു നല്ല സ്നേഹിതനായിരിക്കുവാൻ നിങ്ങൾക്ക് കഴിയും! മറ്റുള്ളവരെക്കുറിച്ചുള്ള അപവാദങ്ങളും ദുശ്രുതികളും നിങ്ങൾ അംഗീകരിക്കരുത്. പകരം ആർക്കെങ്കിലും ഒരു നല്ല സ്നേഹിതനായിരിക്കുവാൻ നിങ്ങൾക്ക് കഴിയും! മറ്റുള്ളവരെക്കുറിച്ചുള്ള അപവാദങ്ങളും ദുശ്രുതികളും നിങ്ങൾ അംഗീകരിക്കരുത്. പകരം, ഒരു നല്ല സ്നേഹിതനായിരിക്കുക. വല്ലാതെ കുറ്റപ്പെടുത്തൽ കേട്ട വ്യക്തികൾക്കായി എഴുന്നേല്ക്കുക. മറ്റൊരാളെക്കുറിച്ച് മോശമായ നിലയിൽ ഓൺലൈനിൽ ഒന്നും ചിത്രീകരിക്കരുത്. മോശമായ ഒരു സന്ദേശവും അയയ്ക്കരുത്.

ഇപ്രകാരം ഒരു സ്നേഹിതനാണ് യേശു. 1 യോഹന്നാൻ 2:1 പറയുന്നു, നമ്മെക്കുറിച്ചുള്ള നല്ല വസ്തുതകൾ പറഞ്ഞുകൊണ്ട് എപ്പോഴും പുത്രൻ പിതാവിൻറെ അടുക്കൽ ഇരിക്കുന്നു.

### മന:പാഠം 2

*യാക്കോബ് 4:11* സഹോദരരേ, നിങ്ങൾ അന്യോന്യം ദുഷിക്കരുത്. സഹോദരനെ ദുഷിക്കുകയും വിധിക്കുകയും ചെയ്യുന്നവൻ നിയമസംഹിതയെ ദുഷിക്കുകയും വിധിക്കുകയും ചെയ്യുന്നു. നീ നിയമത്തെ വിധിക്കുന്നവനാണെങ്കിൽ അതിനെ അനുസരിക്കുന്നവനല്ല, പ്രത്യുത വിധികർത്താവാണ്.

## നാടകം (രണ്ടാം ഭാഗം)

പ്രധാന പാഠത്തിനുശേഷം, അവർ ഈ കാലത്തിലേക്ക് മടങ്ങിവരാൻ തയ്യാറാകുമ്പോൾ ടൈം മെഷീൻ തകരാറിലായി പ്രവർത്തനക്ഷമതയില്ലാതെയാകുന്നു. പ്രതിനിധിയ്ക്ക് എന്തു ചെയ്യണം എന്നറിയില്ല, എന്നാൽ നേതാവ് വേഗം മെഷീൻ പിന്നിലേക്ക് പോയി അത് പ്രവർത്തിക്കുന്നതുവരെ മെക്കാനിക്ക് പ്രവർത്തനത്തിൽ ഏർപ്പെടുന്നു. അവർ ഈ കാലത്തിലേക്ക് മടങ്ങി വരുമ്പോൾ, അവർ നേതാവിനെക്കുറിച്ച് അപവാദം പറഞ്ഞു എന്നും അപവാദങ്ങൾ പറഞ്ഞു നടക്കുവാൻ പാടില്ല എന്നും തിരിച്ചറിഞ്ഞു


## ജസ്റ്റിസ് 2.

പലപ്പോഴും, നാം മറ്റുള്ളവരുടെ കുറ്റം കണ്ടെത്താറുണ്ട്. ഇത് നല്ലതാണെന്ന് നമുക്ക് തോന്നാറുണ്ട്. നാം ശരിയാണ് എന്നതാണ് പലപ്പോഴും നമ്മുടെ ചിന്ത എന്നാൽ നാം എല്ലാവരും പാപം ചെയ്തു ഭാഗ്യവശാൽ നമ്മുടെ പാപങ്ങളിൽ നിന്നും മോചിപ്പാൻ ദൈവം നമുക്ക് രക്ഷ വാഗ്ദാനം ചെയ്തു രക്ഷിക്കപ്പെടാത്ത വ്യക്തികൾ മാനസാന്തരപ്പെടും എന്ന പ്രതീക്ഷയോടെ ദൈവം അവരെ സ്നേഹിക്കുന്നു. ദൈവം ചെയ്തതുപോലെ നാം മറ്റുള്ളവരെ കാണുവാനും ഇടപെടുവാനും ഇടയാകണം.

## ജീവചരിത്രം (വക്കീൽ) 2

ഒരു വക്കീലിന്റെ ജോലി എന്നത് മറ്റൊരാളോട് എതിർക്കുക എന്നതാണ്. ഇതാണ് നിങ്ങളുടെ ജോലി എങ്കിൽ ആളുകളെ രക്ഷയിലേക്ക് കൊണ്ടുവരുവാൻ ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട് എന്ന് തോന്നുന്നുവോ? പാവപ്പെട്ട ആളുകളോടും ദരിദ്രന്മാരോടും മര്യാദയില്ലാതെ പെരുമാറുന്നവരുണ്ട് അവർക്ക് തങ്ങളെത്തന്നെ രക്ഷിക്കുവാൻ കഴിയുകയില്ല. *സങ്കീ. 82:3 എളിയവനും അനാഥനും ന്യായം പാലിച്ചു കൊടുപ്പിൻ, എളിയവനെയും ദരിദ്രനെയും രക്ഷിപ്പിൻ.*

*ഉത്തരവാദിത്വങ്ങൾ:* ഒരു വക്കീൽ തീർച്ചയായും നിയമങ്ങൾ അറിഞ്ഞിരിക്കണം. സമൂഹത്തിൽ കോടതി മുഖാന്തിരം എന്തെല്ലാം സംഭവങ്ങൾ നടക്കുന്നു എന്നതും കൂടെ അറിയേണ്ടതാണ്. ഒരു വ്യക്തി ദരിദ്രനെ അടിച്ചമർത്തുന്നതും ഒരു ദരിദ്രൻ മറ്റൊരാളെ വഞ്ചിക്കുന്നതും തമ്മിൽ തിരിച്ചറിയുവാൻ പ്രയാസമാണ്.



*അവസരങ്ങൾ:* പരിശീലനം ലഭിക്കപ്പെട്ട ഒരു വക്കീൽ തന്റെ പദവി സമൂഹത്തിൽ ഉയർത്തുവാൻ ആഗ്രഹിക്കുന്നു. തന്നിലൂടെയുള്ള സുരക്ഷ തന്റെ കക്ഷികൾക്ക് മാത്രമല്ല പൊതു സമൂഹത്തിനുമുണ്ട് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു. എല്ലാവരോടും സംസാരിക്കുവാനുള്ള ഒരു സാമർത്ഥ്യം ഉള്ളവരായി അവർ മാറുന്നു. ആയതിനാൽ ദൈവീകമായ വിഷയത്തിലും ഉറച്ചു നിന്ന് ആശയവിനിമയം നടത്തുവാൻ ഇക്കൂട്ടർക്ക് കഴിയും. സമൂഹത്തിനുള്ളിൽ നടക്കുന്ന കാര്യങ്ങളെ അവർ നന്നായി അറിയുന്നു. കാര്യങ്ങൾ എത്ര നന്നായി ചെയ്യാൻ കഴിയും എന്ന തീരുമാനവും വേഗത്തിൽ എടുക്കുന്നു.


## ചോദ്യോത്തരങ്ങൾ 2

1. യേശുവാണ് എന്റെ വക്കീൽ എങ്കിൽ, എനിക്ക് ചെയ്യേണ്ടതെന്തും ചെയ്യുവാൻ കഴിയുമോ? ദൈവവുമായി എപ്പോഴും ശരിയായ നിലയിൽ തുടരുവാൻ കഴിയുമോ? (നാം പാപക്ഷമ ദൈവത്തോട് ചോദിക്കുമ്പോൾ എത്ര മോശമായ പാപമാണെങ്കിലും ദൈവം നമ്മോട് ക്ഷമിക്കുന്നു. യേശു ക്രിസ്തു വളരെ വ്യക്തമായി പറയുന്നത്, നമ്മുടെ ഇഷ്ടപ്രകാരം സകലവും ചെയ്തു ശേഷം ദൈവവുമായി ഒരു നല്ല ബന്ധത്തിൽ തുടരുവാൻ നമുക്ക് കഴിയില്ല. സ്വർഗ്ഗത്തിൽ പോകുവാനുള്ള വഴിയാണ് യേശുക്രിസ്തുവിലുള്ള വിശ്വാസം. നമ്മുടെ നല്ല പ്രവർത്തികളാലല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് സ്വർഗ്ഗത്തിൽ നമ്മെ എത്തിക്കുന്നത്. ഒരുവൻ യേശുവിൽ വിശ്വസിക്കുമ്പോൾ ആ വ്യക്തിയുടെ ഹൃദയത്തിൽ നല്ല ഫലം കായ്ക്കേണ്ടതിന് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. നമ്മുടെ രക്ഷയ്ക്കായി  ഭയത്തോടും വിറയലോടും കൂടെ പ്രവർത്തിപ്പാനാണ് പൗലോസ് പറയുന്നത്. നമുക്ക് നമ്മെത്തന്നെ രക്ഷിപ്പാൻ കഴിയുകയില്ല. രക്ഷയ്ക്കായി ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്ക് കഴിയും.
2. മോശമായ ആളുകൾ ഉണ്ടാകുന്നതിന് കാരണമെന്ത്?
അനേക ആളുകൾ ദൈവത്തിലോ ദൈവവചനത്തിലോ വിശ്വസിക്കുന്നില്ല. വിശ്വാസത്തിന്റെ പ്രതിഫലമാണ് നിത്യതയിൽ നമുക്ക് ലഭിക്കുന്നത്. ചില ആളുകൾക്ക് കഠിനവും കയ്പുള്ളതുമായ ഹൃദയമാണുള്ളത്. അവർ ദൈവത്തേയും ദൈവജനത്തെയും തള്ളിക്കളയുന്നു. പലപ്പോഴും ആളുകൾ തങ്ങളുടെ ഹൃദയത്തിൽ ഏറ്റ മുറിവുകൾ നിമിത്തം മറ്റുള്ളവരേയും മുറിവേൽപ്പിക്കുന്നു. ഉദാഹരണമായി, ഒരുവൻ കമ്പ്യൂട്ടർ വിവരങ്ങൾ


ചോർത്തുവാൻ ശ്രമിച്ചിട്ട് അതിന്ന തകരാർ സംഭവിച്ചാൽ മറ്റുള്ളവർക്കെതിരെ പ്രവർത്തിച്ചതിൽ സുരക്ഷയില്ലായ്മ അനുഭവിച്ചേക്കാം. ദൈവത്തിന്റെ സ്നേഹം വലുതും അതിശയകരവും നിർമ്മലവുമാണ്. ലോകത്തിൽ അത് മനസ്സിലാക്കാനോ അംഗീകരിക്കാനോ കഴിയുകയില്ല.

3. ഒരു അപവാദം യാഥാർത്ഥ്യമാണോ എന്ന് എങ്ങനെ അറിയാം? ആ അപവാദത്തോട് എങ്ങനെയാണ് പ്രതികരിക്കേണ്ടത്?
   നാം ഒരിക്കലും അപവാദം പറയാൻ പാടില്ല. അത് സത്യമാണെങ്കിലും നുണയാണെങ്കിലും. മറ്റുള്ളവരെ സംരക്ഷിക്കേണ്ട ചുമതലയുള്ളവർ ആയിരിക്കാം അവരെക്കുറിച്ച് പലപ്പോഴും അപവാദങ്ങൾ പറഞ്ഞു പരത്തുന്നത്. ചെറുപ്പക്കാർ എന്ന നിലയിൽ, പിതാവിനോടോ മാതാവിനോടോ അദ്ധ്യാപകനോടോ അപവാദങ്ങളെ തിരിച്ചറിയുന്നത് എങ്ങനെ എന്ന് ചോദിച്ച് മനസ്സിലാക്കുക.
4. യോസേഫ് എന്ത് അപകടമാണ് അഭിമുഖീകരിച്ചത്? ഒടുവിൽ എന്തു ഗുണമാണ് ഉണ്ടായത്?
   പ്രാദേശികവും താല്ക്കാലികവുമായ സൽപ്പേര്, ജോലി, വീട്, ഭാവിയിലെ നേതൃത്വം... ദൈവപുത്രനെ വളർത്തുന്നത്, വേദപുസ്തകത്തിലെ പേര്, നിത്യതയിലെ നീതിമാൻ എന്ന പേര്.
5. യോസേഫിന്റെ സ്വപ്നത്തിൽ എന്താണ് സംഭവിച്ചത്?
   മറിയയെ ഭാര്യയായി സ്വീകരിപ്പാൻ പറയുന്ന ഒരു ദൂതനെ യോസേഫ് സ്വപ്നത്തിൽ കണ്ടു.

## പദപ്രശ്നം ഉത്തരം2






## ഗെയിം

***ഓട്ടമത്സരം***

കുട്ടികളെ ടീമായി തരം തിരിക്കുക. മുറിയുടെ അങ്ങേ അറ്റത്തായി ഒരു ബോർഡോ വലിയ ഷീറ്റ് പേപ്പറോ വയ്ക്കുക. 'ഗോ' എന്ന് നിങ്ങൾ പറയുമ്പോൾ ഇരു ടീമിലെയും ഒരംഗം മുന്നോട്ട് ഓടി ബോർഡിൽ മന:പാഠ വാക്യത്തിന്റെ ആദ്യത്തെ വാക്ക് എഴുതണം. ആ കുട്ടി വേഗം തിരികെ ഓടി എത്തി അടുത്ത ടീം അംഗത്തിന്റെ കയ്യിലേക്ക് പേന കൈമാറണം. ആ അംഗം ഓടി ബോർഡിനടുത്തെത്തി അവിടെ ആ വാക്യത്തിന്റെ രണ്ടാമത്തെ വാക്ക് എഴുതണം. അങ്ങനെ ആ വാക്യം തീരും വരെ തുടരണം. ആദ്യം വാക്യം എഴുതി തീർക്കുന്ന ടീം വിജയിക്കും.






## ഹോം വർക്ക്

ഒരുവനെക്കുറിച്ച് ഈ ആഴ്ച ഒരു അപവാദം കേൾക്കുന്നു എങ്കിൽ ഇതൊരു അപവാദ പ്രചരണം ആണെന്നും ആ വ്യക്തിയെക്കുറിച്ച് മറ്റു നല്ല കാര്യങ്ങൾ ഉണ്ടെന്നും തുറന്നു പറയണം.

# രാജകീയ ജനനമോ ലളിതമായ ജനനമോ? 03

## യേശുവിന്റെ ജനനം: ലൂക്കോസ് 2:4-20



### നാടകം (ഭാഗം 1)

നേതാവ് ഇന്നത്തെ പരിപാടികൾ അന്വേഷകനുമായും പ്രതിനിധിയുമായും പങ്ക് വയ്ക്കുന്നു. അന്വേഷകന് പരിചയ സമ്പന്നത ഉള്ളതിനാൽ ശിശുവായ യേശുവിനെ കാലിത്തൊഴുത്തിൽ ചെന്നു കാണുവാൻ തനിക്ക് കഴിയും എന്ന് ചിന്തിക്കുന്നു. എന്നാൽ അന്വേഷകനും പ്രതിനിധിയും ആട്ടിടയന്മാർക്കൊപ്പം നിൽക്കുമ്പോൾ താൻ പുൽക്കൂട്ടിൽ ചെന്നു ശിശുവിനെ കാണാം എന്ന് നേതാവ് അഭിപ്രായപ്പെടുന്നു. അടുത്ത ദൗത്യത്തിനായി അവർ പോകാൻ തയ്യാറാകുമ്പോൾ അന്വേഷകൻ ദേഷ്യസ്വഭാവം കാണിക്കുന്നു.

### പാഠം 3

ആടുകൾ ബുദ്ധിയുള്ള ജീവികളല്ല, എന്നാൽ അവർ നന്നായി ഭക്ഷിക്കും. അതിനാൽ അവരെ നന്നായി പാലിക്കണം. ആടിനെ പരിപാലിക്കുക എന്നത് ബുദ്ധിമുട്ടുള്ള ഒരു കാര്യമല്ല. ഒരു കോളേജ് വിദ്യാഭ്യാസമോ, പ്രത്യേക പരിശീലനമോ പണച്ചിലവോ ഒന്നും ആവശ്യമില്ലാത്ത ഒരു കാര്യമാണിത്. എന്നാൽ ധൈര്യവും വിശ്വസ്തതയും ഉണ്ടായിരിക്കണം. ഒരു ഇടയനും ഒരിക്കലും ഒരു ദിവസംകൊണ്ട് ഇടയൻ ആയിത്തീരുന്നില്ല. ഇതൊരു വളരെ വിരസമായ ജോലിയാണ്.
ലൂക്കോസ് 2:8-20 വായിക്കുക
സാധാരണക്കാരായ ഒരു കൂട്ടം ആളുകളോട് യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കണം എന്ന് ദൈവം തീരുമാനിച്ചു. ഞാനായിരുന്നുവെങ്കിൽ ഒരു കൂട്ടം മതപുരോഹിതന്മാരോടോ പ്രശസ്തരായ ഒരു കൂട്ടം ആളുകളോടോ പറയുമായിരുന്നു. എന്നാൽ ദൈവം ഇടയന്മാരെയാണ് തിരഞ്ഞെടുത്തത്.
തന്റെ ജീവിതത്തിൽ ഉടനീളം യേശു സമ്പന്നന്മാരോടും പ്രശസ്തരായ ആളുകളോടും ഒപ്പം ആയിരുന്നില്ല സമയം ചിലവഴിച്ചിരുന്നത്. മറിച്ച് സാധാരനക്കാരോടൊപ്പമായിരുന്നു.
എന്തുകൊണ്ടാണ് യേശു ഇങ്ങനെ ചെയ്തത്? യേശു വന്നത് കേവലം സമ്പന്നരേയും ശക്തരേയും പ്രശസ്തരേയും മാത്രം രക്ഷിപ്പാൻ ആയിരുന്നില്ല. സകല മനുഷ്യരേയും രക്ഷിപ്പാനാണ് യേശു വന്നത്. നമുക്കെല്ലാവർക്കും യേശുവിനെ നമ്മുടെ സ്നേഹിതനായി കാണുവാൻ കഴിയും.
വളരെ വിശേഷമായ വസ്ത്രം യേശുവിന് ആവശ്യപ്പെടാമായിരുന്നു. എന്നാൽ ആവശ്യമായിരുന്നതിൽ അധികമൊന്നും യേശു ആവശ്യപ്പെട്ടിട്ടില്ല. അനേക ദാസന്മാരെ തനിക്ക് വേണ്ടി ഉപയോഗിക്കാമായിരുന്നു. അതിനു പകരം താൻ തന്നെ ദാസനായി മറ്റുള്ളവരെ ശുശ്രൂഷിച്ചു. മനോഹരമായ നിലം തനിക്ക് സ്വന്തമാക്കാമായിരുന്നു. പക്ഷേ ബൈബിൾ പറയുന്നു, യേശുവിന് തലചായ്ക്കുവാൻ പോലും സ്വന്തമായി സ്ഥലമില്ലായിരുന്നു. സമൃദ്ധമായ ഭക്ഷണം കഴിക്കാൻ യേശുവിന് കഴിയുമായിരുന്നു. എന്നാൽ മറ്റാരുടെയോ വിരുന്നു വീട്ടിൽ വീഞ്ഞുണ്ടാക്കി എല്ലാവർക്കും നൽകി. യേശുവുമായി ബന്ധം സ്ഥാപിക്കുവാൻ ധനമോ ശക്തിയോ നമുക്ക് ഉണ്ടായിരിക്കണം എന്ന തോന്നൽ ശരിയല്ല.

### മന:പാഠ വാക്യം 3

*2 കൊരിന്ത്യർ 8:9* നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിവുള്ളതാണല്ലോ; തന്റെ ദാരിദ്ര്യം മുഖേന നിങ്ങൾ സമ്പന്നരാകുന്നതിനുവേണ്ടി, സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി അവിടുന്നു സ്വയം ദരിദ്രനായിത്തീർന്നു.

### നാടകം (രണ്ടാം ഭാഗം)

അവർ തങ്ങളുടെ ദൗത്യത്തിൽ നിന്നും ടൈം മെഷീനിൽ മടങ്ങിയെത്തി. അന്വേഷകനും പ്രതിനിധിയും ഇടയന്മാരോടൊപ്പം പാടി ദൂതന്മാരുടെ മനോഹര ഗാനത്തെ വർണ്ണിക്കുമായിരുന്നു. അവിടെ വച്ച് പകർത്തിയ ചിത്രങ്ങൾ പരസ്പരം പങ്കിടുന്നു. ഈ ദൗത്യ യാത്ര ഇപ്രകാരം അനുഭവപ്പെടുന്നു എന്ന് നേതാവ് അന്വേഷകനോട് ചോദിക്കുന്നു. അവൾ ഇപ്രകാരം പറയുന്നു, ഇടയന്മാരോടൊപ്പം ഒരുപാട് സമയം പുറത്ത് കാത്ത് നിന്നു. ദൂതന്മാർ പാടുന്നത് മാത്രമല്ല താൻ കണ്ടത്, ഇടയന്മാരെ പിന്തുടർന്ന് ചെന്നു ശിശുവായ യേശുവിനേയും കണ്ടു. യേശുവിന്

അർഹതപ്പെട്ടത് ആണെങ്കിലും താൻ ബഹുമാനം ആവശ്യപ്പെടാഞ്ഞതു പോലെ, നമുക്കും താഴ്മയുള്ളവരായി മാറാം. രാജാവിനെയോ, രാജ്ഞിയെയോ പരിചരിക്കുന്നതു പോലെയുള്ള പരിചരണം ആവശ്യപ്പെടാതെയിരിക്കാം.

## ജസ്റ്റിസ് 3


Just as Jesus did not demand to be honored even though He deserved it, we can be humble, not demanding we be treated like the kings and queens God has made us.

## ജീവചരിത്രം (ഇടയന്മാർ) 3

പുതുതായി ജോലി തേടിയിറങ്ങുന്നവർക്കുള്ള മനോഹരമായ ഒരു ജോലിയാണ് ഇടയന്മാരുടെ ജോലി. മോശയും ദാവീദും ഇടയന്മാരുമായിരുന്നു. യേശുവിന്റെ ജനനം അറിയിക്കുവാൻ ദൈവം ദൂതന്മാരെ അയച്ചത് ഇടയന്മാരുടെ അടുത്തേക്കാണ്.

*ഉത്തരവാദിത്വങ്ങൾ*: ഒരു ഇടയൻ തീർച്ചയായും ആർക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത് അവരുടെ ഇഷ്ടങ്ങളെ അറിഞ്ഞിരിക്കണം. അവരെ പച്ചപുൽപ്പുറങ്ങളിലേക്ക് നടത്തണം, തിരികെ വീട്ടിൽ എത്തിക്കണം. മറ്റു മൃഗങ്ങളിൽ നിന്നും അപകടകരമായ ചെടികൾക്കിടയിൽ നിന്നും വല്ലാത്ത കാലാവസ്ഥകളിൽ നിന്നും അപകടകരമായ ഭൂപ്രദേശങ്ങളിൽ നിന്നും ഇടയൻ ആടുകളെ രക്ഷിച്ചിരിക്കണം. ആട്ടിൽ ഒരെണ്ണം നഷ്ടപ്പെട്ടുവോ എന്ന് അറിയുവാൻ, കുറ്റിച്ചെടികൾക്കിടയിൽ കുടുങ്ങിയോ എന്നറിയുവാൻ, കള്ളൻ മോഷ്ടിച്ചുവോ എന്നറിയുവാൻ ഒരിടയൻ ആടുകളുടെ പാതയെ ശ്രദ്ധയോടെ വീക്ഷിച്ചിരിക്കണം. *അവസരങ്ങൾ*: ഒരു ഇടയൻ എന്ന നിലയിൽ ആടുകളെക്കുറിച്ച് പഠിക്കുകയും അവയെ എങ്ങനെ പരിപാലിക്കാം എന്ന് അറിഞ്ഞിരിക്കുകയും വേണം. നല്ല ഭക്ഷണം അവർക്ക് നല്ല വളർച്ച നൽകും. അപകടങ്ങളിൽ നിന്നും രക്ഷിക്കുന്നതു നിമിത്തം നിങ്ങളുടെ ജോലി വളരെ എളുപ്പമായിരിത്തീരുന്നു. കാത്തിരിപ്പിന്റെ സമയത്ത് സൺഡേ സ്കൂൾ പഠനോപകരണങ്ങൾ കൊണ്ടുവരാം. മന;പാഠ വാക്യങ്ങൾ ഓർത്തെടുക്കാം, പാഠഭാഗത്തെക്കുറിച്ച് ചിന്തിക്കാം, ആ പാഠങ്ങൾ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കാം എന്ന് ചിന്തിക്കാം.

## ചോദ്യോത്തരങ്ങൾ 3




1. എല്ലാവരുമായി നല്ല ബന്ധം പുലർത്തുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ശരിയല്ലേ? (അയൽക്കാരെ സ്നേഹിക്കുക എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക. ബൈബിൾ പറയുന്നു കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ (റോമർ 12:18), എന്നാൽ നാം ദൈവത്തെ മറ്റുള്ളവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല അനുഗമിക്കേണ്ടത്. (യോഹന്നാൻ 21:22) ഈ പശ്ചാത്തലങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക, അവ സമാധാനത്തിന്റെ ഉദാഹരണങ്ങൾ ആണോ? ഇവ രണ്ടും അംഗീകരിക്കുവാൻ കഴിയുമോ)
2. താഴ്മയുള്ളവരായിരിക്കുക എന്നാൽ എന്ത്?
(മനുഷ്യൻ തൻറെ കഴിവുകളേയും ഗുണങ്ങളേയും കരുത്തിനേയും കണ്ടെത്തി അത് മറ്റുള്ളവരുടെ ഗുണത്തിനായി പ്രയോജനപ്പെടുത്തുന്ന നന്മയെയാണ് താഴ്മ എന്ന് പറയുന്നത്. താഴ്മ ഒരുവനെ വിശ്വാസ യോഗ്യനും, ഇണങ്ങുന്നവനും യോജിച്ചവനും ആക്കിമാറ്റുന്നു. താഴ്മയുള്ള ഒരുവൻ മറ്റുള്ളവരുടെ ഹൃദയത്തെ ധൈര്യപ്പെടുത്തുന്നു.)
3. എല്ലാ നല്ല മനുഷ്യരും സ്വർഗ്ഗത്തിൽ പോകില്ലേ, അവർ പോകുമോ? (ഇല്ല, നാം നല്ലവരായിരിക്കുക എന്നതല്ല ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് മറിച്ച് നാം നമ്മുടെ ഹൃദയത്തെ ദൈവത്തിനു നൽകിയിരിക്കണം.
4. നാം സമ്പന്നരാകണം എന്ന് ദൈവത്തിന് ആഗ്രഹം ഇല്ല എന്നാണോ? (കുട്ടികൾ ഇത് ചർച്ച ചെയ്യട്ടെ, പണം മോശമല്ല എന്ന് കണ്ടെത്തട്ടെ. ദൈവത്തെക്കാൾ അധികമായി പണത്തിന് പ്രാധാന്യം നൽകുമ്പോഴാണ് അത് മോശമാകുന്നത്. ദൈവമാണ് സകല അനുഗ്രഹങ്ങളിലേക്കുമുള്ള വഴി. ഈ ഭൂമിയിൽ നിക്ഷേപിക്കുന്നതിനേക്കാൾ നല്ലത് സ്വർഗ്ഗത്തിൽ നിക്ഷേപിക്കുന്നതാണ് എന്നതാണ് ദൈവം നമ്മോട് പറയുന്നത്. (കൊലോസ്യർ 3:2)
5. നിങ്ങൾ യേശുവിനെ സന്ദർശിച്ചാൽ യേശുവിന് നിങ്ങൾ എന്തു നൽകും? (അവരുടെ സമ്മാനങ്ങളെക്കുറിച്ച് പറയുവാൻ സമയം നൽകുക)

## പദപ്രശ്നം 3





## ഗെയിം 3

***നിരനിരയായി***



വാക്യം മന:പാഠമാക്കുവാൻ ഈ ഗെയിം സഹായിക്കും. വാക്യങ്ങൾ പരിചിതമാകേണ്ടതിന് രണ്ടു തവണ വീതം പറയുക. 1,2,1,2, എന്നീ രീതിയിൽ എണ്ണി കുട്ടികളെ രണ്ടു ടീമായി തിരിക്കുക. ഒന്ന് എന്ന് എണ്ണിയ എല്ലാവരും മുറിയുടെ ഒരു വശത്തേക്കും രണ്ട് എന്ന് എണ്ണിയവർ എല്ലാവരും മുറിയുടെ മറുവശത്തേക്കും പോകുക. ഇരുടീമുകളും വാക്യങ്ങൾ പരസ്പരം ഒന്നിടവിട്ട് ആവർത്തിച്ച് പറയുക. അതു പറഞ്ഞനന്തരം വീണ്ടും 1,2,1,2 എന്ന രീതിയിൽ കുട്ടികളെ രണ്ടു ടീമായി നിർത്തുക. ഈ പുതിയ ഗ്രൂപ്പ് ഇടവിട്ട് വാക്യം ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കണം. ഇങ്ങനെ രണ്ടു തവണ പറഞ്ഞ ശേഷം ഓരോ ഗ്രൂപ്പിൽ നിന്നും ഓരോ കുട്ടികളെ വിളിക്കണം. ഗ്രൂപ്പുകൾ പറഞ്ഞതുപോലെ വാക്യം ഇടവിട്ട് ആവർത്തിച്ച് പറയണം. ഒടുവിലായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ ആ വാക്യം പൂർണ്ണമായി പറഞ്ഞു കേൾപ്പിക്കണം. എല്ലാവരും വാക്യം കാണാതെ പഠിക്കുന്നതുവരെ ഗെയിം തുടരാം.




## ഹോം വർക്ക് 3

നന്ദി സൂചകമായ ഒരു കുറിപ്പ് തയ്യാറാക്കുക ചെയ്ത നന്മ പ്രവർത്തിക്ക് പ്രതിഫലമായി അത് നൽകുക. ബഹുമാനത്തിന് അർഹരെങ്കിലും യേശുവിനെ പോലെ അത് ത്യജിച്ചുകളയുന്ന ആരെയെങ്കിലുംക്കുറിച്ച് ചിന്തിക്കുക. ഉദാഹരണം: ആദ്യം ഉത്തരം പറയുന്നവർ, തെരുവ് വൃത്തിയാക്കുന്നവർ, മാലിന്യം നീക്കുന്നവർ, നഴ്സ്.

# പ്രയാസ സമയങ്ങൾ

04



## യേശുവിന്റെ കുടുംബം മിസ്രയിമിലേക്ക് പോകുന്നു: മത്തായി 2:13-23

### നാടകം (ഒന്നാം ഭാഗം)

ഒരു കുടിയേറ്റ കുടുംബത്തെ തലേ ആഴ്ച്ചയിൽ സന്ദർശിച്ച കാര്യം അന്വേഷകൻ സംഘത്തോട് പറയുന്നു. അവിടുത്തെ സംസ്കാരം അന്വേഷകനെ വല്ലാതെ വിഷമിപ്പിച്ചു. അവിടെയുള്ള ചില ആളുകളുടെ അഭിപ്രായങ്ങൾ തന്നെ വേദനിപ്പിച്ചു. നേതാവും പ്രതിനിധിയും അന്വേഷകനെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിക്കുന്നു. കൂടുതൽ സുഹൃത്തുക്കളെ കണ്ടെത്തി ആ കുടുംബത്തെ പുതിയ ദേശത്തേക്ക് സ്വാഗതം ചെയ്യുവാൻ ഉപദേശിക്കുന്നു. ആ സ്ഥലം വീണ്ടും സന്ദർശിക്കുവാൻ അന്വേഷകൻ തയ്യാറാകുന്നില്ല. ആ ചർച്ചക്ക് ശേഷം ശിശുവായ യേശുവിനേയും കൊണ്ട് ആ കുടുംബം മിസ്രയിമിലേക്ക് പോകുന്നത് കാണുവാൻ സംഘം ടൈം മെഷീനിൽ കയറി പോകുന്നു.

### പാഠം 4

മറ്റൊരു രാജ്യത്തിലേക്ക് പോകുക എന്നത് കഠിനവും ചിലവേറിയതുമായ ഒരു കാര്യമാണ്. ആയതിനാൽ അതിന് തക്കതായ ഒരു കാരണം ഉണ്ടായിരുന്നിരിക്കണം.ബ്പുതിയ ജോലി കണ്ടെത്തണം, കമ്പോളങ്ങളും വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങളും കണ്ടെത്തണം. സംസാരത്തിലും വസ്ത്രധാരണത്തിലും വ്യത്യസ്തയുള്ള ആളുകളാകാം അവിടെയുള്ളവർ. സുഖകരമായ ഒരു അവസ്ഥയായിരിക്കുകയില്ല ആ യാത്ര. മത്തായി 2:13-23 വായിക്കുക പണ്ട് പ്രവാചകന്മാർ പ്രവചിച്ചതാണ് ഈ രണ്ടുപേരുടേയും യാത്ര ഇവ രണ്ടും യേശു വാഗ്ദത്ത മശിഹയാണെന്ന് വിളിച്ചറിയിക്കുന്നു. എന്നാൽ യിസ്രായേലിലേക്ക് മടങ്ങിപ്പോകാം എന്നത് പ്രയാസകരമായ ഒരു തീരുമാനമായിരുന്നു. മറിയയും യോസേഫും അവരുടെ പുതിയ കുടുംബവും ത്യജിക്കപ്പെടുകയും ഭീഷണി കേൾക്കുകയും ചെയ്തു. ഇപ്പോൾ അവർക്ക് ഈജിപ്റ്റിൽ നല്ലയൊരു ജീവിതം നയിക്കുവാൻ കഴിയുന്നു. അവിടെ അവർ ആരെ ആശ്രയിക്കും. ഞാൻ ഭയപ്പെട്ടു പോകുമായിരുന്നു. എന്നാൽ അവിടെ അവർ സുരക്ഷിതരായിരിക്കും എന്ന് ഉറപ്പ് നൽകി. അവർ അത് അനുസരിച്ചു. മറിയയും യോസേഫും നസറെത്തിൽ ഒരു ഭവനം പണിതു, അവിടെ സുഹൃത്തുക്കളെ കണ്ടെത്തി, പുതിയ ജോലിയും നേടി. ദൈവം പറയുന്ന ഇടത്തേക്ക് നമുക്ക് എപ്പോൾ വേണമെങ്കിലുംൻ നമുക്ക് പോകുവാൻ കഴിയും. പുതിയ സുഹൃത്തുക്കളും പുതിയ സാഹചര്യങ്ങളും ഉള്ള സ്ഥലം ദൈവം നമുക്കായി ഒരുക്കും. ഏറ്റവും നല്ലതാണ് ദൈവം നമുക്കായി ഒരുക്കുന്നതെന്ന് ഉറപ്പായി വിശ്വസിക്കാം ദൈവം നമ്മോടു കൂടെയുണ്ട്.

നമ്മുടെ ദേശത്ത് വരുന്ന പുതിയ ആളുകൾക്ക് മുൻപിൽ നാം എപ്പോഴും നല്ലവരായിരിക്കും അവർ ഏത് സംസ്കാരത്തിൽ നിന്നും വന്നവരാണെങ്കിൽ പോലും നാം അവർക്ക് സുഹൃത്തുക്കളായിത്തീരുന്നു. അത് നല്ലതാണ്.

### മന:പാഠ വാക്യം 4

*എഫെസ്യർ 4:31b* ദയയോടും മനസ്സലിവോടുംകൂടി അന്യോന്യം പെരുമാറുകയും, ദൈവം നിങ്ങളോടു ക്രിസ്തു മുഖേന ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുകയും ചെയ്യുക.

### നാടകം (രണ്ടാം ഭാഗം)

ദൗത്യത്തിൽ നിന്നും മടങ്ങിവന്നശേഷം, യേശുവിന്റെ കുടുംബത്തോടു കൂടെ സഞ്ചരിച്ച് വലിയ പട്ടണമായ ഈജിപ്റ്റിൽ എത്തുന്നത് എത്ര പ്രയാസകരമാണെന്നും ആ പട്ടണം അവരുടെ ജന്മ ദേശത്തിൽ നിന്നും എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു എന്നും അവർ ചർച്ച ചെയ്യുന്നു. ഇങ്ങനെ തുടരുന്നത് എത്ര പ്രയാസകരമാണ്. ഒരൽപം സമയം അവർ മുന്നോട്ട് നീക്കി നോക്കുമ്പോൾ യേശുവിന്റെ കുടുംബം തിരികെ സ്വദേശത്തേക്ക് മടങ്ങി

വരുന്നതായി കാണുന്നു. ഈജിപ്തിലേക്ക് പോകുമ്പോൾ അവർ അനുഭവിച്ച തിരസ്കരണത്തെക്കുറിച്ചും അപകടത്തെക്കുറിച്ചും ഈ യാത്രാ മദ്ധ്യേ അവർ ഓർക്കുന്നു. കൂട്ടമായി പാലായനം ചെയ്യുന്ന കുടുംബങ്ങൾ അനുഭവിച്ച അതേ വേദനകൾ യേശുവിന്റെ കുടുംബവും അനുഭവിച്ചതായി അന്വേഷകൻ ഓർക്കുന്നു. ഒരുപക്ഷേ അവർ കേൾക്കേണ്ടി വന്ന വേദനാജനകമായ വിമർശനങ്ങൾ ദയയില്ലാത്തതായിരുന്നിരിക്കണം.

യേശു ക്രിസ്തുവിനുണ്ടായിരുന്നത് പോലെയുള്ള കഷ്ടതകൾ അവർക്കുണ്ടായിരുന്നില്ല. പാലായനം ചെയ്യുന്ന ആളുകളുമായി കൂടുതൽ സൗഹൃദത്തിലായി അവരിൽ നിന്നും യാത്രയുടെ അനുഭവങ്ങളെക്കുറിച്ച് കേൾക്കുവാൻ അന്വേഷകൻ തീരുമാനിക്കുന്നു.

## ജസ്റ്റിസ് 4

സുഹൃത്തുക്കളാലോ ഒരു കൂട്ടം ആളുകളാലോ നാം തള്ളപ്പെട്ടു എന്ന് വരാം. ഇങ്ങനെ സംഭവിക്കുമ്പോൾ, ക്ഷമിക്കുവാൻ വളരെ പ്രയാസമാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ബന്ധം പുന:സ്ഥാപിക്കുവാനും കൂട്ടുകാരോടൊപ്പം വീണ്ടും ചേരുവാനും നമുക്ക് അവസരങ്ങൾ ലഭിക്കാറുണ്ട്. ദൈവത്തിന്റെ സഹായത്താൽ വിദ്വേഷമില്ലാതെ നമുക്ക് ഇങ്ങനെ ചെയ്യാം.


## ജീവചരിത്രം (ടാക്സി ഡ്രൈവർ) 4

ടാക്സി ഡ്രൈവർമാർ വളരെ പ്രധാനപ്പെട്ട ഒരു സേവനമാണ് സമൂഹത്തിൽ ചെയ്യുന്നത്. ദൈവരാജ്യത്തിന്റെ അടിസ്ഥാനം എന്ന നിലയിൽ യേശു പഠിപ്പിച്ച 'ശുശ്രൂഷ' എന്ന പ്രവർത്തി ടാക്സി ഡ്രൈവർമാർക്കും ചെയ്യാവുന്നതാണ്.

*ഉത്തരവാദിത്വങ്ങൾ*: ടാക്സി ഡ്രൈവർമാർ ഉൾപ്പെട്ടിരിക്കുന്നതോ ജോലിചെയ്യുന്നതോ ആയ ഒരു പൊതുസ്ഥാപനം ഉണ്ടായിരിക്കും. ഓടേണ്ട സ്ഥാനം, എവിടെ തുടങ്ങണം, മണിക്കൂറുകൾ എന്നിവയെക്കുറിച്ച് ഒരു മാർഗ്ഗനിർദ്ദേശം അവർ തയ്യാറാക്കും.


*അവസരങ്ങൾ*: ടാക്സി ഡ്രൈവർമാർ എപ്പോഴും ആളുകളോട് ഇടപെടുന്നവരാണ്. ചിലർ പാവപ്പെട്ടവരാകാം, ചിലർ ധനികരാകാം, ചിലർക്ക് സാമ്പത്തീകമായ ആവശ്യങ്ങൾ ഉണ്ടായിരുന്നിരിക്കാം. ഒരു ഡ്രൈവർ എന്ന നിലയ്ക്ക്, ഓരോ വ്യക്തികൾക്കും ആവശ്യമായ കാര്യങ്ങളെ ശ്രദ്ധയോടെ കേൾക്കുക. നിങ്ങളുടെ ഉത്തരവാദിത്ത പരിധിയിൽ നിന്നുകൊണ്ട് എത്രത്തോളം നന്നായി കാര്യങ്ങളെ ചെയ്യാം എന്ന് ചിന്തിക്കുക.


## ചോദ്യോത്തരങ്ങൾ 4




1. ഞാൻ ആരെയാണ് ശ്രദ്ധിക്കേണ്ടത്? (ആദ്യം ദൈവത്തെ, രണ്ടാമതായി ഈ ഭൂമിയിലുള്ള നിങ്ങളുടെ അധികാരികളെ)
2. ദൈവവുമായും മറ്റുള്ളവരുമായും ഉള്ള നിങ്ങളുടെ ബന്ധത്തെ വെളിപ്പെടുത്തിയ ഏതെങ്കിലും ഒരു സാഹചര്യമുണ്ടെങ്കിൽ അത് പങ്കിടുക (എല്ലാ ദിവസവും ചെയ്യേണ്ടതിനു നാം എടുക്കുന്ന ചെറിയ തീരുമാനങ്ങൾ പറയുക. ഇത് നമ്മുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നു. ഭാവിയിൽ കൂടുതൽ നല്ല തീരുമാനങ്ങൾ എടുക്കുവാൻ ഇത് സഹായകമാകുന്നു)
3. നിങ്ങൾക്കെതിരെ ആരെങ്കിലും പ്രവർത്തിച്ചതിന് നിങ്ങൾ അവരോടു ക്ഷമിചിട്ടുണ്ടോ? ഇത് നിങ്ങൾക്കെങ്ങനെ അനുഭവപ്പെടുന്നു? (ദൈവം നമ്മെ ക്ഷമിപ്പാനാണ് തിരഞ്ഞെടുത്തത് എന്ന സത്യം എങ്ങനെ കുട്ടികൾക്ക് അനുഭവപ്പെടുന്നു എന്ന് അവർ പറയട്ടെ)
4. ഈജിപ്തിൽ നിന്നും യിസ്രായേയിലേക്ക് പോകുവാൻ മരിയ്ക്കും യോസേഫിനും ഏറ്റവും പ്രയാസമായ കാര്യം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? (ഓരോ കുട്ടികളും അവരുടെ കാഴ്ചപ്പാടുകൾ പറയട്ടെ).
5. യോസേഫിന് ഏറ്റവും പ്രിയപ്പെട്ട വളർത്തു മൃഗം ഏതെന്നാണ് നിങ്ങൾ കരുതുന്നത്? (കുട്ടികളുടെ ചർച്ചയിൽ അദ്ധ്യാപകർ എന്ന നിലയിൽ നിങ്ങൾക്കും പങ്കെടുക്കാം. ആ മേഖലയിൽ ഏതെല്ലാം മൃഗങ്ങൾ ഉണ്ടായിരുന്നുവെന്നും അവർക്ക് പറഞ്ഞു കൊടുക്കുക).

## പദപ്രശ്ന ഉത്തരം 4






## ഗെയിം 4

***ലീഫ് റെയ്സ്***



ഏതെങ്കിലും ഒരു മരത്തിലെ ഇലയും വെള്ളം കുടിക്കാൻ ഉപയോഗിക്കുന്ന സ്ട്രോയും കുട്ടികൾക്ക് നൽകുക. കുട്ടികളെ രണ്ടു ടീമായി തിരിക്കുക. എല്ലാവരും ഇല നിക്ഷേപിക്കേണ്ടതായ ഒരു പൊതുസ്ഥലം അവർക്ക് കാണിച്ചു കൊടുക്കുക. തുടങ്ങുവാൻ സിഗ്നൽ നൽകുമ്പോൾ എല്ലാവരും ഇല മുകളിലേക്ക് എറിയണം. നിശ്ചിത സ്ഥലത്തേക്ക് സ്ട്രോയിലൂടെ ഊതി ഇല എത്തിക്കണം. ഏറ്റവും കൂടുതൽ ഇല നിശ്ചയിക്കപ്പെട്ട സ്ഥലത്ത് എത്തിക്കുന്നവർക്ക് ഒന്നാം സ്ഥാനം നൽകുക.(എല്ലാ ഇലകളും അവരുടേത് തന്നെ നിശ്ചിത സ്ഥാനത്ത് എത്തിക്കണം എന്നില്ല. എതിരാളികളായി കളിക്കുന്നവരുടെ ഇലയും അവിടേക്ക് എത്തിക്കാവുന്നതാണ്).




## ഹോം വർക്ക് 4

കഴിഞ്ഞ കാലങ്ങളിൽ ഇതുപോലെ യാത്രകൾ ചെയ്തവരോട് അവരുടെ അനുഭവങ്ങൾ ചോദിച്ചറിയുക. യാത്രകളിൽ പൊതുവായി നടക്കുന്ന കാര്യങ്ങളെ കണ്ടെത്തുക. നിങ്ങൾക്ക് ഇതെങ്ങനെ രസാവഹമായി തോന്നുന്നു? അവരെ നിങ്ങളുടെ സഭയിലേക്ക് ക്ഷണിക്കുക.

# സമർത്ഥനായ യേശു

05



## യേശു ദേവാലയത്തിൽ ലൂക്കോസ് 2:41-51

### നാടകം (ഒന്നാം ഭാഗം)

പ്രതിനിധി തന്റെ ആശയവിനിമയ ഉപകരണം പ്രവർത്തിപ്പിക്കുന്നു. തമാശയ്ക്ക് ഉപകരണത്തിന്റെ സെറ്റിംഗ്സ് മാറ്റുന്നു. ഇന്നത്തെ ദൗത്യയാത്രയ്ക്കായി ടീം വരുമ്പോൾ നേതാവ് എല്ലാവരോടും തങ്ങളുടെ സെറ്റിംഗ്സ് നേരെയാക്കുവാൻ പറയുന്നു. പ്രതിനിധി ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതുവരെ യാതൊരു ശ്രദ്ധയും കൊടുക്കാതെ നിൽക്കുന്നു. നേതാവ് തൻറെ ഈ പ്രവർത്തിയെ ചോദ്യം ചെയ്തപ്പോൾ പ്രതിനിധി അത് എതിർക്കുകയും നേതാവ് പറയുന്നത് കേൾക്കാൻ കൂട്ടാക്കാതെ ഇരിക്കുകയും ചെയ്തുകൊണ്ട് അതിനു മുകളിൽ ശബ്ദമുയർത്തി സംസാരിക്കുകയും സംസാരത്തെ തടസ്സപ്പെടുത്തുകയും ചെയ്തു. മെഷീൻ തയ്യാറായപ്പോൾ യേശുവിന്റെ പന്ത്രണ്ടാം വയസ്സിലെ ദേവാലയ സന്ദർശന സമയത്തേക്ക് കടന്നുപോകുവാൻ അവർ തയ്യാറായി.

### പാഠം 5

ഒരു മകനായി യേശുവിനെ ലഭിക്കുക എന്നത് വളരെ രസകരമായ ഒരു കാര്യം ആയിരുന്നിരിക്കും.
ലൂക്കോസ് 2:41-51 വരെയുള്ള വാക്യങ്ങൾ വായിക്കുക.
പന്ത്രണ്ടു വയസ്സുള്ള ബാലനായ യേശു മതപുരോഹിതന്മാരുടെ നടുവിൽ നിന്നുകൊണ്ട് ദൈവത്തെക്കുറിച്ച് പറയുന്നത് കണ്ട യോസേഫിന്റെയും മറിയയുടെയും ഞെട്ടൽ നിങ്ങൾ ഭാവനയിൽ ഓർത്ത് നോക്കൂ.
ചോദ്യങ്ങൾക്കുള്ള എല്ലാ ഉത്തരങ്ങളും ബുദ്ധിപരവും കാഴ്ച്ചപ്പാടുള്ളതും ആകയാൽ മത നേതാക്കന്മാർ യേശു പറയുന്നത് ശ്രദ്ധിച്ചു കേട്ടു. യേശുവും മറ്റുള്ളവരുടെ വാക്കുകളെ ശ്രദ്ധിച്ചിരുന്നു. അവർ എന്താണ് പറയുന്നത് എന്ന് യേശുവിന് കേൾക്കണമായിരുന്നു.
യേശു ആരായിരുന്നു എന്ന് ഈ സംഭവങ്ങൾ പറഞ്ഞു തരുന്നു. മാതാപിതാക്കൾ യേശുവിനെ വിശ്വസിക്കുവാൻ തക്കവണ്ണം പന്ത്രണ്ട് വയസ്സ് ഉള്ളപ്പോഴും യേശു ഉത്തരവാദിത്വം ഉള്ളവനായിരുന്നു. കുട്ടി ആയിരിക്കുമ്പോൾ തന്നെ യേശു വിശ്വസ്തതയും ഉത്തരവാദിത്വവും കാണിച്ചിരുന്നു.
വിദ്യാഭ്യാസമുള്ള മുതിർന്നവർക്കൊപ്പം ഇരിക്കുവാൻ തക്കവണ്ണം യേശു ആത്മവിശ്വാസം ഉള്ളവനും ഭയമില്ലാത്തവനും ആയിരുന്നു. അവർ പറയുന്നത് കേൾക്കുവാനും അവർക്കൊപ്പം ഇരിക്കുവാനും തക്കവണ്ണം ജ്ഞാനവും യേശുവിന് ഉണ്ടായിരുന്നു.
ദൈവം എല്ലായ്പ്പോഴും തന്റെ മക്കളിലൂടെ പ്രവർത്തിക്കുന്നു. നാമും അതിൽ ഉൾപ്പെടുന്നു. മുതിർന്നവരേക്കാൾ ചെറുപ്പമുള്ളവർക്ക് തങ്ങളുടെ ജീവിതത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ഉണ്ട്. ദൈവത്തിന് നമ്മെ ഉപയോഗിക്കുവാൻ കഴിയും. അപ്പോസ്തലനായ പൗലോസ് തിമോഥെയോസിന് എഴുതിയ ലേഖനത്തിൽ പറയുന്നു
"ആരും നിന്റെ യൗവ്വനം ഉച്ഛീകരിക്കരുത്, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിരിക്കുക." (1 തിമോഥെയോസ് 4:12)
നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ ദൈവത്തിന് നിങ്ങളോട് പറയുവാനുള്ളത് പ്രാർത്ഥനയോടെ കേൾക്കുക, മുൻപ് ഒരിക്കലും ബൈബിളിൽ കണ്ടിട്ടില്ലാത്തതായ കാര്യങ്ങളെ ദൈവം നിങ്ങൾക്ക് കാണിച്ചുതരും. അതിൽ ചില കാര്യങ്ങൾ നിങ്ങൾക്കു വേണ്ടിയുള്ളതും ചില കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കിടുവാനും വേണ്ടിയാണ്.
ആളുകളുമായി സംസാരിക്കുമ്പോൾ, കാര്യങ്ങൾ പറയുന്നതും കേൾക്കുന്നതും എത്ര രസകരമായ കാര്യമാണ്. വാസ്തവത്തിൽ, നാം സംസാരിക്കുന്നതിലും ബുദ്ധിമുട്ടാണ് മറ്റുള്ളവർ പറയുന്നത് കേൾക്കുക എന്നത്. എന്നാൽ അത് പ്രധാനപ്പെട്ട ഒന്നാണ്. നാം സംസാരിക്കുമ്പോൾ പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത് എങ്കിൽ മറ്റുള്ളവർ അത് നന്നായി ശ്രദ്ധിക്കും.

### മന:പാഠ വാക്യം 5

*യാക്കോബ് 1:19* എന്റെ പ്രിയപ്പെട്ട സഹോദരരേ, നിങ്ങൾ ഇത് ഓർത്തുകൊള്ളണം; ഏതു മനുഷ്യനും കേൾക്കുന്നതിൽ വേഗം ശ്രദ്ധിക്കുന്നവനും, പറയുന്നതിലും കോപിക്കുന്നതിലും തിടുക്കം കൂട്ടാത്തവനും ആയിരിക്കട്ടെ.

### നാടകം (രണ്ടാം ഭാഗം)

ദൗത്യയാത്രയിൽ നിന്നും മടങ്ങിയെത്തി നേതാവ് പ്രതിനിധിയോട് സംസാരിക്കേണ്ടതിന് ഒരു വശത്തേക്ക് മാറ്റിക്കൊണ്ട് പോകുന്നു. തെറ്റായ സെറ്റിംഗ്സ് നിമിത്തം തന്റെ പാതയെ മനസ്സിലാക്കുവാനും അവർക്ക് ഒരുമിച്ച് നിൽക്കുവാനും കഴിഞ്ഞില്ല, ദേവാലയത്തിന്റെ ഭാഗം എത്തിയപ്പോൾ ഉപകരണം അസഹ്യമായ ശബ്ദം ഉണ്ടാക്കുകയും അത് മറ്റു യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയതായും പറഞ്ഞു. ആ യാത്ര തികച്ചും പരാജയമായിരുന്നു. തന്റെ തെറ്റ് പ്രതിനിധി അംഗീകരിക്കുകയും അടുത്ത തവണ നന്നായി ശ്രദ്ധിക്കാം എന്ന് പറയുകയും ചെയ്യുന്നു.

### ജസ്റ്റിസ് 5

യേശു പഠിപ്പിച്ചിരുന്നു, അതേ സമയം അവൻ മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കുകയും ചെയ്തു. മറ്റുള്ളവരെ ശ്രദ്ധിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേൾവിയിൽ നിന്നുമാണ് നാം പലതും പഠിക്കുന്നത്. പറയുന്ന വ്യക്തി സന്തുഷ്ടനാകുകയും ചെയ്യും.

### ജീവചരിത്രം (അദ്ധ്യാപകൻ) 5

അദ്ധ്യാപകർക്ക് നല്ലയൊരു സ്ഥാനമാണുള്ളത്. മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും നയിക്കുവാനും അവർ ദൈവത്താൽ ഉപയോഗിക്കപ്പെടുന്നു. ക്രിസ്ത്യാനികൾ അല്ലാത്ത അദ്ധ്യാപകർ നല്ലവരായിരിക്കുകയില്ല എന്ന് ചിലർ ചിന്തിക്കുന്നു. എന്നാൽ ദൈവം എല്ലാവരേയും സ്നേഹിക്കുന്നു. ആളുകളെ നന്നായി പരിപാലിക്കുന്ന ആരുടെ ഒപ്പവും നിന്ന് ദൈവം അയയ്ക്കപ്പെട്ട ഉപദേഷ്ടാവാണ് യേശു എന്ന് നിക്കൊദേമോസ് തിരിച്ചറിയുന്നു (യോഹന്നാൻ 3:2).

*ഉത്തരവാദിത്വങ്ങൾ*: അദ്ധ്യാപകർ അവരുടെ മാനേജർമാരെയും ഉന്നത അധികാരികളേയും അനുസരിക്കേണ്ടവരും അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടവരുമാണ്. എന്നാൽ പഠിപ്പിക്കുവാനുള്ള കഴിവും അറിവും അവർ വികസിപ്പിക്കേണ്ടതാണ്. അത് അവരുടെ ഉത്തരവാദിത്വമാണ്. ആളുകളെ കൂടുതൽ മനസ്സിലാക്കുക എന്നതും അവർ എങ്ങനെ ഇടപെടുന്നു എന്നതും മനസ്സിലാക്കേണ്ടതാണ്. സമൂഹം എങ്ങനെയെല്ലാം മാറുന്നു എന്നും കുട്ടികളുമായി കൂടുതൽ ബന്ധം പുലർത്തേണ്ടതിന് എപ്രകാരം അദ്ധ്യാപന ശൈലിയിൽ മാറ്റം വരുത്തണം എന്നും അവർ അറിഞ്ഞിരിക്കണം.

*അവസരങ്ങൾ*: അദ്ധ്യാപകർ അവരുടെ കഴിവുകളെ വികസിപ്പിക്കണം. അത് അവർക്ക് പ്രയോജനപ്പെടുന്ന കാര്യമാണ്. അവർ തങ്ങളുടെ ജീവിതത്തിനും രൂപകൽപ്പന നൽകേണ്ടതാണ്. തീരുമാനങ്ങൾ എടുക്കുന്നതിനെക്കുറിച്ച് അവരെ പഠിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവർ തീരുമാനങ്ങൾ എടുക്കുകയും ജീവിതത്തിൽ വിജയിക്കുകയും ചെയ്യും. ഒരു കുട്ടിയുടെ കഴിവിനെ വീക്ഷിക്കുവാൻ ഒരു അദ്ധ്യാപകന് കഴിയും. ആ ലക്ഷ്യസ്ഥാനത്തേക്ക് ആ കുട്ടിയെ നയിക്കുവാനും അദ്ധ്യാപകന് കഴിയും. ചില വ്യക്തികളും അവരുടെ തലമുറകളും ഒരു നല്ല അദ്ധ്യാപകനെ സ്വാധീനിക്കുന്നു.

### ചോദ്യോത്തരങ്ങൾ 5


1. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ എങ്ങനെയാണ് സ്നേഹത്തെ കാണിക്കുന്നത്? (കുട്ടികളുടെ നിഗമനങ്ങളെ തെളിയിക്കുന്ന നല്ല ഉദാഹരണങ്ങൾ പറയുവാൻ അവരോട് ആവശ്യപ്പെടുക)
2. നിങ്ങളുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന് ഉപരിയായി മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകിയിരുന്ന ഏതെങ്കിലും ഒരു സന്ദർഭം നിങ്ങൾ ഓർക്കുന്നുവോ? (മറ്റുള്ളവരെ ജയിക്കുവാൻ അനുവദിക്കുക എന്നത് മനുഷ്യർക്ക് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള പഴയ സംഭവങ്ങൾ എന്തെങ്കിലും ചർച്ചയിൽ പങ്കിടുവാൻ അവരോട് ആവശ്യപ്പെടുക. നിർഭാഗ്യവശാൽ മറ്റുള്ളവർ ജയിക്കുന്നത് അനുവദിക്കാത്തവർ ആയിരിക്കാം ഭൂരിപക്ഷവും. മറ്റുള്ളവരെ ജയിക്കുവാൻ അനുവദിക്കാത്തത് എത്ര ഭയാനകമാണെന്ന് ചർച്ച ചെയ്യുക. എല്ലാവരുമായി എല്ലാക്കാലത്തും സമാധാനമായിരിക്കുക എന്നതാണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്.
3. അപമാനം, അവഗണന, വിലകുറച്ചുകാണൽ തുടങ്ങിയ കാര്യങ്ങൾ ക്ലാസിൽ എങ്ങനെയാണ് അനുഭവിക്കേണ്ടി വന്നിട്ടുള്ളത്? (അവർ കണ്ടിട്ടുള്ളതായ വിവിധ അനുഭവങ്ങളെക്കുറിച്ച് ചർച്ച ചെയ്യണം. അതിനു വിധേയരാകുന്ന വ്യക്തികൾക്ക് എത്രത്തോളം മുറിവേൽക്കുന്നു എന്നും ഇതു എന്തുകൊണ്ട് ശരിയല്ല എന്നും ചർച്ച ചെയ്യണം.
4. ആർക്കും ചെയ്യുവാൻ കഴിയാത്ത കാര്യങ്ങളെ നിങ്ങൾക്ക് എങ്ങനെ ചെയ്യാം? (മറ്റു കുട്ടികൾക്ക് ചെയ്യാൻ കഴിയാത്തതായ ചില കാര്യങ്ങളെക്കുറിച്ച് പറയുവാൻ കുട്ടികളോട് ആവശ്യപ്പെടുക: പൊതു വേദിയിലെ പ്രസംഗം, ഉയരത്തിൽ ചാടുക, പാടുക ... തുടങ്ങിയവ. ഓരോരുത്തർക്കും ദൈവം വിവിധങ്ങളായ കഴിവുകൾ നല്കിയിട്ടുണ്ട് എന്ന് അവരെ ഓർമ്മിപ്പിക്കുക.

5. ബാലനായ യേശു ദൈവ കാര്യങ്ങൾ പറയുന്നത് കാണുമ്പോൾ നിങ്ങൾ എന്താണ് ചിന്തിക്കുന്നത്? (കുട്ടികൾ പറയുന്ന ഉത്തരം ശ്രദ്ധിക്കുക)

## പദപ്രശ്നം 5










## ഗെയിം 5

***കപ്പുകൾ***

രണ്ടോ അതിൽ അധികമോ ടീമായി കുട്ടികളെ തരാം തിരിക്കുക. ഓരോ ടീമിനും ആറു കപ്പുകൾ നൽകുക. വെള്ളം നിറച്ച അഞ്ച് ഗ്ലാസ്സുകളും ഒഴിഞ്ഞ ഒരു ഗ്ലാസ്സും ആയിരിക്കണം നൽകേണ്ടത്. ഓരോ ടീമിനും കട്ടി കുറഞ്ഞ ഓരോ പന്ത് ഉണ്ടായിരിക്കണം. (പോളിമർ, തെർമോക്കോൾ, തുടങ്ങി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഏതു തരം പന്തും ആകാം.) പന്ത് വെള്ളമുള്ള ആദ്യ കപ്പിൽ വയ്ക്കുക. ആദ്യ കപ്പിൽ നിന്നും ഈ പന്ത് ഊതി ഒടുവിലത്തെ വെള്ളമില്ലാത്ത ഗ്ലാസിൽ വീഴ്ത്തുക. ശേഷം അടുത്ത കളിക്കാരന്റെ ഊഴമാണ്. എല്ലാ പന്തും ഗ്ലാസിൽ വീഴ്ത്തുന്നയാൾ ജയിക്കും.






## ഹോം വർക്ക് 5

ശ്രദ്ധിച്ച് കേട്ട ശേഷം ഒരു വിഷയം നിങ്ങളുടെ സ്വന്ത വാചകത്തിൽ പറഞ്ഞു നോക്കുക. ഒരു ബൈബിൾ വാക്യം ഉറക്കെ വായിച്ചനന്തരം ദൈവം നിങ്ങളോട് സംസാരിക്കുന്നു എന്ന് കരുതി അതിന്റെ അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക. രണ്ടാമതായി നിങ്ങളുടെ വീട്ടിൽ ഉള്ള ഒരു അംഗം പറയുന്നത് ശ്രദ്ധയോടെ കേൾക്കുക. നിങ്ങൾ കേട്ടത് പറയുക. ആ വ്യക്തി ഉദ്ദേശിച്ചത് തന്നെയാണോ നിങ്ങൾ പറഞ്ഞത് എന്ന് പരിശോധിക്കുക.

# മഹത്തായ തുടക്കം

## യേശുവിൻറെ സ്നാനം മത്തായി 3:13-17



### നാടകം (ഒന്നാം ഭാഗം)

മെഷീന്റെ മെക്കാനിസം പഠിക്കുവാൻ പ്രതിനിധി ശ്രമിക്കുന്നു. വളരെ പെട്ടെന്ന് താൻ അത് പഠിക്കുന്നു. മെഷീന്റെ പ്രവർത്തനം തുടങ്ങുവാനുള്ള ഒരു എളുപ്പവഴി കണ്ടെത്തിയതായി പറയുന്നു. ഇന്ധന സംവിധാനത്തിലൂടെയും സെറ്റിംഗ്സിലൂടെയും ഓരോ ദൗത്യയാത്രയിലും സമയം ലാഭിക്കുവാൻ കഴിയും എന്ന് പ്രതിനിധി തന്റേതായ വഴികളിലൂടെയും തന്ത്രങ്ങളിലൂടെയും യന്ത്രം പണിയുന്നു. നിരാശയോടെയാണെങ്കിലും യന്ത്രം പ്രവർത്തിക്കുന്നു എന്ന് കണ്ടയുടനെ അടുത്ത ദൗത്യ യാത്രക്കു പോകാൻ തയ്യാറാകുന്നു.

### പാഠം 6

യേശു ഇപ്പോൾ യൗവ്വനക്കാരനായിത്തീർന്നിരിക്കുന്നു. തന്റെ പൊതു ശുശ്രൂഷയ്ക്കായി അവൻ തയ്യാറാകുന്നു. നീതിയുള്ള കാര്യങ്ങൾ ചെയ്യുവാൻ യേശു തയ്യാറായിരിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടുന്ന യോഹന്നാനെ സന്ദർശിക്കുന്നു. ആ സമയങ്ങളിൽ യേശു ആരെന്നു മനസ്സിലാക്കിയ ഏക മനുഷ്യനാണ് സ്നാപക യോഹന്നാൻ. യേശുവിന് യോഹന്നാനാൽ സ്നാനപ്പെടേണ്ടതുണ്ടായിരുന്നു. ഒരു വ്യക്തിയുടെ പുതിയ തുടക്കം എന്ന നിലയിൽ ഉള്ള ഒരു കഴുകൽ പ്രക്രീയയാണ് സ്നാനം എന്ന് പറയുന്നത്. മത്തായി 3:11-17 വായിക്കുക എന്തൊരു ദിവസമാണിത്! യേശു ദൈവപുത്രനായി പ്രഖ്യാപിക്കപ്പെട്ടു, ദൈവം യേശുവിൽ പ്രസാദിച്ചു! അത് കേൾക്കുന്നത് ഒരു വലിയ കാര്യമല്ലേ!

ഇതൊരു അവിശ്വസനീയമായ ഒരു കഥയാണ്. യേശുവിന് ഒരു മനുഷ്യന്റേയും അംഗീകാരം ആവശ്യമില്ല, യോഹന്നാൻ സ്നാപകനെ പോലെയുള്ള വ്യക്തികളുടെ അംഗീകാരവും ആവശ്യമില്ല. യേശു തനിയെ ഈ ചുവടുകളെല്ലാം വയ്ക്കുകയായിരുന്നു. അതിന്റെ പരിണിതഫലം നാടകീയതപോലെയുള്ളതായിരുന്നു. യേശു ദൈവമാണെന്നും ദൈവപ്രവർത്തികൾ യേശുവിലൂടെ വെളിപ്പെടുന്നു എന്നും ദൈവം പരസ്യമായി വെളിപ്പെടുത്തി. ആവശ്യമായിരിക്കുന്ന ചുവടുകൾ നാം തനിയെ വയ്ക്കേണ്ടതാകുന്നു. രക്ഷയ്ക്കായി യേശുവിനോട് പ്രാർത്ഥിക്കുക, സ്നാനത്തിനായി സമർപ്പിക്കുക. പരിശീലിപ്പിക്കപ്പെടുക, അദ്ധ്യാപകരോടും പാസ്റ്റർമാരോടും ചേർന്ന് പ്രവർത്തിക്കുക. മറ്റുള്ളവരിൽ നിന്നും പഠിക്കുക. നമുക്കു ചുറ്റുമുള്ളവരെ സഹായിപ്പാൻ ദൈവം നമ്മുടെ ജീവിതത്തിൽ ഇതെല്ലം സാധ്യമാക്കിത്തരുന്നു.

### മന:പാഠം വാക്യം 6

*എബ്രായർ 13:17* നിങ്ങളുടെ നേതാക്കന്മാരെ അനുസരിച്ച് അവർക്കു കീഴ്പ്പെട്ടിരിക്കണം. അവർ ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടതുകൊണ്ട് നിങ്ങളെ ജാഗ്രതയോടെ കാത്തുസൂക്ഷിക്കുന്നു. അവർ സന്തോഷപൂർവം അതു ചെയ്യുവാൻ ഇടയാക്കുക. സങ്കടത്തോടുകൂടിയാണ് ചെയ്യുന്നതെങ്കിൽ നിങ്ങൾക്ക് അതു പ്രയോജനശൂന്യമായിരിക്കും.

### നാടകം (രണ്ടാം ഭാഗം)

ദൗത്യയാത്രയിൽ നിന്നും മടങ്ങിയെത്തിയ ശേഷം ടീം അംഗങ്ങൾ എല്ലാവരും അവരുടെ വസ്ത്രങ്ങളിലെ മുടിയും പൊടിയും അഴുക്കും എല്ലാം വൃത്തിയാക്കുന്നു. അവർ ടൈം മെഷീന്റെ പ്രവർത്തനം നിന്നു പോയത് നിമിത്തം നാല് ദിവസം കുടുങ്ങിപ്പോയിരുന്നു. പ്രവർത്തനം നിലച്ച ഒരു യന്ത്രഭാഗം ശരിയാക്കുവാൻ ശ്രമിക്കുകയായിരുന്നു. യന്ത്രത്തിലെ എളുപ്പവഴിയുടെ ഭാഗം നിമിത്തം അവർക്ക് ദിവസങ്ങൾ അവിടെ ചിലവഴിക്കേണ്ടതായി വന്നു. അത് പഴയപടി ആക്കുവാൻ അവർക്ക് സാധിച്ചില്ല. വളരെ ക്ഷീണിതരായ അവർ തിരികെ എത്തിയതിൽ സന്തോഷിച്ചു കൊണ്ട് വിശ്രമത്തിനായി അവരവരുടെ ഭവനങ്ങളിലേക്ക് പോകുന്നു.

### ജസ്റ്റിസ് 6


എളുപ്പവഴി തിരഞ്ഞെടുക്കുവാനുള്ള പ്രേരണ എല്ലായ്പ്പോഴും വരും എന്നാൽ എല്ലാ ചുവടുകളും വച്ച് വരുന്നതാണ് നല്ലത്. മറ്റുള്ളവരെ അംഗീകരിക്കുകയും വേണം.

### ജീവചരിത്രം (പള്ളിയിലെ പാട്ടുകാരൻ) 6

പള്ളിയിലെ പാട്ടുകാരൻ പാട്ടു പഠിക്കുവാൻ ശ്രമിക്കുന്നു. അത് വേദിയിൽ അവതരിപ്പിക്കുന്നു. പള്ളിയിലെ മറ്റ് ആളുകൾക്ക് ആരാധനയുടെ അനുഭവം നൽകുന്നു. ബൈബിളിൽ പല സാഹചര്യങ്ങളിൽ ആരാധന സംഘം രാവും പകലും ആരാധിച്ചിരുന്നു. മറ്റു ചില സന്ദർഭങ്ങളിൽ ആരാധനാസംഘം യുദ്ധങ്ങൾ നയിച്ചിട്ടുണ്ട്, ആരാധന കൊണ്ടുതന്നെ ശത്രുക്കൾ നശിച്ചു പോയിട്ടുണ്ട്. (2 ദിനവൃത്താന്തങ്ങൾ 20:14-25)

*ഉത്തരവാദിത്വങ്ങൾ*: പള്ളിയിലെ പാട്ടുകാരൻ പാസ്റ്ററിന്റെയോ ആരാധനയ്ക്കു നേതൃത്വം നൽകുന്നയാളിന്റെയോ നിർദ്ദേശങ്ങൾ അനുസരിക്കണം. സമയത്ത് തയ്യാറായി നിൽക്കുക എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. സംഗീത ഉപകരണം വൃത്തിയായി, ട്യൂൺ ചെയ്ത് ശബ്ദം നന്നാക്കി പാടാൻ തയ്യാറായി നിൽക്കണം.

*അവസരങ്ങൾ*: സംഗീത ഉപകരണത്തിലെ കഴിവ് വികസിപ്പിക്കുന്ന പക്ഷം പാട്ടിന്റെ നോട്ടിനെക്കുറിച്ചോ കോഡിനെക്കുറിച്ചോ കൂടെ പാടുന്നവരെക്കുറിച്ചോ ആരാധിക്കുന്നവരെ കുറിച്ചോ ചിന്തിച്ച് വിഷമിച്ച് സമയം കളയേണ്ടി വരില്ല. അവർ പ്രതികരിക്കുന്നുവോ എന്ന് മാത്രമല്ല ശ്രദ്ധിക്കേണ്ടത്. പ്രാർത്ഥന ആവശ്യമാണ്, പരിശുദ്ധാത്മാവിനാൽ നിയന്ത്രിതമായ ആരാധനയാണ് ആവശ്യം. ഇവിടെ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.




### ചോദ്യോത്തരങ്ങൾ 6

1. ദൈവത്തോടുള്ള അനുസരണക്കേട് എന്നെ പ്രശസ്തനും ലോകാനുരൂപിയുമായി മാറ്റുമോ? (ഇതുപോലെയുള്ള സാഹചര്യങ്ങളെക്കുറിച്ച് സംസാരിക്കുക. ദൈവത്തെ അനുസരിക്കുക, അല്ലെങ്കിൽ പ്രശസ്തനാകുക- എന്നിങ്ങനെ രണ്ടു തീരുമാനങ്ങൾ മുൻപിൽ വരും എന്ന് മനസ്സിലാക്കുവാൻ കുട്ടികളെ സഹായിക്കുക)
2. യേശുക്രിസ്തുവിന്റെ വാക്കുകളെ അനുസരിക്കുവാൻ കഴിയുന്നില്ലായെങ്കിൽ എന്തു കാരണമാണ് നിങ്ങൾ യേശുക്രിസ്തുവിനോട് പറയുവാൻ പോകുന്നത്? പ്രസംഗിക്കാൻ കഴിവില്ല എന്നാണോ, നിങ്ങളൊരു സ്ത്രീയാണ് എന്നാണോ, നിങ്ങളുടെ കുടുംബത്തിലെ ക്രിസ്ത്യാനി ഞാൻ മാത്രമാണ് എന്നാണോ? (ദൈവത്തെ അനുസരിക്കാതിരുന്ന കാരണത്താൽ ദൈവത്തോട് കാരണങ്ങൾ പറഞ്ഞ വ്യക്തികൾ ബൈബിളിലുണ്ട്, എന്നാൽ ഓർക്കുക നമ്മുടെ ചെറിയ കഴിവുകൾ, കഴിവില്ലായ്മകൾ ഇവയൊന്നും ഒരു വിഷയമല്ല. നിങ്ങളുടെ ജീവിതത്തെ ഉപയോഗിക്കുവാൻ യേശു നിങ്ങളുടെ സമ്പൂർണ്ണതയല്ല ചോദിക്കുന്നത്).
3. ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാം (നമ്മുടെ ഹൃദയം നൽകി, ദൈവത്തെ അനുസരിച്ച്, ദൈവത്തോടൊപ്പം സമയം ചിലവാക്കി, എല്ലാവരേയും സ്നേഹിച്ച്).
4. അധികാരികളെ അനുസരിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുക (ദൈവം, മാതാപിതാക്കൾ, അദ്ധ്യാപകർ)
5. ദൈവത്തെ അനുസരിക്കുന്ന കാര്യത്തിൽ യേശുവാണ് നല്ല ഉദാഹരണം എന്ന് നിങ്ങൾ കരുതുന്നുവോ? എങ്കിൽ എന്തുകൊണ്ട്? (കുട്ടികളുടെ ഉത്തരം ശ്രദ്ധയോടെ കേൾക്കുക. യേശു ദൈവപുത്രൻ ആയതിനാലും പാപം ചെയ്യാതെ സകലത്തിനും സമ്പൂർണ്ണൻ ആയതിനാലുമാണ് യേശു ഒരു നല്ല ഉദാഹരണമാണെന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക)

## പദപ്രശ്നം 6







## ഗെയിം 6

***ഞങ്ങൾക്കിടയിൽ ആയിരിക്കുക***

ഈ ഗെയിമിനായി ബലൂണുകൾ ഉപയോഗിക്കാം, ഇടത്തരം ബലൂണുകളോ പേപ്പർ ബോളുകളോ ഉപയോഗിക്കാം. ചിതറപ്പെട്ട നിലയിൽ കുട്ടികളെ അങ്ങിങ്ങായി നിർത്തുക. കണ്ണ് അടച്ച് നടന്നു കൊണ്ട് മറ്റൊരു കുട്ടിയെ തോടുക. ഈ കുട്ടിയായിരിക്കും നിങ്ങളുടെ പുതിയ കൂട്ടുകാരൻ.



നിർദ്ദേശം: ഇരുവർക്കും ഒരേ നീളം ആയിരിക്കുവാൻ ശ്രദ്ധിക്കുക. തുടങ്ങുവാനും അവസാനിക്കുവാനുമുള്ള സ്ഥലത്ത് വരകൾ ഉണ്ടായിരിക്കണം. ബലൂണോ പേപ്പറോ ഓരോ ടീമിനും നൽകുക. ഇത് ചേർന്ന് നിൽക്കുന്ന ഇരുവരുടെയും വയറിനു നടുവിലായി വയ്ക്കുക. കൈ തൊടാതെ, ബലൂൺ പൊട്ടാതെ, താഴെ വീഴാതെ അവസാനിക്കുന്നിടത്തെ വരവരെയും കൊണ്ടുവരണം.




## ഹോം വർക്ക് 6

എടുക്കേണ്ട അടുത്ത തീരുമാനത്തിന് വ്ഹട്ടം വൃത്തം വരയ്ക്കുക: രക്ഷയ്ക്കായി യേശുവിനോട് അപേക്ഷിക്കുക, സ്നാനത്തിനായി സമർപ്പിക്കുക, പരിശീലനം നേടുക, പാസ്റ്ററിനോപ്പമോ അദ്ധ്യാപകന് ഒപ്പമോ നിന്ന് പ്രവർത്തിക്കുക. മാതാപിതാക്കൾ പറയുന്നത് താമസം ഇല്ലാതെ വേഗം അനുസരിക്കുക. മറ്റുള്ളവരിൽ നിന്നും കേൾക്കുക. അടുത്തയാഴ്ച അടുത്ത തീരുമാനം പ്രായോഗികമാക്കുക.

# ടീമിനെ തിരഞ്ഞെടുക്കുന്നു.

07



**യേശു പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു മത്തായി 4:18-22 യോഹന്നാൻ 1:35-50**

## നാടകം (ഒന്നാം ഭാഗം)

തിരഞ്ഞെടുക്കപ്പെടുമ്പോൾ പ്രതിനിധി ക്രിസ്ത്യാനി ആയിരുന്നില്ല. യേശുവിൻറെ ജീവിതം കണ്ടും ജസ്റ്റിസ് ടീമിനൊപ്പം പ്രവർത്തിച്ചുമാണ് ക്രിസ്ത്യാനിയാകുവാനുള്ള തീരുമാനം താൻ എടുത്തത്. ഒരു തൊപ്പി തലയിൽ വയ്ക്കുവാൻ താൻ തീരുമാനിക്കുന്നു (കോമാളി വേഷത്തിൽ കടലാസുകൊണ്ടുള്ള ഒരു തൊപ്പി ധരിക്കുന്നു). യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുന്നു. തന്റെ ടീം അംഗങ്ങളുടെ ഓരോ കുറ്റങ്ങളും കണ്ടുപിടിക്കുന്നു. അവർ നടക്കുന്നതും തുമ്മുന്നതും എല്ലാം കുറ്റമായി പറയുന്നു. പ്രതിനിധിയ്ക്ക് യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും എങ്ങനെയാണെന്ന് അറിയില്ല എന്ന് നേതാവ് അഭിപ്രായപ്പെടുന്നു. അന്നത്തെ ദൗത്യ യാത്രയ്ക്ക് പോകുവാൻ അവർ തയ്യാറാകുന്നു.

## പാഠം 7

തന്നോട് ചേർന്ന് നിൽക്കുവാനും താൻ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത പ്രവർത്തികൾ പിന്നീട് ഘോഷിപ്പാനുമായി യേശുവിന് ഒരു ചെറിയ സംഘത്തെ ആവശ്യമായിരുന്നു. യേശു തന്നെ അനുഗമിക്കുവാൻ ചിലരെ വിളിച്ചു. അവർ അവനെ അനുഗമിച്ചു.
മത്തായി 4:18-22, യോഹന്നാൻ 1:35-50 വരേയും വായിക്കുക.
യേശുവിനെ അനുഗമിക്കുവാൻ തീരുമാനം എടുക്കുമ്പോൾ മത്തായി ചുങ്കം പിരിവുകാരൻ ആയിരുന്നു.
യേശുവിന്റെ വിളിയോട് പ്രതികരിച്ചവർ പന്ത്രണ്ട് പേരായിരുന്നു. ഇവർ പ്രശസ്തരായിരുന്നില്ല. അറിയപ്പെടുന്നവർ ആയിരുന്നില്ല, ധനികരായിരുന്നില്ല, ശക്തരോ വിദ്യാഭ്യാസമുള്ളവരോ ആയിരുന്നില്ല. അവരിൽ മിക്കപേരും മീൻപിടുത്തക്കാർ ആയിരുന്നു. അവരിൽ ആരും മതനേതാക്കന്മാർ ആയിരുന്നില്ല. എന്നാൽ യേശുവിന്റെ വിളികേട്ട് അവർ അവനെ അനുഗമിച്ചു. അവർ പാപം ഇല്ലാത്തവരായിരിക്കണമെന്നോ ഏതെങ്കിലും പരീക്ഷയിൽ വിജയിക്കണമെന്നോ, വാക്കാൽ എന്തെങ്കിലും ഉറപ്പ് തരണം എന്നോ ഒന്നും തന്നെ യേശു ആവശ്യപ്പെട്ടിരുന്നില്ല. യേശുവിനെ അറിയുവാനും യേശു ചെയ്യുന്നത് കാണുവാനും അവനെ അനുഗമിക്കുവാനും അവരെ വിളിച്ചു. എല്ലാവരും പ്രതീക്ഷിച്ചത് യൂദയും തന്റെ ജീവകാലം മുഴുവനും യേശുവിനെ അനുഗമിക്കും എന്നായിരുന്നു. യേശുവിന്റെ മരണത്തിനും ഉയർപ്പിനും ശേഷം അവർ യേശുവിനെക്കുറിച്ച് എല്ലാവരോടും പറയുവാൻ തുടങ്ങി. യേശു ദൈവമാണെന്ന് അവർക്കെല്ലാവർക്കും ബോധ്യം ഉണ്ടായി. അവർ അവനുവേണ്ടി മരിക്കുവാൻ പോലും തയ്യാറായി നിന്നു. അങ്ങനെ അവരിൽ പലരും അവനായി മരിക്കുകയും ചെയ്തു. എല്ലാവരും ഇപ്രകാരം ആയിത്തീരുവാനാണ് യേശു നമ്മെ വിളിച്ചത്. അവർ യേശുവിനെ അനുഗമിച്ച് അവൻ ചെയ്തത് ഒക്കെയും കണ്ടുകൊണ്ടിരുന്നു. യേശുവിനെ അറിയുവാനും അവനോടൊപ്പം സമയം ചിലവിടുവാനുമായാണ് അവൻ നമ്മെ വിളിച്ചത്. യേശുവിനെ അനുഗമിക്കുന്ന സംഘത്തിൽ ഉൾപ്പെട്ടയാളാണോ താങ്കൾ? ആ സംഘത്തിൽ ഉൾപ്പെട്ടയാൾ ആയിത്തീരാൻ യേശു ആഗ്രഹിക്കുന്നു. അതൊരു സന്തോഷകരമായ കാര്യമല്ലേ!!!

## മന:പാഠ വാക്യം 7

*യോഹന്നാൻ 8:12* യേശു വീണ്ടും പരീശന്മാരോടു പറഞ്ഞു: “ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശം ഉണ്ടായിരിക്കും.

## നാടകം (രണ്ടാം ഭാഗം)

ദൗത്യയാത്ര കഴിഞ്ഞ് മടങ്ങി വന്ന ശേഷം, ശിഷ്യന്മാരെക്കുറിച്ച്, അവർ എത്ര സാധാരണക്കാരാണെന്നും അവരുടെ പഴയ ജീവിതം ഉപേക്ഷിക്കുവാൻ അല്ലാതെ മറ്റൊരു മാറ്റങ്ങളും വരുത്തുവാൻ യേശു ശിഷ്യന്മാരോട് പറഞ്ഞിട്ടില്ല എന്നും ഉള്ളതായ കാര്യങ്ങൾ ടീം ചർച്ച ചെയ്യുന്നു. തൻറെ ജീവിതം യേശുവിനായി സമർപ്പിക്കേണ്ടതിന് യേശുവിനോട് പ്രാർത്ഥിക്കുവാൻ ടീം പ്രതിനിധിയോട് ആവശ്യപ്പെടുന്നു. യേശു തന്റെ ഹൃദയത്തിൽ പ്രവർത്തിക്കും എന്നും തന്റെ ജീവിതത്തെ പാടെ മാറ്റും എന്നും അവർ പ്രതിനിധിയോട് പറയുന്നു.

### ജസ്റ്റിസ് 7


സംഘത്തോട് കൂടെയുള്ള ജീവിതം മനോഹരമാണ്. നല്ല സ്വഭാവം ഇല്ലാത്തവരായോ ശാന്തസ്വഭാവം ഇല്ലാത്തവരായോ ആരെയെങ്കിലും കണ്ടാൽ നിങ്ങൾ ഭയപ്പെടരുത്. നാം നല്ല സ്വഭാവം ഉള്ളവരല്ലാതെയിരുന്നിട്ടും യേശുവിനോടുകൂടെ അവൻ നമ്മെ ചേർത്തു. ഇപ്രകാരം നമുക്ക് മറ്റുള്ളവരോടും ചെയ്യാം.

### ജീവചരിത്രം (പാസ്റ്റർ)7

തന്റെ കുടുംബത്തെ നന്നായി പരിപാലിക്കുക എന്നതാണ് ഒരു പാസ്റ്ററിന്റെ പ്രധാന ജോലി. (1 തിമോഥെയോസ് 3:1-7) സഭാകാര്യങ്ങളോടുള്ള ബന്ധത്തിൽ നല്ലയൊരു ബൈബിൾ പഠിതാവും ആത്മീയ പുസ്തകങ്ങളുടെ ഒരു നല്ല വായനക്കാരനും ആയിരിക്കണം. അപ്രകാരം നല്ലയൊരു പാസ്റ്ററാകുവാൻ പരിശീലിക്കപ്പെടുക. സന്ദേശങ്ങൾ തയ്യാറാക്കുക സഭാംഗങ്ങളെ ആത്മീയ പക്വതയിലേക്ക് എത്തിക്കുക.

*ഉത്തരവാദിത്വങ്ങൾ*: കുടുംബത്തെ പരിപാലിക്കുക, രാഷ്ട്രീയ വിഷയങ്ങളിൽ നിന്നും സ്വതന്ത്രനായിരിക്കുക. സഭാകാര്യങ്ങൾക്കായി ജീവിതം മാറ്റി വയ്ക്കുക. (2 തിമോഥെയോസ് 2:4) സഭയുടെ ആത്മീയ വളർച്ചയുടെ വഴി ശ്രദ്ധിക്കുക. ദൈവമാണ് സഭ ഏല്പ്പിച്ചിരിക്കുന്നത് എന്ന ബോധ്യത്തോടെ ഉത്തരവാദിത്വം ഉള്ളവനായിരിക്കുക.

*അവസരങ്ങൾ*: സഭയിലെ വ്യത്യസ്തങ്ങളായ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ ആളുകളെ പരിശീലിപ്പിക്കുവാനുള്ള അവസരം പാസ്റ്റർക്കുണ്ട്. സഭയുടെ നടത്തിപ്പിൽ ഉള്ള ചില ഉത്തരവാദിത്വങ്ങൾ അവരെ ഏൽപ്പിക്കാം. ഒരു ചെടി എപ്രകാരമാണോ വളരുന്നത് അതുപോലെയാണ് ഒരു സഭയുടെ വളർച്ചയും ശുശ്രൂഷയിലെ പല മേഖലകൾ കൈകാരം ചെയ്യുവാൻ പ്രാപ്തിയുള്ളവരായി ദൈവത്താൽ വിളിക്കപ്പെട്ടവരെ വീക്ഷിക്കുക എഫെസ്യർ 4:11-12 അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ. ഒരു പാസ്റ്റർ ഒരു നല്ല സുവിശേഷകനല്ല, ആയതിനാൽ സഭയിലേക്ക് അയയ്ക്കപ്പെടുന്ന ഇടയന്മാർ സഭാ വളർച്ചയ്ക്ക് ചില ഘട്ടങ്ങളിൽ തടസ്സം ഉണ്ടാക്കും. എന്നതിനാൽ അങ്ങനെയുള്ളവരെ തിരിച്ചറിയുക. ഒരു പാസ്റ്റർ ഒരു നല്ല അപ്പോസ്തലൻ ആയിരിക്കണമേന്നില്ല. ഒരുവന്റെ ശുശ്രൂഷ തിരിച്ചറിഞ്ഞ് സഭാ സ്ഥാപനത്തിനായി ഒരുവനെ അയയ്ക്കുന്നതും സഭാ വളർച്ചയ്ക്ക് പ്രയോജനം ചെയ്യും. മോശമായ ആളുകളെ തിരിച്ചറിയുവാനുള്ള കഴിവ് ഒരു പാസ്റ്റർക്ക് ഉണ്ടായിരിക്കണം. അവർ അനാവശ്യമായി സഭയിലേക്ക് കയറി പറ്റുവാൻ സാധ്യതയുണ്ട്. ഒരു നല്ല ഇടയൻ ആടുകളെ പരിപാലിക്കുന്നു.





### ചോദ്യോത്തരങ്ങൾ 7


1. ദൈവം ബലമുള്ളവരെയാണോ ബലഹീനരെയാണോ ഇഷ്ടപ്പെടുന്നത്? (പൊതുവായി പറഞ്ഞാൽ തൻറെ ബലം വെളിപ്പെടുത്തേണ്ടതിന് ദൈവം ബലഹീനരെ തിരഞ്ഞെടുക്കുന്നു. ആത്മീയ അഹങ്കാരം ഇല്ലാത്തവരെ ദൈവം തിരഞ്ഞെടുക്കുന്നു).
2. ദൈവത്തെ സേവിക്കുവാൻ നമ്മിലുള്ള എന്തു താലന്താണ് പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നത്? (വിവിധങ്ങളായ കഴിവുകളേയും താലന്തുകളെയും കുറിച്ച് ചർച്ച ചെയ്യുക. ചർച്ച ചെയ്യുമ്പോൾ അന്യോന്യം തമാശകൾ പറഞ്ഞ് പറയുന്ന കാര്യങ്ങളുടെ ഗൗരവം കളയുവാൻ കുട്ടികളെ അനുവദിക്കരുത്. നല്ല ചർച്ചകൾക്കായി കുട്ടികളെ പ്രോത്സാഹിപ്പിക്കുക).
3. ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതിനേക്കാൾ നല്ലതാണോ ഒരു കൂട്ടമായി പ്രവർത്തിക്കുന്നത്? (കുട്ടികൾ അവരുടെ അഭിപ്രായം പറഞ്ഞ ശേഷം, അവരിൽ ചിലർ ഒറ്റയ്ക്ക് പ്രവർത്തിക്കുന്നതാണ് നല്ലത് എന്ന് അഭിപ്രായപ്പെട്ടാൽ, ടീമായുള്ള പ്രവർത്തനമാണ് എപ്പോഴും നല്ലതെന്ന് മനസ്സിലാക്കി കൊടുക്കുക. നല്ല ഫലം ഉണ്ടാകുവാനും, വിവിധ ആശയങ്ങൾ ഉണ്ടാകുവാനും, അന്യോന്യം പ്രോത്സാഹിപ്പിക്കുവാനും ഒരു ടീമാണ് എപ്പോഴും നല്ലത്.
4. യേശുവിന്റെ ശിഷ്യന്മാർക്കിടയിൽ രസകരമായ നിമിഷങ്ങൾ ഉണ്ടായിരുന്നുവോ, അതോ അവർ എല്ലായ്പ്പോഴും ഗൗരവമുള്ളവരായിട്ടാണോ കാണപ്പെടുന്നത്. (യേശു അവരുടെ സ്നേഹിതനായിരുന്നുവെന്നും നമുക്ക് നമ്മുടെ സ്നേഹിതരോടുള്ള ബന്ധം അവർക്ക് യേശുവിനോട് ഉണ്ടായിരുന്നു. അവർ തമാശ പറഞ്ഞിരിക്കാം അവർക്ക് സംഭവിച്ച രസാവഹമായ കാര്യങ്ങളും അവർ പങ്കിട്ടിരിക്കാം).

5. പന്ത്രണ്ട് ശിഷ്യന്മാർ ആരെല്ലാം? (ശീമോൻ പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, ഫിലിപ്പോസ്, ബർത്തലോമായി, തോമസ് മത്തായി, അല്ഫായുടെ മകനായ യാക്കോബ്, തദ്ദായി, എരിവുകാരനായ ശിമോൻ, യൂദാ ഇസ്കാര്യത്ത.)


## പദപ്രശ്നം 7





## ഗെയിം 7



**പിങ്ങ്പോങ്ങ്**

വാക്യത്തിന്റെ ആദ്യവാക്ക് ഒരു കുട്ടി പറയുക അടുത്ത കുട്ടി അടുത്ത വാക്ക് പറയുക, അങ്ങനെ അതു തുടരുക. രണ്ട് പെരായിട്ടോ രണ്ടു ഗ്രൂപ്പായിട്ടോ ഇത് കളിയ്ക്കാവുന്നതാണ്.




## ഹോം വർക്ക് 7

യേശുവിനെക്കുറിച്ച് കൂടുതൽ പഠിക്കുവാനും യേശു ആരായിരുന്നു എന്ന് ചിന്തിക്കുവാനും അവൻ ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ ഒരുമിച്ച് പങ്കിടുവാനുമായി നിങ്ങളുടെ ക്രിസ്തീയ സൗഹൃദ സംഘത്തിലേക്ക് കുട്ടികളെ ക്ഷണിക്കുക. അവരെ സഭയിലേക്കും നയിക്കുവാൻ കഴിയും

# പോഷിപ്പിക്കുന്ന യേശു

08

## വെള്ളം വീഞ്ഞാകുന്നു യോഹന്നാൻ 2:1-11



### നാടകം (ഒന്നാം ഭാഗം)

കഴിഞ്ഞ ആഴ്ചയിൽ യേശുവിനെ സ്വീകരിച്ചതിൽ പ്രതിനിധി ഇപ്പോഴും ആകാംക്ഷയിലാണ്. ആദ്യമായി താൻ ഞായറാഴ്ച സഭയിൽ പോയി. അടുത്ത ആഴ്ചയും സഭയിൽ വരണം എന്ന് എല്ലാവരും തന്നെ ക്ഷണിച്ചു. ജസ്റ്റീസിന്റെ പ്രധാന ഓഫീസിൽ വച്ച് താൻ എന്താണ് സഭയിൽ നിന്നും പഠിച്ചത് എന്ന് അവരോടു പറയുന്നു. വീണ്ടും സഭയിൽ പോകുവാനും അവർ നൽകിയ ബൈബിൾ വായിക്കുവാനും ദൈവത്തോട് പ്രാർത്ഥിക്കുവാനും താൻ തീരുമാനമെടുക്കുന്നു. ഈ പുതിയ കാര്യങ്ങളിൽ എല്ലാം വളരെ ആകാക്ഷ ഉള്ളവനായി കാണപ്പെടുന്നു. യേശു പഠിപ്പിച്ചതും ചെയ്തതും കാണേണ്ടതിനും വേണ്ടി അവർ വീണ്ടും കാലത്തിനു പുറകിലേക്ക് യാത്ര പോകുവാൻ അവർ തീരുമാനിക്കുന്നു.

### പാഠം 8

യേശുവും, മറിയയും ശിഷ്യന്മാരും ഒരു വിവാഹ വിരുന്നിൽ പങ്കെടുക്കുന്നു. എല്ലാവര്ക്കും ആവശ്യമായത് കരുതുവാൻ അവർക്ക് കഴിഞ്ഞില്ല. മറിയ ഈ വാർത്ത അറിഞ്ഞു. സഹായത്തിനായി ആരെ വിളിക്കണം എന്ന് മറിയയ്ക്ക് അറിയാമായിരുന്നു. അവൾ യേശുവിനെ വിളിച്ചു.
യോഹന്നാൻ 2:1-11 വായിക്കുക
യേശു അത്ഭുതം ചെയ്യും എന്നും ഈ പ്രശ്നത്തിൽ നിന്നും യേശുവിന് ഒരു പരിഹാരം നൽകുവാൻ കഴിയും എന്നുമുള്ള മറിയയുടെ വിശ്വാസം അത്ഭുതകരമായ ഒരു കാര്യമാണ്.
ശുശ്രൂഷക്കാർ യേശുവിനെ അനുസരിച്ചു എന്നത് എത്ര നല്ല കാര്യമാണ്. അവർ വക്കോളം വെള്ളം നിറച്ചു. നിറയുന്നതിനു തൊട്ടുമുൻപുവരെയല്ല നിറച്ചത്, മറിച്ച് അവരാൽ ആവോളം അവർ നിറച്ചു. അവർ അലസരായി തീർന്ന് വേണമെങ്കിൽ കൽപ്പാത്രത്തിന്റെ പകുതി മാത്രം നിരയ്ക്കാംആയിരുന്നു. അല്ലെങ്കിൽ മുക്കാൽ ഭാഗം നിരയ്ക്കാംആയിരുന്നു. എന്നാൽ അവർക്ക് കഴിയുംവിധം യേശു പറയുന്നത് അപ്രകാരം അവർ അനുസരിച്ചു. ഇത് എവിടെ നിന്ന് എന്നറിയാതെയിരുന്നിട്ടും വീഞ്ഞ് വിരുന്നു വാഴിയ്ക്ക് കൊണ്ടുകൊടുക്കുവാൻ തക്ക നിലയിൽ അവർ ധൈര്യമുള്ളവർ ആയിരുന്നു! ഇപ്രകാരമാണ് നാം യേശുവിനെ അനുഗമിക്കേണ്ടത്. അവൻ നമ്മുടെ ജീവിതത്തിലും സമൂഹത്തിലും പ്രവർത്തിക്കും എന്ന് ഉറപ്പായും വിശ്വസിക്കാം. കഴിയുന്നത്ര നന്നായി നാമും യേശുവിനെ അനുസരിക്കേണ്ടതാകുന്നു. നാം അലസരാകരുത്, പിന്നോട്ട് മാറരുത്. യേശു എനിക്ക് ഏറ്റവും മികച്ചതേ നൽകൂ എന്ന ആത്മ വിശ്വാസം നമുക്ക് ഉണ്ടായിരിക്കണം. ആരും നിങ്ങളെ സഹായിക്കാതിരുന്ന ഏതെങ്കിലും ഒരു അനുഭവം നിങ്ങൾക്ക് ഉണ്ടായിട്ടുണ്ടോ? അല്ലെങ്കിൽ ആരോ സഹായിച്ചു, എന്നാൽ വേണ്ട വിധത്തിൽ അത് പ്രയോജനപ്പെട്ടില്ല ഇങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ? അതുമല്ലെങ്കിൽ ആരോ സഹായിച്ചു നമുക്ക് ആവശ്യമുള്ളതിൽ അധികം സഹായമായി അതു തീർന്നു. അങ്ങനെ ആത്മാർത്ഥമായി സഹായിപ്പാൻ ആരെങ്കിലും ഉള്ളത് എത്ര നല്ല കാര്യമാണ്. അപ്രകാരമാണ് യേശു നമ്മെ സഹായിച്ചത്. ലൂക്കോസ് 6:38 ൽ യേശു ഇപ്രകാരം പറയുന്നു "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. ഇപ്രകാരമാണ് നാം ജീവിക്കേണ്ടത്.

### മന:പാഠം 8

*ലൂക്കോസ് 6:38* അമർത്തിക്കുലുക്കി നിറഞ്ഞു കവിയുന്ന നല്ല അളവുതന്നെ നിങ്ങൾക്കു ലഭിക്കും. നിങ്ങൾ അളന്നുകൊടുക്കുന്ന അളവായിരിക്കും നിങ്ങൾക്കു തിരിച്ചു കിട്ടുക.

## നാടകം (രണ്ടാം ഭാഗം)

ദൗത്യ യാത്രയിൽ നിന്നും മടങ്ങി വന്ന ശേഷം, കൽഭരണിയിൽ നിറഞ്ഞ വെള്ളത്തെ കുറിച്ചും പെട്ടെന്ന് അത് വീഞ്ഞായി തീർന്നതിനെ കുറിച്ചും ചർച്ച നടത്തുന്നു. ശുശ്രൂഷക്കാർ വെള്ളം കൽഭരണിയുടെ വക്കോളം, നിറയ്ക്കുന്നതിനെ കുറിച്ച് പ്രതിനിധിയും ടീമും സംസാരിക്കുന്നു. ഞായറാഴ്ചയും പ്രാർത്ഥനാ സമയത്തും മാത്രമല്ല ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലും അവർ തങ്ങളുടെ ജീവിതം ദൈവത്തിനായി സമർപ്പിച്ചിരുന്നു. അവർ പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ട്. മറ്റുള്ളവരോടുള്ള ഇടപെടൽ വളരെ നന്നായി അവർ ചെയ്യുന്നു. അവർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നു. പല കാര്യങ്ങളുടേയും ശരിയായ അർത്ഥം അവർക്ക് അറിയില്ല എങ്കിലും ബൈബിൾ വായിക്കുകയും സഭയിൽ പോയി കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. ഇപ്രകാരം തങ്ങളുടെ ജീവിതം പൂർണ്ണമായും ദൈവത്തിനായി സമർപ്പിക്കാം എന്ന് അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നു.

## ജസ്റ്റിസ് 8

നാം മറ്റുള്ളവരെ സഹായിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നാം അനുസരണമുള്ളവരും കരുണയുള്ളവരുമായി മാറുമ്പോൾ നാം തുടങ്ങി വച്ച കാര്യങ്ങളെ ദൈവം ഉപയോഗിക്കുകയും ജീവിതത്തെ മാറ്റിമറിയ്ക്കുന്ന അനുഗ്രഹങ്ങളാക്കി അവയൊക്കെയും മാറ്റുകയും ചെയ്യുന്നു.


## ജീവചരിത്രം (സ്റ്റോർ ക്ലർക്ക്)

ഒരു സ്റ്റോർ ക്ലർക്ക് എന്ന നിലയിൽ ഒന്നുകിൽ നിങ്ങൾ ഒരു വലിയ കടയിലെ ഒരു കൂട്ടം ആളുകളിൽ ഒരാൾ ആയിരിക്കാം അല്ലെങ്കിൽ ഒരു ചെറിയ കടയിൽ ഇരിക്കുന്ന ഒരു വ്യക്തി ആയിരിക്കാം. ഇവയിൽ ഏതായാലും ഉപഭോക്താവിന്റെ ആവശ്യങ്ങൾ അറിയുവാൻ ഉള്ള ജാഗ്രത നിങ്ങൾക്കുണ്ടായിരിക്കണം. അവരെ സഹായിക്കാൻ തയ്യാറായിരിക്കണം.

*ഉത്തരവാദിത്വങ്ങൾ*: കടയുടെ ഉടമസ്ഥൻ നൽകിയ ജോലിയോ ഡിപ്പാർട്ട്മെന്റ് മാനേജർ നൽകിയ ജോലിയോ ആകാം ഒരു ക്ലർക്ക് ചെയ്യേണ്ടത്. എല്ലായ്പ്പോഴും നിങ്ങൾ ഒരു സ്ഥാനത്ത് തന്നെ ആയിരിക്കണമെന്നില്ല. ഏത് മേഖലയിലാണ് തിരക്ക്, എത്ര ക്ലാർക്കുകൾ പ്രവർത്തനത്തിനായുണ്ട്, ക്ലർക്കിന് ഏത് മേഖലയിലാണ് കഴിവും പരിശീലനവും ലഭിച്ചിരിക്കുന്നത് എന്നീ കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് കടയിൽ ഒരു ക്ലർക്കിന്റെ ആവശ്യം നിശ്ചയിക്കുന്നത്.

*അവസരങ്ങൾ*: ഒരു തൊഴിൽ ചെയ്യുന്നതിന് മുൻപോ ആ കാലയളവിൽ തന്നെയോ ചില പരിശീലനങ്ങൾ പ്രവർത്തകർക്ക് നൽകാറുണ്ട്. പരിശീലനം എല്ലായ്പ്പോഴും നല്ലതാണ്. ഇതും സേവനപരമായ ജോലിയാണ്. ദൈവരാജ്യത്തിന്റെ പ്രധാന ആശയമാണ് ശുശ്രൂഷ എന്നത്. എങ്ങനെ മറ്റുള്ളവരെ ശുശ്രൂഷിക്കാം എന്ന ചിന്ത ജീവിതത്തിൽ ഉടനീളം നിങ്ങൾക്ക് സഹായകമാകും. ഏറ്റവും മികച്ച നിലവാരമാണ് ഈ ജോലി നിങ്ങളോട് ആവശ്യപ്പെടുന്നത്. നിങ്ങൾക്ക് വിശ്രമിക്കാനുള്ള സമയവും ലഭിക്കുന്നു. കടയിൽ വരുന്നവരോട് നന്നായി ഇടപെടുവാൻ ഇവ നിങ്ങൾക്ക് സഹായകമാകുന്നു.

## ചോദ്യോത്തരങ്ങൾ 8





1. ദൈവത്തിന് നമ്മെ അനുഗ്രഹിക്കണമെങ്കിൽ, എന്തിന് പരിതാപകരമായ കാര്യങ്ങൾ നമ്മിൽ നടത്തണം? (അനേക പാപങ്ങൾ ഉള്ള ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. പ്രയാസകരമായ കാര്യങ്ങൾ നമുക്കെല്ലാവർക്കും സംഭവിക്കാം. ശരീരത്തേക്കാൾ ഉപരിയായി ദൈവം നമ്മുടെ ആത്മാവിനാണ് പ്രാധാന്യം നൽകുന്നത്. എന്തെന്നാൽ ദേഹിയും ആത്മാവുമാണ് നിത്യമായവ. ശരീരം നിത്യമല്ല. വേദനകളെയും സാഹചര്യങ്ങളെയും ദൈവം നമുക്ക് തരുന്നത് നമ്മുടെ ഹൃദയത്തിനു രൂപാന്തരം വരുത്തുവാനും പക്വത വർദ്ധിപ്പിക്കുവാനുമാണ്).
2. ആവശ്യക്കാരെ സഹായിപ്പാൻ മുന്നിട്ടിറങ്ങുമ്പോൾ നിങ്ങളുടെ സമൂഹം എന്തു നിയമമാണ് നിങ്ങൾക്ക് പറഞ്ഞു തരുന്നത്? (സമൂഹത്തിലെ വിവിധങ്ങളായ സംസ്കാരങ്ങളെക്കുറിച്ചും വിവിധങ്ങളായ നിയമങ്ങളെ കുറിച്ചും ചർച്ച ചെയ്യുക. ഓരോ സമൂഹത്തിലും അവരുടേതായ നിയമ വ്യവസ്ഥകൾ ഉണ്ട്. ഒരു യാചകന് നിങ്ങൾ ദാനധർമ്മം ചെയ്യാറുണ്ടോ? ഒരു സ്ത്രീ തെരുവിൽ വീണാൽ ആളുകൾ അവരെ സഹായിക്കാതിരിക്കുമോ? ഒരു കുട്ടിയെ കാണാതെ പോയാൽ ആളുകൾ സഹായിക്കാതിരിക്കുമോ)?
3. 'അത് എന്റെ കുഴപ്പമല്ല' എന്ന് ആളുകൾ പറയുന്നത് എത്ര തവണ നിങ്ങൾ കേട്ടിട്ടുണ്ട്? അവർ ആരേയും സഹായിക്കാറില്ല, അവർക്ക് ആരുടേയും സഹായം ആവശ്യമില്ല എന്ന് അവർ ചിന്തിക്കുന്നു. (നിങ്ങൾ


താമസിക്കുന്ന സമൂഹത്തിന്റെ നിയമ വ്യവസ്ഥയെക്കുറിച്ചും 'സഹായിക്കുക' എന്നത് ശരിയോ തെറ്റോ എന്നതിനെക്കുറിച്ചും ചർച്ച നടത്തുക. ഉദാഹരണമായി ദൈവം നമ്മിൽ നിന്നും എന്ത് പ്രതീക്ഷിക്കുന്നു എന്ന് ചർച്ച ചെയ്യുക.)

4. നിങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ട എന്തെങ്കിലും ഒന്ന് യാഗമർപ്പിക്കുവാൻ ദൈവം പറഞ്ഞാൽ എന്തായിരികും അർപ്പിക്കുക? (നമ്മിൽ മിക്കപേർക്കും വളരെ സ്നേഹിക്കുന്ന ഒരു കുടുംബമുണ്ട്, എന്നാൽ നിങ്ങളുടെ ജീവിതത്തിലെ പരമപ്രധാനമായ ഒന്നാണ് ദൈവത്തിനാവശ്യം. ദൈവത്തെ സേവിക്കുവാൻ വേണ്ടി ഒരുപക്ഷേ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് കുടുംബവുമായുള്ള ആ അടുപ്പം ആയിരിക്കാം. സ്വന്ത കുടുംബത്തെ ഉപേക്ഷിച്ച് ദൈവത്തെ സേവിക്കുവാനായി മറ്റൊരു രാജ്യത്ത് പോയി പ്രവർത്തിക്കുന്ന മിഷനറിമാരുടെ മാനസിക അവസ്ഥ എന്തായിരിക്കും എന്ന് ചിന്തിക്കുവാൻ കുട്ടികളോട് പറയുക.
5. നിങ്ങളുടെ ജീവിതത്തിൽ പ്രത്യേകമായ ഒരു നന്മ തരേണ്ടതിന് ദൈവത്തോട് നിങ്ങൾക്ക് ചോദിക്കുവാൻ കഴിയുമെങ്കിൽ എന്തു നന്മയായിരിക്കും നിങ്ങൾ ചോദിക്കുക?

## പദപ്രശ്നം 8






## ഗെയിം 8

**എവരിവൺ റ്റു ദ ബക്കറ്റ്**

കുടിവെള്ളവും സ്ട്രോയും മുൻപിലായി തയ്യാറാക്കി വയ്ക്കുക. ഓരോ ഗ്രൂപ്പും ഒരു വൃത്താകൃതിയിൽ കഴിയുന്നത്ര ചേർന്ന് നിൽക്കുക. ഗ്രൂപ്പിന്റെ നടുവിലായി വെള്ളം നിറച്ച ഒരു പാത്രം വയ്ക്കുക. ഈ പാത്രത്തിലെ വെള്ളം മുഴുവനും അതാതു ഗ്രൂപ്പ് കുടിച്ച് തീർക്കണം. ഒരുമിച്ച് കുടിക്കുകയോ ഒരാൾ ഒരു സമയത്ത് എന്ന കണക്കിലോ കുടിക്കാവുന്നതാണ് ഗ്രൂപ്പുകൾ എണ്ണത്തിൽ കൂടുതൽ ആണെങ്കിൽ കൂടുതൽ പാത്രങ്ങളിൽ വെള്ളം എടുത്ത് ഓരോ ടീമായി കുടിയ്ക്കാവുന്നതാണ്.






## ഹോം വർക്ക് 8

ആവശ്യക്കാരായുള്ള ആളുകളെ ഇനിയും കാണുമ്പോൾ യേശു നൽകിയതുപോലെ അമർത്തി കുലുക്കി കവിയുന്ന നല്ലയൊരു അളവ് നന്മ അവർക്കായി നൽകുക.

# യേശുവിനെപ്പോലെ സ്നേഹിക്കുക 09



## നല്ല ശമര്യാക്കാരൻ ലൂക്കോസ് 10;25-37

### നാടകം (ഒന്നാം ഭാഗം)

തന്റെ ജീവിതം മുഴുവൻ ദൈവത്തിനായി എങ്ങനെ നൽകും എന്ന് പ്രതിനിധി ചിന്തിക്കുന്നു. അയൽക്കാരനെ തന്നേപ്പോലെ തന്നെ സ്നേഹിക്കണം എന്ന് സഭയിൽ നിന്നും പഠിച്ചു. ഈ ആഴ്ച്ചയിൽ താൻ എങ്ങനെ അയൽക്കാർക്ക് ദയാലുവായിരിക്കും എന്ന് ടീം അംഗങ്ങളോട് പ്രതിനിധി പറയുന്നു. ഒരു കുട്ടി ഒഴികെ ബാക്കിയെല്ലാവരും തന്റെ ശത്രുക്കളാണ്. കുടുംബാംഗങ്ങൾ എപ്പോഴും ശത്രുതയിലാണ് തനിക്ക് ഒഴികഴിവ് കാണുമെന്നും ശത്രുക്കളെ ഒഴികെ ബാക്കിയെല്ലാവരെയും സ്നേഹിക്കാം എന്നും താൻ തീരുമാനിക്കുന്നു. ടീം ഒന്നടങ്കം ഇതിനെ എതിർക്കുന്നു.

### പാഠം 9

ലൂക്കോസ് 10:25-29 വായിക്കുക
യേശു പറയുന്നു, ദൈവത്തെ സ്നേഹിക്കുക, അയൽക്കാരനെ സ്നേഹിക്കുക എനിവയാണ് ഏറ്റവും പരമപ്രധാനമായ നിയമം മറ്റു ന്യായപ്രമാണങ്ങളെല്ലാം ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തെ ആരാധിച്ചും ദൈവത്തിന്റെ കല്പനകളെ പ്രമാണിച്ചും നാം ദൈവത്തെ സ്നേഹിക്കുന്നു. എന്നാൽ ആരാണ് നമ്മുടെ അയൽക്കാർ? എങ്ങനെയാണ് അവരെ സ്നേഹിക്കേണ്ടത്? ലൂക്കോസ് 10:30-37 വായിക്കുക
ചില പ്രത്യേക കാരണങ്ങളാൽ ശമാര്യാക്കാരും യെഹൂദരും തമ്മിൽ പിണക്കമായിരുന്നു. ഒരിക്കൽ യേശു അയൽക്കാരന്റെ ഉപമ പറയേണ്ടതിന് ശമര്യാക്കാരന്റെ ഉദാഹരണം എടുത്ത് പറഞ്ഞത് യെഹൂദർക്ക് അംഗീകരിക്കുവാൻ കഴിഞ്ഞില്ല. ആ കഥയിൽ ശമാര്യാക്കാരനായിരുന്നു നല്ല വ്യക്തി. എല്ലാവരും നമ്മുടെ അയൽക്കാരാണെന്നും അവരോട് സ്നേഹവും കരുണയും കാണിക്കണം എന്നും യേശു പഠിപ്പിച്ചു.
അടുത്ത ചോദ്യം അവരെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും എന്നതാണ്. വീണ്ടും, ആ ശമര്യാക്കാരന്റെ കഥയിൽ ശമര്യാക്കാരൻ യെഹൂദനെ ശുശ്രൂഷിക്കുന്നു. ശമര്യാക്കാരൻ ആ മനുഷ്യന്റെ മുറിവുകളെ കെട്ടി സത്രത്തിൽ എത്തിച്ചു. അവിടെ പണം കൊടുത്ത ശേഷം മടങ്ങി വരുമ്പോൾ എല്ലാം ശരിയാക്കാം എന്ന വാഗ്ദത്തവും നൽകി. നമുക്ക് ചുറ്റുമുള്ള ആളുകളോട് കരുണയും ദയയും കാണിക്കേണ്ടതിന് ഇത് ഒരു വലിയ ഉദാഹരണമാണ്. യേശു നമുക്കായി ഭൂമിയിലേക്ക് വന്നു മരിച്ച് ഉയർത്തെഴുന്നേറ്റത് ഈ പദ്ധതിയ്ക്കായിട്ടാകുന്നു.

### മന:പാഠ വാക്യം 9

*ലൂക്കോസ് 10:27* നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും പൂർണമനസ്സോടുംകൂടി സ്നേഹിക്കണം; നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" എന്ന് അയാൾ ഉത്തരം പറഞ്ഞു.

### നാടകം (രണ്ടാം ഭാഗം)

ദൗത്യത്തിൽ നിന്നും മടങ്ങിവന്നശേഷം, പ്രതിനിധി വലിയ ആശയക്കുഴപ്പത്തിൽ ആകുന്നു. എങ്ങനെ തൻറെ ശത്രുവിനെ സ്നേഹിക്കുവാൻ കഴിയും. ഒന്നാമതായി, ശത്രുവിനോട് ദയ കാണിക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. രണ്ടാമതായി, എന്തു ചെയ്യേണം എന്ന് ചിന്തിക്കുന്നതും പ്രയാസമുള്ള കാര്യമാണ്. ടീം അംഗങ്ങളോട് ഇത് പങ്കിടുന്നു. ശത്രുവിനെ സ്നേഹിക്കുവാൻ പല വഴികൾ അവർ പറഞ്ഞുകൊടുക്കുന്നു. ഇഷ്ടമല്ലാത്തതായ ഒരു ചെറിയ കാര്യം ചെയ്യുവാൻ ശ്രമിക്കുക, ചെയ്തതിനു ശേഷം പിന്നീട് നേതാവ് നിർദ്ദേശിക്കുന്നു. അവർ ഒന്നിച്ച് അവരുടെ ശത്രുക്കളെ അനുഗ്രഹിക്കണം എന്ന് പ്രാർത്ഥിക്കുന്നു. പ്രതിനിധിക്ക് ഇത് അംഗീകരിക്കുവാൻ അല്പം പ്രയാസമായിരുന്നു. അടുത്ത തവണ തന്റെ ശത്രുവിനെ കാണുമ്പോൾ ഒരു ഹായ് പറയുവാൻ പ്രതിനിധി തീരുമാനിക്കുന്നു. ഒരു നല്ല പ്രതികരണം താൻ പ്രതീക്ഷിക്കുന്നില്ല. അവിടെ നിന്നും കാലാവസ്ഥയെ കുറിച്ചോ

അങ്ങനെയുള്ളതായ ചെറിയ കാര്യങ്ങളെ കുറിച്ചോ സംസാരിച്ചു തുടങ്ങി, പിന്നീടൊരിക്കലും ശത്രുത ഇല്ലാത്ത അവസ്ഥയിൽ ആയിത്തീരും.

## ജസ്റ്റിസ് 9


നാം നമ്മെ തന്നെ സ്നേഹിക്കുമ്പോൾ എന്തെല്ലാം പ്രവർത്തികളാണ് നാം ചെയ്യുന്നത്? ആഹാരം വാങ്ങുന്നു, ബിൽ അടയ്ക്കുന്നു, പ്രശ്നങ്ങൾ പരിഹരിക്കുന്നു. എന്നാൽ യേശു പറയുന്ന നാം നമ്മെ സ്നേഹിക്കുന്നതിന് ഉപരിയായി മറ്റുള്ളവരെ സ്നേഹിക്കണം. മറ്റുള്ളവർക്കായി നന്മ ചെയ്യുവാൻ നമുക്ക് തയ്യാറാകാം.

## ജീവചരിത്രം (ഡോക്ടർ) 9

ആളുകളെ സഹായിക്കുക എന്നതാണ് ഒരു ഡോക്ടറിന്റെ ജോലി. ഇതാണ് നിങ്ങളുടെ ജോലി എങ്കിൽ, ആളുകളെ സൗഖ്യമാക്കുവാൻ ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട് എന്നറിയുക. വേദപുസ്തകത്തിൽ ദൈവജനത്തിന് ലഭിച്ച രോഗസൗഖ്യങ്ങളെ കുറിച്ച് പറയുന്ന നിരവധി റഫറൻസുകളുണ്ട്. ആളുകൾക്കാവശ്യമുള്ള പരിശീലനം നൽകുന്ന കാര്യത്തിലും ദൈവം അവരെ സഹായിക്കുന്നു. ലൂക്കോസ് ഒരു വൈദ്യനായിരുന്നു. പൗലോസ് ആളുകളെ സൗഖ്യമാക്കുന്ന അതേ സ്ഥലത്തുതന്നെ ലൂക്കോസ് ഒരു ഡോക്ടറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

*ഉത്തരവാദിത്വങ്ങൾ*: ചെയ്യേണ്ടത് ഏതു തരം ചികിത്സയാണെന്നുള്ള പഠനവും ഏതു തരം മരുന്നാണ് ഉപയോഗിക്കേണ്ടത് എന്നുള്ള തീരുമാനവും എടുക്കുക എന്നത് ഒരു ഡോക്ടറിന്റെ ഉത്തരവാദിത്വമാണ്. ദൈനംദിന ജീവിതത്തിൽ ആളുകൾക്കാവശ്യമുള്ളതായ ആരോഗ്യത്തിനായി എല്ലാവരും ഡോക്ടറുടെ സേവനം അന്വേഷിക്കുന്നു.

*അവസരങ്ങൾ*: ഒരു ഡോക്ടർ എല്ലാ നിലയിൽ ഉള്ള ആളുകളേയും ദിവസവും കാണുന്നു. എല്ലാ മനുഷ്യരുടെയും ജീവിതത്തിലെ പ്രധാനപ്പെട്ട വിഷയങ്ങളിൽ അവരെ ഉപദേശിക്കുവാൻ ഡോക്ടർക്ക് കഴിയും.




## ചോദ്യോത്തരങ്ങൾ 9

1. സഹായിക്കുവാൻ കഴിയാത്തതിന് പൊതുവായി നാം പറയുന്ന കാരണങ്ങൾ എന്തെല്ലാമാണ്? (പൊതുവായ കാരണങ്ങൾ: പണം, സമയം, മാതാപിതാക്കളുടെ സമ്മതം, മറ്റുള്ളവരുടെ അഭിപ്രായങ്ങൾ, പ്രശ്നങ്ങളിൽ ഉൾപ്പെടുമോ എന്ന ഭയം)
2. എല്ലാവരോടും സ്നേഹമാകേണ്ടത്തിന്റെ ആവശ്യമുണ്ടോ? (എല്ലാവരേയും സ്നേഹിക്കണം, എല്ലാവരോടും സ്നേഹമായും സൗഹൃദമായും ഇടപെടുക, എങ്കിലും, ആരെങ്കിലും നമ്മോട് ക്രൂരമായി പെരുമാറുന്നുവെങ്കിൽ നാം അവർക്ക് സുഹൃത്ത് ആകണം എന്നില്ല. ശത്രുക്കളെ സ്നേഹിക്കണം. സൗഹൃദത്തിൽ ആകണമെന്നില്ല.
3. ആളുകളോട് എങ്ങനെ കരുണയുള്ളവരായിരിക്കാം? (കുട്ടികളുടെ ഉത്തരം ശ്രദ്ധിക്കുക, ശമര്യാക്കാരൻ യഹൂദനെ എങ്ങനെ സഹായിച്ചു എന്ന് അവർക്ക് പറഞ്ഞു കൊടുക്കുക)
4. നിങ്ങളോട് ആരെങ്കിലും കരുണ കാണിച്ചിട്ടുണ്ടോ? ( കുട്ടികൾ ഉത്തരം പറയട്ടെ)
5. ശമാര്യാക്കാരനെ നിങ്ങൾ കാണുന്നുവെങ്കിൽ അദ്ദേഹത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? (സഹായിക്കും എന്നാണ് ഉത്തരം എങ്കിൽ അത് എങ്ങനെ എന്ന് ചോദിക്കുക)

## പദപ്രശ്നം ഉത്തരം 9









## ഗെയിം 9

***ആരാണെന്ന് കണ്ടെത്തുക***



ഓരോ കുട്ടികൾക്കുമായി ഓരോ കസേര വയ്ക്കുക. വൃത്താകൃതിയിലാകണം വയ്ക്കേണ്ടത്. കളർപേപ്പറുകൾ വെട്ടി കസേരയുടെ പുറകിലായി ഒട്ടിച്ച് വയ്ക്കുക. ഓരോ നിറങ്ങളും കസേരികളിൽ മൂന്ന് തവണം ആവർത്തിച്ച് വരണം. മ്യൂസിക്ക് ആരംഭിക്കുമ്പോൾ കസേരയ്ക്ക് ചുറ്റും കുട്ടികൾ നടക്കണം. മ്യൂസിക്ക് അവസാനിക്കുമ്പോൾ കുട്ടികൾ പെട്ടെന്ന് കസേരയിൽ ഇരിക്കണം. ടീച്ചർ ഏതെങ്കിലും ഒരു നിറം പറയുകയും ആ കസേരയിൽ ഇരുന്ന കുട്ടി മന:പാഠ വാക്യം പറയുകയും വേണം. ഉദാഹരണമായി, ടീച്ചർ ചുവപ്പ് നിറമുള്ള കടലാസ് ഒട്ടിച്ച കസേരയിൽ ഇരുന്ന കുട്ടികൾ എഴുന്നേറ്റ് നിന്ന് മന:പാഠ വാക്യം പറയണം.




## ഹോം വർക്ക് 9

അത്യാവശ്യത്തിൽ ഇരിക്കുന്ന ആരെയെങ്കിലും കണ്ടെത്തി അവരെ ഈ ആഴ്ച്ച സഹായിക്കുക. ദയയോടു കൂടിയ പ്രവർത്തനങ്ങൾ അവർക്കായി ചെയ്തു കൊടുക്കുക.

# ആവശ്യത്തിൽ ഉപരിയായി സൃഷ്ടിക്കുന്ന ദൈവം 10



## 5000 പേരെ പോഷിപ്പിക്കുന്ന മത്തായി 14:13-21

### നാടകം (ഒന്നാം ഭാഗം)

സഭയിൽ ഒരു ചെറിയ കുട്ടിയെ അവളുടെ അമ്മയ്ക്കുള്ള ഒരു നോട്ട് എഴുതുവാൻ ഇപ്രകാരം സഹായിച്ചു എന്ന് അന്വേഷകൻ ടീമിനോട് പറയുന്നു. എല്ലായ്പ്പോഴും അവളെ സഹായിക്കണം എന്ന് ആ കുട്ടി ആഗ്രഹിക്കുന്നു. എന്നാൽ എത്രത്തോളം ആ കുട്ടിയെ സഹായിക്കുവാൻ കഴിയും എന്ന് അന്വേഷകൻ ആശങ്കപ്പെടുന്നു. അന്വേഷകൻ ചെയ്തത് പ്രധാനപ്പെട്ട ഒരു കാര്യമാണ് എന്ന് ടീം അംഗങ്ങൾ പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്നു. ശേഷം ബൈബിൾ കഥയുടെ കാലത്തേക്ക് അവർ മടങ്ങിപ്പോകുന്നു.

### പാഠം 10

എത്രത്തോളം ആവശ്യമുണ്ട്?
മത്തായി 14:15-21 വായിക്കുക
യേശുവിനോട് കൂടെ ഒരു വലിയ ആൾക്കൂട്ടം ഉണ്ടായിരുന്നു. അവർക്ക് ഭക്ഷണം ആവശ്യമായിരുന്നു. അവരുടെ കൈവശമുള്ള ഭക്ഷണം പുരുഷാരത്തിനു നൽകുവാൻ യേശു ശിഷ്യന്മാരോട് പറഞ്ഞു. അയ്യായിരം പേര് അഞ്ച് അപ്പവും രണ്ടു മീനും വിളമ്പുവാനുള്ള ശിഷ്യന്മാരുടെ വിശ്വാസത്തെ ഭാവനയിൽ ഒന്നു കണ്ടു നോക്കൂ.
എല്ലാവർക്കും അല്പം ലഭിച്ച ശേഷം ശിഷ്യന്മാർക്ക് കഴിയ്ക്കുവാൻ ഒന്നും ശേഷിയ്ക്കുകയില്ലായിരുന്നു.
എന്നാൽ യേശു അത്ഭുതം ചെയ്യുകയും എല്ലാവര്ക്കും ലഭിക്കുകയും ഒടുവിൽ പന്ത്രണ്ട് കുട്ട ശേഷിക്കുകയും ചെയ്തു.
എല്ലാവര്ക്കും നിറയെ ആഹാരം കിട്ടി ശിഷ്യന്മാർക്ക് പിറ്റേ ദിവസവും കഴിപ്പാനുള്ള ആഹാരം ലഭിച്ചു.
ഏവർക്കും ആവശ്യമായ നിലയിൽ ആഹാരം ഉണ്ടാക്കുവാൻ യേശുവിന് കഴിയുമായിരുന്നു. എന്നാൽ അവർക്കുണ്ടായിരുന്നതിൽ നിന്നും വർദ്ധിപ്പിച്ച് എല്ലാവർക്കും ആഹാരം യേശു നൽകി.
നമുക്ക് ശിഷ്യന്മാരെ പോലെ ആകുവാൻ കഴിയും. നമുക്കുള്ളത് എന്തും നൽകുവാൻ തയ്യാറാണെങ്കിൽ അവിശ്വസനീയമായ പ്രവർത്തികൾ ദൈവം ചെയ്യുവാൻ ഇടയാകും.
ഇത് കേവലം ആഹാരത്തെക്കുറിച്ചോ, പണത്തെക്കുറിച്ചോ അല്ല സമയത്തേയും പരിശ്രമത്തേയും കുറിച്ച് കൂടിയാണ്.

### മന:പാഠ വാക്യം 10

*മത്തായി 19:26* യേശു അവരെ സൂക്ഷിച്ചു നോക്കിക്കൊണ്ടു പ്രതിവചിച്ചു: “മനുഷ്യർക്ക് അത് അസാധ്യം; എന്നാൽ ദൈവത്തിനു സകലവും സാധ്യമാണ്.

### നാടകം (രണ്ടാം ഭാഗം)

ഈ കാലത്തിലേക്ക് മടങ്ങിവന്ന ശേഷം സഭയിൽ നിന്നും ഉള്ള പ്രധാനപ്പെട്ട ഒരു ലീഡറിന്റെ സന്ദേശം അന്വേഷകൻ മൊബൈലിലേക്ക് വരുന്നു. അവിടെയുള്ള ആ കുട്ടിയുടെ കുടുംബം പട്ടണത്തിലേക്ക് താമസം മാറ്റി. കൂട്ടുകാരെ ആരേയും കിട്ടാത്തതിനാൽ ആ കുട്ടി ഒറ്റയ്ക്ക് വളരെ ബുദ്ധിമുട്ടുന്നു. എന്നാൽ സഭയിൽ തന്നോട് ദയ കാണിച്ച പുതിയ സുഹൃത്തിനെ കുറിച്ച് എപ്പോഴും അവൾ തന്റെ മാതാപിതാക്കളോട് പറയുന്നു. അവർ ആ പട്ടണത്തിൽ ഒറ്റയ്ക്കല്ല എന്നറിഞ്ഞതിൽ അവർ വളരെ സന്തോഷിക്കുന്നു. അന്വേഷകന്റെ കരുണയെ കുറിച്ച് അറിയാവുന്ന മറ്റൊരു കുടുംബം ആ കുട്ടിയുടെ കുടുംബത്തെ കൂടി കൊണ്ട് വരുവാൻ തീരുമാനിക്കുന്നു. അന്വേഷകന്റെ ഈ സ്വഭാവത്തെ പിന്തുടരുവാൻ മറ്റൊരു വ്യക്തി തീരുമാനിക്കുന്നു. ഈ സന്ദേശം ലഭിച്ച ശേഷം താൻ ചെയ്ത ഒരു ചെറിയ പ്രവർത്തി എത്രത്തോളം ആളുകൾക്ക് പ്രയോജനപ്പെട്ടു എന്ന് ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തി.

### ജസ്റ്റിസ് 10


ചില ആവശ്യങ്ങൾ നടപ്പാക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. എല്ലാ പ്രശ്നങ്ങളും നാം അഭിമുഖീകരിക്കണം എന്ന് ദൈവം ആവശ്യപ്പെടുന്നില്ല. എന്നാൽ നമുക്ക് ചെയ്യാൻ കഴിയുന്നത് നാം ചെയ്യണം ബാക്കിയുള്ളത് ദൈവം ചെയ്തുകൊള്ളും.

## ജീവചരിത്രം (പാചകക്കാരൻ) 10

ദൈനംദിന ജീവിതത്തിൽ ഒരു പാചകക്കാരന്റെ ആവശ്യം വളരെ വലുതാണ്. ചില പ്രത്യേക വിശേഷ ദിവസങ്ങളിൽ ആളുകൾ പുറത്ത് ഭക്ഷണം കഴിക്കുവാൻ പോകും. സ്കൂളിലെ ഉച്ചഭക്ഷണം പോഷകഗുണത്തിനു പ്രാധാന്യം നൽകുന്നു. സ്പോർട്സ് ടീമും പട്ടാളക്കാരും പോഷകഗുണവും ഊർജ്ജവും ഉള്ള ഭക്ഷണം നൽകുവാൻ ശ്രമിക്കുന്നു.

*ഉത്തരവാദിത്വങ്ങൾ:* ഉടമസ്ഥന്റെയോ മാനേജരുടെയോ നിർദ്ദേശാനുസരണമാണ് ഒരു പാചകക്കാരൻ തന്റെ ജോലി ചെയ്യുന്നത്. എന്താണ് പാചകം ചെയ്യേണ്ടത്, എത്ര തുക ചിലവാക്കണം, എത്ര നന്നായി പാചകം ചെയ്യണം എന്നുള്ളതായ ചിന്തകൾ തനിയ്ക്കുണ്ട്. വൃത്തിയും വേഷവും ഒരു പാചകക്കാരൻ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്.

*അവസരങ്ങൾ:* ഒരു പാചകക്കാരൻ തന്റെ ഭക്ഷണവിഭവങ്ങൾ ഉണ്ടാക്കുവാൻ എപ്പോഴും തയ്യാറുള്ളവൻ ആയിരിക്കണം. ഭക്ഷണ വിവര പട്ടികയിൽ വില കാണിച്ചിരിക്കണം. പുതിയ ആഹാര സാധനങ്ങൾ പാചകം ചെയ്യുവാൻ ഉള്ള അവസരങ്ങൾ തനിയ്ക്കുണ്ട്. ഇത് നിങ്ങളുടെ ബോസ്സിന് ഇഷ്ടമായേക്കും. എന്നാൽ ഒരു ഹോട്ട് കേക്കിനായി ഒരു കുടുംബം ഓർഡർ തന്നാൽ കുഞ്ഞുങ്ങൾക്കുവേണ്ടി ചിത്രശലഭം, തിമിംഗലം തുടങ്ങിയ ആകൃതിയിൽ കേക്കുണ്ടാക്കി നൽകണം. പച്ചക്കറികൾ കൊണ്ടും മറ്റും അലങ്കരിക്കുകയാണെങ്കിൽ കേക്ക് വാങ്ങുന്നയാൾ വീണ്ടും നിങ്ങളുടെ അടുക്കൽ ഓർഡറുമായി വരുവാൻ സാധ്യതയുണ്ട്. അയാൾ തന്റെ മറ്റു കൂട്ടുകാരോടും ഇത് പങ്കിടും. ഒരു പാചകക്കാരൻ എന്ന നിലയിൽ ഇതെല്ലാം പഠിക്കേണ്ടത് ആവശ്യമാണ്. ബിസിനസ്സ് എങ്ങനെ മെച്ചപ്പെടുത്താം എന്ന് അറിഞ്ഞിരിക്കണം




## ചോദ്യോത്തരങ്ങൾ 10

1. ദൈവം നിങ്ങൾക്കായി കരുതിയ കരുതലുകളെ കുറിച്ച് പറയുവാൻ ഒരു സാക്ഷ്യം നിങ്ങൾക്കുണ്ടോ? (സാക്ഷ്യം പറയുവാനായി സമയം നൽകുക)
2. ക്രിസ്ത്യാനികളായ നിങ്ങൾക്ക് പല കാര്യങ്ങളും ഇല്ലാതിരിക്കെ ക്രിസ്ത്യാനികൾ അല്ലാത്തയാളുകൾക്ക് വസ്തുവകകളും, കാറും,വസ്ത്രങ്ങളും എല്ലാ ഭൗതികമായ അനുഗ്രഹങ്ങളും ഉള്ളതായി നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? (ദൈവത്തിൽ ആശ്രയിക്കുന്നത്കൊണ്ട് ഒരു കാര്യവും ഇല്ല  എന്ന് നിങ്ങൾ കരുതിയേക്കാം. എന്നാൽ ഈ ആളുകളിൽ ഒട്ടുമിക്ക പേരുടേയും മനസ്സിൽ സമാധാനമില്ല. സ്നേഹമോ സന്തോഷമോ അവർക്ക് ലഭിക്കുന്നില്ലായിരിക്കാം. അവരുടെ ഏക ഉദ്ദേശ്യം പണം ഉണ്ടാക്കുക എന്നതാണ്. ഭൂമി താൽക്കാലികമാണെന്നും ഭൂമിയുള്ള സകല നന്മകളെക്കാലും മികച്ചതാണ് സ്വർഗ്ഗത്തിലുള്ളതെന്നും അവർ അറിയുന്നില്ല).
3. ലോകത്തിലുള്ള എല്ലാവര്ക്കും ഒരേപോലെ മതിയായ ആഹാരം ലഭ്യമാകാത്തതെന്തുകൊണ്ട്? (ഈ സാഹചര്യത്തെ കുറിച്ച് ചിന്തിക്കുവാൻ കുട്ടികളെ സഹായിക്കുക. നാം എല്ലാവരും എല്ലാകാര്യങ്ങളും പങ്കിടണം എന്ന പാഠം ദൈവത്തിന് നമ്മെ പഠിപ്പിക്കുവാൻ ഉണ്ടായിരുന്നിരിക്കാം. ഒരുപക്ഷേ ആദാമിനൊപ്പം ഭൂമിയിലേക്ക് കയറിയ പാപത്തിന്റെ ഭാഗമായിരിക്കാം ഈ അനുഭവം).
4. നിങ്ങളുടെ ഇഷ്ട ഭക്ഷണം ഏതാണ്? (കുട്ടികളുടെ ഉത്തരം ശ്രദ്ധിക്കുക)
5. ഈ ആഴ്ച നിങ്ങൾക്ക് സഹായിക്കുവാൻ കഴിയുന്ന ഒരു വ്യക്തിയെ കുറിച്ച് ചിന്തിക്കുക. അവരുടെ പേര് എഴുതുകയും അവരെ നിങ്ങൾക്ക് എങ്ങനെ സഹായിക്കാൻ കഴിയും എന്നെഴുതുകയും ചെയ്യുക.

## പദപ്രശ്നം ഉത്തരം 10






## ഗെയിം 10

***കപ്പുകൾ കൊണ്ടുള്ള പിരമിഡ്***

കളി തുടങ്ങും മുൻപ് ഡിസ്പോസിബിൾ കപ്പുകൾ ഡസ്കിന്റെ പുറത്ത് വയ്ക്കുക. (ഒരു ടീമിന് 36 കപ്പുകൾ വീതം) ഇരു ടീമിലും അംഗസംഖ്യ ആയിരിക്കണം. കപ്പുകൾ കൊണ്ട് വലിയ ടവർ ഉണ്ടാക്കുവാൻ ഇരുടീമിനും ഓരോ മിനിട്ടുകൾ വീതം നൽകണം ഒരു മിനിട്ടിനു ശേഷം ഏതു ടീമിന്റെ ടവറിനാണോ നീളം കൂടുതൽ ആ ടീം വിജയിക്കും.






## ഹോം വർക്ക് 10

സ്കൂളിലേക്ക് വരുമ്പോൾ ഒരു ലഞ്ച് ബോക്സ് കൂടി അധികമായി കരുതിക്കൊണ്ട് വരിക. ലഞ്ച് ബോക്സ് കൊണ്ടുവരാത്ത കുട്ടികൾക്കോ നിങ്ങൾക്ക് അധികം പരിചയമില്ലാത്ത കുട്ടികൾക്കോ ആ ലഞ്ച് ബോക്സ് നൽകുക.

# ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിക്കുക 11

## യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു ലൂക്കോസ് 8:22-25



### നാടകം (ഒന്നാം ഭാഗം)

രണ്ടു ചട്ടമ്പികൾ നിന്നുകൊണ്ട് കടന്നു പോകുന്ന എല്ലാവരേയും ഭീഷണിപ്പെടുത്തുന്നതായി പ്രതിനിധി ടീം അംഗങ്ങളോട് പറയുന്നു. എന്തെങ്കിലും തട്ടിയെടുക്കുവാൻ അവർ ആഗ്രഹിക്കുന്നു. തെരുവിലൂടെ നടന്നു പോകുമ്പോൾ എല്ലാം താൻ ഭയപ്പെടാറുണ്ട്. പലപ്പോഴും താൻ ഓടുവാൻ ശ്രമിക്കും. അവർ തന്നെക്കാൾ വലിപ്പം കൂടിയവരാണ്. തന്നെ പിടികൂടുകയും മുറിവേൽപ്പിക്കുകയും ചെയ്യും. ടീം ഈ വിഷയം ഗൗരവമായി എടുക്കുകയും പ്രാർത്ഥിക്കുകയും സഹായത്തിനായി ഒരു വഴി ചിന്തിക്കുകയും ചെയ്യാം എന്നും പറയുന്നു. ശേഷം അവർ ദൗത്യ യാത്രയ്ക്കായി ടൈം മെഷീനിൽ കയറുന്നു.

### പാഠം 11

ഇങ്ങനെയൊരു അപകടത്തിൽ നിങ്ങൾ എപ്പോഴെങ്കിലും അകപ്പെട്ടിട്ടുണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും ഭയന്നിട്ടുണ്ടോ? തടാകത്തിലൂടെ പോകുമ്പോൾ വലിയ കൊടുങ്കാറ്റടിച്ച് ശിഷ്യന്മാർ വല്ലാതെ ഭയപ്പെട്ടിട്ടുണ്ട്. ലൂക്കോസ് 8:22-25വായിക്കുക
കൊടുങ്കാറ്റിനു നടുവിൽ അവർക്കു മദ്ധ്യേ ആരാണ് ഉള്ളതെന്ന കാര്യം അവർ മറന്നുപോയി. പ്രകൃതിയുടെ മേലും കാറ്റിൻമേലും തിരമാലകൾക്കുമേലും അധികാരമുള്ള യേശു അവരോടു കൂടെ ഉണ്ടായിരുന്നു. വെള്ളത്തെ നിങ്ങൾക്ക് കൈയ്യിൽ ഒതുക്കുവാൻ കഴിയുമോ? നമുക്ക് അസാദ്ധ്യമാണത്. എന്നാൽ ദൈവം സർവ്വശക്തനാണ്. യേശു പടകിൽ ഉറങ്ങിയതു പോലെ നമുക്ക് ദൈവത്തിൽ ആശ്രയിക്കുവാനും വിശ്വസിക്കുവാനും കഴിയും. ദോഷത്തിനായി നമുക്ക് ഒന്നും വന്നു ഭാവിക്കുകയില്ല. യേശുവിലുള്ള വിശ്വാസം നിമിത്തം പടകിൽ ഉണ്ടായിരുന്ന പന്ത്രണ്ട് പേരിൽ ഒരാൾ ഒഴികെ ബാക്കിയെല്ലാവരും വർഷങ്ങൾക്കുശേഷം കൊല്ലപ്പെടുകയായിരുന്നു. അത് വളരെ ദുഃഖകരമാണ്. എന്നാൽ സംഭവിക്കുന്ന കാര്യങ്ങൾ എന്തും ആകട്ടെ, നമുക്ക് ദൈവത്തിൽ ആശ്രയിക്കാം, ദൈവത്തിൽ വിശ്വസിക്കാം. നാം അവന്റെ നിയന്ത്രണത്തിൻ കീഴിലാണ്. ഏത് പ്രയാസമേറിയ സാഹചര്യത്തേയും വ്യതിചലിപ്പിക്കുവാൻ ദൈവത്തിന് കഴിയും. പ്രതികൂലത്തിനു മാറ്റം വരുത്തുന്നില്ല എങ്കിൽ വിശ്വസിക്കുക, ദൈവത്തിന് ഏറ്റവും മികച്ചതൊന്ന് ആ പ്രതികൂലത്തിൽ നിന്നും പുറത്തുകൊണ്ടുവരുവാനുണ്ട്. എന്തു സംഭവിച്ചാലും ദൈവത്തിന്റെ വാഗ്ദത്തം നമ്മോടു കൂടെയുണ്ട് നാം കൊടുങ്കാറ്റിൽ അകപ്പെടുമ്പോൾ ശിഷ്യന്മാരോടൊപ്പം പടകിൽ ഉണ്ടായിരുന്നതുപോലെ നമ്മോടുകൂടെയും യേശു ഉണ്ടെന്ന് മനസ്സിലാകും. നാം യേശുവിന്റെ കരങ്ങളിൽ സുരക്ഷിതരാണ് യേശുവിനോട് കൂടെ നാം നിത്യത ചിലവഴിക്കും. യേശു
കൊടുങ്കാറ്റിനെ ശാന്തമാക്കിയ ശേഷം, യേശു ആരെന്ന ചിന്ത അവരെ ഭയപ്പെടുത്തി നമ്മുടെ ദൈവം എത്ര വലിയവൻ എന്നും എത്ര ശക്തൻ എന്നും അവിടുന്ന് നമ്മെ എത്രയധികം സ്നേഹിക്കുന്നു എന്നും അറിയുമ്പോൾ പിന്നീടൊരിക്കലും നാം ഒന്നിനെയും ഭയപ്പെടില്ല.

### മന:പാഠ വാക്യം 11

*ആവർത്തനപുസ്തകം 31:8* അവിടുന്നാണ് നിന്റെ മുമ്പിൽ പോകുന്നത്; അവിടുന്നു നിന്നോടുകൂടെ ഉണ്ടായിരിക്കും. അവിടുന്നു നിന്നെ നിരാശപ്പെടുത്തുകയില്ല; ഉപേക്ഷിക്കുകയുമില്ല. അതുകൊണ്ട് ഭയപ്പെടുകയോ പതറുകയോ വേണ്ട.

### നാടകം (രണ്ടാം ഭാഗം)

ദൗത്യത്തിൽ നിന്നും മടങ്ങിയെത്തിയ ശേഷം, അവർ കണ്ട കാര്യങ്ങളിൽ അവർ അമ്പരന്നു നിൽക്കുന്നു. ശിഷ്യന്മാരോടും യേശുവിനോടും ഒപ്പം പടകിൽ നിന്നുകൊണ്ട് കാറ്റും കടലും യേശുവിനെ അനുസരിക്കുന്നത് നേരിട്ട് അവർ കണ്ടു മനസ്സിലാക്കി. അവർ എല്ലാവരുടേയും വിശ്വാസം നന്നായി വർദ്ധിച്ചു. പ്രതിനിധി തെരുവിൽ കണ്ട ചട്ടമ്പികളുടെ കരുത്ത് ദൈവത്തിന്റെ കരുത്തോളം വരികയില്ല എന്ന് ചിന്തിക്കുന്നു. ദൈവം

എല്ലായ്പ്പോഴും തന്നോടുകൂടെയുണ്ട് എന്ന് ടീം ധൈര്യപ്പെടുത്തുന്നു. യേശു പടകിൽ ഉറങ്ങുന്നതുപോലെ ചട്ടമ്പികളെയും അവർ പറയുന്ന അസഭ്യവാക്കുകളെയും ഗണ്യമാക്കാതെ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ദൈവം തന്നെ സ്നേഹിക്കുന്നു എന്ന വിശ്വാസത്തോടെ പ്രതിനിധിയ്ക്ക് മുമ്പോട്ടു പോകാം.

പ്രതിനിധി വീട്ടിലേക്ക് പോകുന്നു. അല്പ സമയം കഴിഞ്ഞ് നേതാവിന് ഒരു സന്ദേശം ലഭിക്കുന്നു. 'താൻ ചട്ടമ്പികളെ ശ്രദ്ധിക്കാതെ നടന്നപ്പോൾ അവർ തന്നെ വിട്ടുപോയി.'

## ജസ്റ്റിസ് 11

തന്നിൽ വിശ്വസിക്കുന്ന താങ്കളെ ദൈവം കൈവിടാതെ, മറക്കാതെ കരുതുന്നതുപോലെ തന്നിൽ വിശ്വസിക്കുന്ന ഏവരേയും കൈവിടാതെ മറക്കാതെ പരിപാലിക്കുന്നു. എല്ലാ കാര്യങ്ങളും അവർ അംഗീകരിക്കുന്നില്ല എങ്കിൽപോലും ദൈവം അവരെ പരിപാലിക്കുന്നു. അംഗീകരിക്കാത്ത കാര്യങ്ങളിൽ ശ്രദ്ധ നൽകാതെ അവരുടെ ജീവിതത്തിൽ ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ശ്രദ്ധിക്കുക.


## ജീവചരിത്രം (അമ്മ) 11

കുട്ടികളെ വളർത്തുവാൻ ദൈവത്താൽ നിയമിക്കപ്പെട്ട പദ്ധതിയാണ് അമ്മ. കുട്ടികൾ വളർന്ന് പഠിച്ച് സമൂഹത്തിൽ സ്ഥാനം ആകുന്നതിനു അമ്മമാർ എല്ലാ കാര്യങ്ങളും കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നു. ദൈവം തന്നെ ഒരു ശിശുവായി ഭൂമിയിലേക്ക് വരുവാൻ തീരുമാനം എടുത്തപ്പോൾ ശിശുവിനെ വളർത്തേണ്ടതിന് ഒരുകൂട്ടം ആളുകളെ തരപ്പെടുത്തിയില്ല. അതിന് ഒരു അമ്മയെ തിരഞ്ഞെടുത്തു.

*ഉത്തരവാദിത്വങ്ങൾ*: നവജാത ശിശുവിൽ നിന്നും മുതിർന്ന വ്യക്തി ആകുന്നതുവരെ അമ്മയാണ് വളർത്തുന്നത്. ഉപദേശിക്കുവാനുള്ള അധികാരത്തോടെയാണ് വളർത്തുന്നത്. ജീവിതം ചിലപ്പോൾ സമാധാനപൂർണ്ണം ആയിരിക്കാം, ചിലപ്പോൾ യുദ്ധപൂർണ്ണമായിരിക്കാം, ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റം വരാം, ദുരന്തപൂർണ്ണമാകാം, ഇതെല്ലാം ജീവിതത്തിലെ വെല്ലുവിളികളാണ്. എന്തു സംഭവിച്ചാലും അമ്മ എന്നും അമ്മ തന്നെയാണ്.

*അവസരങ്ങൾ*: ഒരു അമ്മയ്ക്ക് കുട്ടികളുമായി നല്ല ബന്ധമുണ്ട്. ഏതു തരാം വ്യക്തികളെയാണ് അവർ വളർത്തിക്കൊണ്ടു വരുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിയും. വിവിധ പരിശീലനങ്ങളിലേക്കും വിവിധ സ്പോർട്സ് മേഖലകളിലേക്കും അതിന്റെ വാതിലുകൾ തുറന്നു കിടക്കുന്നു. കുട്ടികളുടെ വ്യക്തിത്വങ്ങളെ ആശ്രയിച്ചാണ് ഇവ തിരഞ്ഞെടുക്കേണ്ടത്. ഒരു കുട്ടിയെ അവന്റെ ജീവിതത്തിലേക്കാണ് നാം നയിക്കുന്നത്.

## ചോദ്യോത്തരങ്ങൾ 11




1. വേദനാകരമായ കാര്യങ്ങൾ എന്തുകൊണ്ട് ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നു? (ദൈവം നമ്മുടെ ദേഹിയ്ക്കും ആത്മാവിനുമാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ആയതിനാൽ പല വേദനാകരമായ കാര്യങ്ങളും നമ്മുടെ തിന്മയ്ക്കല്ല നന്മയ്ക്കാണ്. അനേക പാപങ്ങളുള്ള ഒരു ലോകത്തിലാണ് നാം ജീവിയ്ക്കുന്നത്. ഭൂമിയിൽ സഞ്ചരിക്കേണ്ടതിന് ദൈവം സാത്താന് അനുവാദം നൽകി. എല്ലാവരേയും ബാധിക്കുന്നതുപോലെ ക്രിസ്ത്യാനികളേയും എല്ലാ കാര്യങ്ങളും ബാധിയ്ക്കും.
2. നിങ്ങൾ എന്തെങ്കിലും ഭയന്നിട്ടുണ്ടോ?
(ശിഷ്യന്മാർ കൊടുങ്കാറ്റിൽ ഭയന്നതുപോലെ നിങ്ങൾ ഭയന്ന ഒരു അനുഭവം പറയുക. പ്രയാസകരമായ സാഹചര്യങ്ങളിലും ദൈവം നമ്മോടുകൂടെയുണ്ടെന്നു കുട്ടികളോട് പറയുക. പലപ്പോഴും ദൈവത്തെ കാണുവാൻ കഴിയില്ല എങ്കിലും ദൈവം നമ്മോടു കൂടെയുണ്ട്).
3. പ്രയാസകരമായ കാര്യങ്ങൾ വരുമ്പോൾ എല്ലാം ഉപേക്ഷിച്ച് ദൈവത്തിൽ നിന്നും അകന്നു മാറിയാൽ എങ്ങനെ ധൈര്യമായി നിൽക്കുവാൻ കഴിയും? (പരീക്ഷണങ്ങൾ, പ്രയാസകരമായ അവസ്ഥകൾ ഒക്കെയും കടന്നുവരുമ്പോൾ ഓർക്കുക, നിങ്ങൾ ഒറ്റയ്ക്കല്ല, നിങ്ങളുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും തനിയെ പരിഹരിക്കുവാൻ നിങ്ങൾക്ക് കഴിയില്ല. വലിയ തിരമാലകൾ കണ്ടപ്പോൾ ശിഷ്യന്മാർ വല്ലാതെ ഭയന്നു. എന്നാൽ യേശു കാറ്റിനു ശാന്തത വരുത്തിയപ്പോൾ അവർ സമാധാനപ്പെട്ടു. ഇതുപോലെ നിങ്ങളുടെ ജീവിതത്തിലും പ്രയാസകരമായ കാര്യങ്ങൾ ഉണ്ടായേക്കാം, എന്നാൽ യേശു നിങ്ങളുടെ ജീവിതത്തിൽ ഉണ്ട് എന്നറിയുമ്പോൾ വലിയ സമാധാനം ഉണ്ടാകും).
4. ഏതു മൃഗത്തെയാണ് നിങ്ങൾക്ക് ഭയം?(ഓരോ കുട്ടികളുടേയും അഭിപ്രായം കേൾക്കുക)
5. നിങ്ങളുടെ ഹൃദയത്തിൽ ധൈര്യം ഉണ്ടാകേണ്ടതിന് എന്തെല്ലാം അഭ്യാസങ്ങൾ നിങ്ങൾക്ക് ചെയ്യുവാൻ കഴിയും? (ഉത്തരത്തിലേക്ക് പോകുന്നതിനു മുൻപ് കുട്ടികളുടെ ആശയങ്ങളെ പരിഗണിയ്ക്കുക. ചില

ആശയങ്ങൾ പരപ്രേരണ കൂടാതെ പറയുന്നതായിരിക്കും. അല്പമായി അവരുടെ വിശ്വാസത്തെ കുറിച്ച് പങ്കിടുവാൻ തുടങ്ങും. ദൈവത്തെ സേവിക്കുവാനുള്ള ഏത് അവസരവും തിരഞ്ഞെടുക്കുവാൻ മുൻപിലുള്ള അല്പസമയം അവർക്കെടുക്കാം. ധൈര്യത്തിലേക്ക് നമ്മെ നയിക്കുന്ന വിശ്വാസം പടുത്തുയർത്തുവാൻ ബൈബിൾ വായിക്കാം, പ്രാർത്ഥിക്കാം, ദൈവത്തെ സ്തുതിക്കാം, മറ്റുള്ളവരുടെ സാക്ഷ്യം ശ്രദ്ധിക്കാം, നിങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്ത കാര്യങ്ങളെ എഴുതി വയ്ക്കുകയോ ഓർക്കുകയോ ചെയ്യാം).

## പദപ്രശ്ന ഉത്തരം 11










## ഗെയിം 11

***എങ്കിൽ വാക്യം പറയുക***

നിങ്ങൾ ഇന്ന് പ്രഭാത ഭക്ഷണം കഴിച്ചെങ്കിൽ, കഴിഞ്ഞ രാത്രിയിൽ കുളിച്ചെങ്കിൽ, നിങ്ങൾക്ക് ബ്രൗൺ കണ്ണുകളാണ് ഉള്ളതെങ്കിൽ, നിങ്ങൾക്ക് കോളിഫ്ലവർ ഇഷ്ടമാണെങ്കിൽ, ഇന്ന് നിങ്ങളുടെ കിടക്ക ശരിയാക്കിയെങ്കിൽ, നിങ്ങൾക്കൊരു സഹോദരി ഉണ്ടെങ്കിൽ നിങ്ങൾ ചുവന്ന വേഷമാണ് ധരിച്ചിരിക്കുന്നത് എങ്കിൽ, വാക്യം പലയാവർത്തി പറയുവാൻ ഈ രീതി നല്ലതാണ്. അപ്പോൾ ആ വാക്യം കുട്ടികൾ വേഗത്തിൽ പഠിക്കും.





## ഹോം വർക്ക് 11

ഭയാനകവും കഠിനവുമായ ഒരു ജോലി ആരെങ്കിലും ചെയ്യുന്നത് കാണുക. അവനോടൊപ്പം ചേർന്ന് നിന്ന് പഠിക്കുക.

# ആരാണ് യേശു? 12

### ഞാൻ ആരെന്ന് നിങ്ങൾ പറയുന്നു? മത്തായി 16:13-20



നാടകം (ഒന്നാം ഭാഗം)

ഈ ആഴ്ച അന്വേഷകൻ വളരെ ചിന്താക്കുഴപ്പത്തിലാണ് ദയയോടെ പെരുമാറുകയും താഴ്മയോടെ സംസാരിക്കുകയും ചെയ്യുന്ന ഒരുവനെ പരിചയപ്പെട്ടു. പക്ഷേ അദ്ദേഹം മറ്റൊരു മതത്തിൽ വിശ്വസിക്കുന്ന ആളാണ്. മതം എന്ന വ്യത്യാസം ഒഴികെ ആ വ്യക്തി എല്ലാ കാര്യത്തിലും ഒരു ക്രിസ്ത്യാനിയെപ്പോലെ കാണപ്പെടുന്നു. തന്റെ ആശയക്കുഴപ്പം പ്രതിനിധിയുമായും നേതാവുമായും പങ്കുവയ്ക്കുന്നു. ക്രിസ്ത്യാനിത്വത്തെ വിശേഷതയുള്ളതാക്കുന്നത് എന്ത് എന്ന് അത്ഭുതത്തോടെ ചിന്തിക്കുന്നു. ദൗത്യത്തിന് പോകും മുൻപേ ഉത്തരം പറയുന്നില്ല എന്ന് നേതാവ് തീരുമാനിച്ചു. കാരണം അത് അവർ പുറപ്പെടാനുള്ള സമയമായിരുന്നു. അവർ മെഷിനിൽ കയറി യേശുവിനേയും ശിഷ്യന്മാരേയും കാണേണ്ടതിന് കാലത്തിനു പുറകിലേക്ക് സഞ്ചരിക്കുന്നു.

പാഠം 12

യഹൂദന്മാർ ശക്തിയുള്ള ആളുകളായിരുന്നു. എന്നാൽ അവർ കൊള്ളയടിക്കപ്പെട്ടു, ചിതറപ്പെട്ടു അവരുടെ സമ്പത്ത് കവർച്ച ചെയ്യപ്പെട്ടു. അവരെ രക്ഷിപ്പാൻ ഒരുവൻ വരും എന്ന് ദൈവം അവർക്ക് വാഗ്ദത്തം കൊടുത്തു. ആ വ്യക്തി മശിഹ എന്ന് വിളിക്കപ്പെടും തങ്ങളുടെ ദേശത്ത് നിന്നും മറ്റുള്ളവരെ പുറത്താക്കുവാൻ ശക്തനായ ഒരു യോദ്ധാവിനെ യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ യേശു വന്നത് അതിലുപരിയായ ലക്ഷ്യത്തോടെയായിരുന്നു. യഹൂദന്മാരുടെ ദേശവും സമ്പത്തും നേടിയെടുക്കുന്നതിനു പകരമായി അവരുടെ ഹൃദയത്തെ നേടിയെടുക്കുവാൻ യേശു വന്നു!

മത്തായി 16:13-20 വായിക്കുക

ആളുകൾ പറയുന്നു യേശു പ്രവാചകനാണെന്ന്. താന് ആരാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത് എന്ന് യേശു തന്റെ സ്നേഹിതന്മാരോട് ചോദിച്ചു. യിസ്രായേലിനെ രക്ഷിപ്പാൻ വന്ന ദൈവപുത്രനായ മശിഹയാണ് യേശു എന്ന് പത്രോസ് ആണ് മറുപടി നൽകിയത്. ഈ പ്രസ്താവന ഒരു പാറയാണെന്നും, സഭയുടെ അടിസ്ഥാനം ഈ പാറയായിരിക്കും എന്നും യേശു മറുപടി പറഞ്ഞു. യേശു നിങ്ങൾക്ക് ആരാണ്? വേദപുസ്തകത്തിൽ നിന്നുള്ള ഒരാളാണോ, പ്രവാചകനോ അദ്ധ്യാപകനോ ആണോ? അതോ നിങ്ങൾക്ക് സമൃദ്ധിയായ ജീവൻ നൽകുവാനായി നിങ്ങളെ രക്ഷിക്കേണ്ടതിന് ഭൂമിയിലേക്ക് വന്ന ദൈവപുത്രനാണോ യേശു? യോഹന്നാൻ 3:16 പറയുന്നു "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു".

യേശു ആരെന്ന് നാം അറിഞ്ഞ് അവനിൽ വിശ്വസിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. അപ്പോൾ അവൻ ഒരിക്കലും നമുക്ക് ലഭിച്ചിട്ടില്ലാത്തതായ ദാനങ്ങൾ തരും!

മന:പാഠ വാക്യം 12

*യോഹന്നാൻ 3:16* തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവർ ആരും നശിച്ചുപോകാതെ അനശ്വരജീവൻ പ്രാപിക്കേണ്ടതിന് ആ പുത്രനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

നാടകം (രണ്ടാം ഭാഗം)

ദൗത്യത്തിൽ നിന്നും മടങ്ങിയെത്തിയ ശേഷം അവർ കണ്ടതായ കാര്യം അന്വേഷകൻ ചർച്ച ചെയ്യുന്നു. മതങ്ങൾ തമ്മിലുള്ള വ്യത്യാസം യേശുവിലാണ് കാണുവാൻ കഴിയുന്നത്. യേശു ദൈവപുത്രനാണ്, നമുക്കായി മരിച്ചു, സ്വർഗ്ഗത്തിലേക്കുള്ള വഴി അവൻ മാത്രമാണ്, ദൈവത്തോട് ചേരുന്ന നിത്യതയിലേക്കും അവൻ മുഖാന്തരമാണ് പോകുവാൻ കഴിയുന്നത്. കഴിഞ്ഞ കാലത്ത് കണ്ടെത്തിയ സുഹൃത്തിനോട് യേശുവിനെ കുറിച്ച് പറയുവാൻ ഒരു അവസരം നോക്കിയിരിക്കുകയാണ് അന്വേഷകൻ. എല്ലാ കാര്യങ്ങളും വളരെ നല്ലതാണെങ്കിലും രക്ഷ പ്രാപിക്കണമെങ്കിൽ യേശു ക്രിസ്തുവിൽ വിശ്വസിച്ചേ മതിയാകയുള്ളൂ.

## ജസ്റ്റിസ് 12

യോഹന്നാന് 3:16 "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവർ ആരും നശിച്ചുപോകാതെ അനശ്വരജീവൻ പ്രാപിക്കേണ്ടതിന് ആ പുത്രനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു."


## ജീവചരിത്രം (സൺഡേ സ്കൂൾ ടീച്ചർ) 12

കുട്ടികൾ അവരുടെ വിശ്വാസത്തിൽ വളരേണ്ടതിനുവേണ്ടി, പാസ്റ്ററാലോ സഭാഭരണ സമിതിയാലോ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണ് സൺഡേ സ്കൂൾ ടീച്ചർ.

*ഉത്തരവാദിത്വങ്ങൾ*: ക്ലാസ് റൂം സംവിധാനത്തെക്കുറിച്ച് വളരെ നന്നായി അറിഞ്ഞിരിക്കേണ്ട ഒരാളാണ് സൺഡേ സ്കൂൾ ടീച്ചർ. മാത്രമല്ല പഠിപ്പിക്കാനുള്ള പാഠ്യസംവിധാനങ്ങളെ കുറിച്ചും ക്രാഫ്റ്റ് സംവിധാനങ്ങളെക്കുറിച്ചും അറിഞ്ഞിരിക്കണം. സൺഡേ സ്കൂളിന്റെ നല്ല നടത്തിപ്പിനായി മറ്റ് അദ്ധ്യാപകരുമായും സ്റ്റാഫ് അംഗങ്ങളുമായും നല്ല സഹകരണവും ഉണ്ടായിരിക്കണം.

*അവസരങ്ങൾ*: കുട്ടികളുടെ ആത്മീയ നിലവാരം അറിയുവാനുള്ള കഴിവ് ടീച്ചർക്കുണ്ടായിരിക്കണം. അതനുസരിച്ച് അദ്ധ്യാപന രീതി സംവിധാനം ചെയ്യണം. കുട്ടിയുടെ ആത്മീയ കാഴ്ച്ചപ്പാടുകൾക്ക് നല്ലയൊരു പിന്താങ്ങൽ നൽകുവാൻ ടീച്ചർക്ക് കഴിയും. ഇന്നത്തെ ചെറിയ ചുവടുകളിൽ കൂടെ നാളത്തെ വലിയ വിജയം കാണുവാനുള്ള ഉൾക്കാഴ്ച കുട്ടികൾക്ക് പകർന്നു നൽകണം. മതേതര സ്കൂളുകളിൽ ഒരിക്കലും മതപരമായ ഒരു കാര്യവും പറഞ്ഞു കൊടുക്കുകയില്ല. ആയതിനാൽ കുട്ടികളുടെ വിദ്യാഭ്യാസത്തിലെ കുറവ് വശങ്ങൾ നികത്തുവാനുള്ള ഉത്തരവാദിത്വം സൺഡേ സ്കൂൾ ടീച്ചർക്കുണ്ട്.

## ചോദ്യോത്തരങ്ങൾ 12



1. ഭാവിയിൽ നിങ്ങൾക്ക് ദൈവത്തെ എങ്ങനെ സേവിക്കണം? (ഈ വിഷയം ചർച്ച ചെയ്യുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഓരോരുത്തർക്കും ദൈവം വ്യത്യസ്തങ്ങളായ വാരങ്ങളെ നൽകിയിരിക്കുന്നു എന്ന് ഓർക്കുക. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ കൈയ്യ് കണ്ണിനെക്കാളും വിശേഷതയുള്ളതുള്ള, തിരിച്ചും കണ്ണ് കൈയ്യേക്കാളും വിശേഷതയുള്ളതുമല്ല.
2. യേശു വന്നു എന്ന് വിശ്വസിക്കുന്ന നിങ്ങളുടെ അറിവ് എവിടെ നിന്നുമാണ് ലഭിച്ചത്? പാരമ്പര്യത്തിൽ നിന്നും ഒരു അദ്ധ്യാപകൻ/ടീച്ചർ പറഞ്ഞു തന്നത്, ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ നിന്നും (ദുഃഖകരമായ എന്നു പറയട്ടെ, ഒട്ടുമിക്ക സഭകളിലേയും കുഞ്ഞുങ്ങൾ പറയുന്നു അവർ ദൈവത്തിൽ വിശ്വസിക്കുന്നവരാണ്, എന്നാൽ അവർക്ക് യേശു ക്രിസ്തുവുമായി ഒരു നല്ല ബന്ധം ഉണ്ടായിരിക്കില്ല. സഭയിൽ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഇരിക്കുവാൻ എളുപ്പമാണ്. ആത്മീയത നടിക്കുന്നവരുടെ ഇടയിൽ ആത്മീയനായി ഇരിക്കുക എന്നതും എളുപ്പമാണ്. (പാരമ്പര്യം) എന്നാൽ തെരുവിലും ജോലി ചെയ്യുന്ന ഇടത്തും നാം പോകുന്ന സ്ഥലത്തൊക്കെയും നല്ല ജീവിതം കാഴ്ച വയ്ക്കുവാൻ ദൈവം നമുക്ക് അനുഗ്രഹിതമായ പാഠങ്ങൾ പകർന്നു തന്നിട്ടുണ്ട് യേശുവിനെ വ്യക്തിപരമായി അറിയേണ്ടത് ഇവിടെയാണ്)
3. വ്യക്തിപരമായി യേശുവിനെ കുറിച്ച് എന്താണ് വിശ്വസിക്കുന്നത്? (യേശു നിങ്ങളുടെ രക്ഷകൻ എന്ന വിശ്വാസമാണ് പ്രധാനമായും ഉണ്ടാകേണ്ടത്, യേശുവിനെക്കുറിച്ച് നല്ല അറിവ് ഉണ്ടായിരിക്കണം. സഭയിൽ വന്ന് വെറുതെ ക്രിസ്ത്യാനി എന്ന നിലയിൽ ആയിരിക്കാതെ വ്യക്തിപരമായ ബന്ധം യേശുവുമായി ഉണ്ടായിരിക്കണം).
4. യേശുവിനെക്കുറിച്ച് എവിടെ നിന്നും കൂടുതൽ അറിയുവാൻ കഴിയും? (സഭ എന്നതാണ് പലപ്പോഴും നാം ചിന്തിയ്ക്കുക. എന്നാൽ വേദപുസ്തക വായനയിലൂടെയും യേശുവുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെയുമാണ് നമുക്ക് അത് ലഭിക്കുന്നത്. വായിക്കുക, അനുസരിക്കുക എന്നത് കൂടുതൽ


അറിവിലേക്ക് നയിക്കും. ദൈവത്തെ കൂടുതൽ സ്നേഹിക്കുവാൻ അതു നിമിത്തം ഇടയാകും. അത് കൂടുതൽ വായനയിലേക്കും കൂടുതൽ സ്നേഹത്തിലേക്കും വഴി നടത്തും).

5. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് എന്തെങ്കിലും ഒരു കാര്യം യേശുവിനോട് ചോദിക്കുവാൻ അവസരം ലഭിച്ചാൽ നിങ്ങൾ എന്തു ചോദിക്കും? (നമ്മെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും യേശുവിന് അറിയാം എന്ന് ഓർക്കുക. പലപ്പോഴും നാം സംശയിക്കുന്ന കാര്യം, എന്തുകൊണ്ട് നമ്മുടെ ജീവിതത്തിൽ ഇപ്രകാരം സംഭവിക്കുന്നു എന്നതാണ്. കുട്ടികൾ തങ്ങളുടെ ഉത്തരം പറയട്ടെ. ദൈവം നമ്മെ കേൾക്കുന്നുവെന്നും നമ്മുടെ ചോദ്യത്തിനുള്ള മറുപടി വ്യത്യസ്തങ്ങളായ പല വഴികളിലൂടെ നൽകുന്നു എന്നും അറിയണം.

## പദപ്രശ്നം 12










## ഗെയിം 12

***തംബ്ലർ ബലൂൺ***



കളി തുടങ്ങും മുൻപ് പതിനഞ്ച് പ്ലാസ്റ്റിക്ക് കപ്പുകളുടെ ഒരു നിര ടേബിളിന്റെ ഒരു അരികിലായി വയ്ക്കുക. ക്ലോക്ക് ഓടിത്തുടങ്ങുമ്പോൾ, അറുപത് സെക്കന്റിനുള്ളിൽ ബലൂണിൽ നിന്നും വരുന്ന കാറ്റു കൊണ്ട് എല്ലാ പ്ലാസ്റ്റിക്ക് കപ്പുകളും ടേബിളിൽ നിന്നും താഴെയിടുക. ബലൂൺ എത്ര വേണമെങ്കിലും വീർപ്പിക്കാം. ടേബിളിൽ കപ്പ് ശേഷിച്ചാൽ അതു പരാജയമായിരിക്കും. അടുത്തയാൾക്ക് ശ്രമം തുടങ്ങാം. രണ്ടു ടീമായി ഗെയിം നടത്താം (ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിങ്ങനെ) ഇരു ടീമിൽ നിന്നും വോളന്റിയേഴ്സ് ഉണ്ടായിരിക്കണം. കളി നടക്കുമ്പോൾ ആരാണ് വേഗത്തിൽ ഇപ്രകാരം കപ്പുകൾ താഴെയിടുന്നത് എന്ന് ശ്രദ്ധിക്കണം.




## ഹോം വർക്ക് 12

യേശുവിനെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെ കണ്ടെത്തുക. നിങ്ങളുടെ സമയം അവർക്കായി ചിലവഴിച്ച് ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കുക. ഒരു ചെറിയ സമ്മാനം വാങ്ങി അവർക്ക് നൽകുക. യേശുവിനെക്കുറിച്ച് അവരോടു പറയുകയും സൺഡേ സ്കൂളിലേക്ക് ക്ഷണിക്കുകയും ചെയ്യുക.

# യേശു ശക്തിവെളിപ്പെടുത്തുന്നു. 13



## ലാസർ യോഹന്നാൻ 11:32-44

### നാടകം (ഒന്നാം ഭാഗം)

കഴിഞ്ഞ ദിവസം അസാധാരണമായ ഒരു ദിവസമായിരുന്നുവെന്ന് പ്രതിനിധി ടീമിനോട് പറയുന്നു. എല്ലാ കാര്യങ്ങളും അബദ്ധമായിത്തീർന്നു. ആഹാരം നിലത്തു വീണു, ജ്യൂസ് തന്റെ കടലാസിലേക്ക് വീണു, തന്റെ തല എവിടെയോ തട്ടി, എന്നിങ്ങനെ ഒരുപാട് പ്രശ്നങ്ങൾ. കടലാസ് മാറ്റി വാങ്ങുവാനായി കടയിലേക്ക് പോയി എങ്കിലും മഴ പെയ്തതിനാൽ അടുത്തുള്ള മറ്റൊരു കടയിലേക്ക് ഓടിക്കയറി. പടിക്കെട്ടിൽ കാലിടറി വീണപ്പോൾ ഇടതു കാലിലെ ഷൂസ് പൊട്ടിപ്പൊളിഞ്ഞു. വളരെ ദുരിതം നിറഞ്ഞ ഒരു ദിവസമായി ഇത് തീർന്നു. ആ സമയത്ത് താൻ കഴിഞ്ഞ കുറേ ദിവസങ്ങൾക്ക് മുൻപ് പറഞ്ഞ തന്റെ ശത്രു വലതു കാലിലെ കീറിപ്പൊളിഞ്ഞ ഷൂസുമായി വരുന്നു. തന്റെ ഷൂസ് പോലെ തന്നെയുള്ള ഷൂസാണ് അതെന്ന് പ്രതിനിധി മനസ്സിലാക്കി. തന്റെ നല്ല ഷൂസ് ആ വ്യക്തിക്ക് നൽകി. ആശ്ചര്യത്തോടെ, ആ വ്യക്തി ഷൂസ് സ്വീകരിച്ചിട്ട് ചില ചോദ്യങ്ങൾ ചോദിക്കുന്നു. അവർ ദൈവത്തെക്കുറിച്ച് സംസാരിക്കുന്നു. യേശുവിനെക്കുറിച്ച് പറഞ്ഞു കൊടുക്കുവാൻ താൻ നന്നായി പരിശ്രമിക്കുന്നു. മഴ തീർന്ന ശേഷം, പോകുവാൻ തനിക്ക് ഷൂസ് ഇല്ല എന്ന് പ്രതിനിധി മനസ്സിലാക്കുന്നു. തനിക്ക് നല്ല തലവേദനയുണ്ടായിരുന്നു. കടയിൽ നിന്നും പേപ്പർ വാങ്ങിയിട്ടുമില്ലായിരുന്നു എല്ലാത്തിനും ഉപരി താൻ വളരെ സന്തോഷവാനായിരുന്നു. ഈ കഥ കേട്ട് ടീം വളരെ സന്തോഷഭരിതരാകുന്നു ശേഷം യേശുവിനെ കാണുവാൻ വേണ്ടി കാലത്തിനു പുറകിലേക്ക് സഞ്ചരിക്കുന്നു.

### പാഠം 13

ലാസർ, തന്റെ സഹോദരിമാരായ മാർത്ത മറിയ എന്നിവർ യേശുവിന്റെ സ്നേഹിതരായിരുന്നു. ലാസർ രോഗം പിടിച്ച് മരിച്ചു. ലാസറിനെ അടക്കിയ ശേഷം യേശു അവരുടെ പട്ടണമായ ബഥാന്യയിലേക്ക് വരുന്നു.
യോഹന്നാൻ 11:32-44 വായിക്കുക
യേശു അവിടെ താമസിയാതെ എത്തിയിരുന്നു എങ്കിൽ ലാസർ ജീവിക്കുമായിരുന്നു എന്ന് സഹോദരിമാർ വിശ്വസിച്ചു. യേശു ലാസറിനെ ഇപ്രകാരം സൗഖ്യമാക്കും എന്ന് ഒരു പദ്ധതി സഹോദരിമാർക്ക് ഉണ്ടായിരുന്നു. എന്നാൽ യേശുവിന്റെ പദ്ധതി അതിലും മെച്ചപ്പെട്ടതായിരുന്നു.
രോഗത്തിന്മേൽ തനിക്ക് അധികാരം ഉണ്ടെന്നു കാണിക്കുവാൻ യേശു അനേകം രോഗികളെ സൗഖ്യമാക്കിയിരുന്നു. മരണത്തിന്മേലും തനിക്ക് അധികാരമുണ്ടെന്ന് കാണിക്കുവാൻ ഇവിടെ യേശു തയ്യാറാകുകയാണ്.
അത്ഭുതം ചെയ്യുന്നതിന് മുൻപ്, ലാസറിന്റെ ശരീരം ദുർഗന്ധം വമിച്ചു എന്ന് മാർത്ത പറഞ്ഞു. അവൾ അപ്പോഴും വിശ്വസിച്ചില്ല. യേശു ലാസറിനെ വിളിച്ചു. ലാസർ കല്ലറയ്ക്ക് പുറത്തേക്ക് നടന്നു വന്നു. സന്തോഷിക്കുവാൻ കൊള്ളാവുന്ന എത്ര മനോഹരമായ ദിവസം. ദൈവത്തിന്റേതായ വഴിയിൽ ദൈവം പ്രവർത്തിക്കുന്നു. എന്നതിനാൽ അത് മനസ്സിലാക്കുവാൻ നാം ജാഗ്രതയുള്ളവർ ആയിരിക്കണം. നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചു എന്നതിനാൽ അതേ വഴിയിൽ മറ്റൊരാളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കണം എന്നില്ല. ദൈവം ഏതു വഴി തിരഞ്ഞെടുത്തു എന്ന് നാം ശ്രദ്ധിക്കാതെ സകലത്തിനും ദൈവത്തിന് അധികാരമുണ്ട് എന്നറിഞ്ഞ് ദൈവത്തിൽ ആശ്രയിച്ച് മുന്നേറിയാൽ നമുക്ക് നിത്യ ജീവൻ ലഭിക്കും.

### മനപാഠ വാക്യം 13

*യോഹന്നാൻ 11:25* യേശു അവളോട് അരുൾചെയ്തു: ‘‘ഞാൻ തന്നെയാണു പുനരുത്ഥാനവും ജീവനും.

## നാടകം (രണ്ടാം ഭാഗം)

ദൗത്യത്തിൽ നിന്നും മടങ്ങിയെത്തിയ ശേഷം, പ്രതീക്ഷിക്കാത്ത വിധത്തിൽ യേശു പ്രവർത്തിക്കുന്ന വിധങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. തനിക്കുണ്ടായ ഒരു മോശം ദിവസം തന്റെ ശത്രുവിനോട് സംസാരിക്കുവാനുള്ള അവസരമായിത്തീർന്നു. ഇനി ഒരിക്കലും ആ വ്യക്തിയെ 'ശത്രു' എന്ന് വിളിക്കരുതെന്ന് പ്രതിനിധി ടീമിനോട് പറയുന്നു. കാരണം ആ വ്യക്തി പ്രതിനിധിയെ ഇപ്പോൾ അങ്ങനെയല്ലാ കാണുന്നത്. അവർ ഇപ്പോൾ നല്ല സ്നേഹിതരാണ്.

## ജസ്റ്റിസ് 13

ആളുകളെ സഹായിക്കേണ്ടതിന് നമ്മിലൂടെ പ്രവർത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന് ആവശ്യമുണ്ട് എങ്കിലും പ്രവർത്തിപ്പാനായി തുറന്ന മനസ്സോടെ നാം ആയിരിക്കണം.


## ജീവചരിത്രം (മാലിന്യം നീക്കുന്നയാൾ) 13

ജീവികൾ പരത്തുന്ന രോഗങ്ങൾ തടയുവാനും പട്ടണം വൃത്തിയായി കിടക്കുവാനും വേണ്ടി മാലിന്യം നീക്കുന്നയാൾ പ്രവർത്തിക്കുന്നു. മറ്റു വ്യക്തികളോട് ചേർന്നാണ് താൻ ഈ പ്രവർത്തി ചെയ്യുന്നത് പട്ടണത്തിൽ ഉള്ള ആളുകളിൽ ഒരാളായ താൻ അവരോടു ചേർന്ന് പ്രവർത്തിക്കുന്നു. നീണ്ട മണിക്കൂറുകളോ അർദ്ധരാത്രിവരെയോ അല്ലെങ്കിൽ വാരാന്ത്യം വരെയോ പ്രവർത്തിച്ചേക്കാം.

*ഉത്തരവാദിത്വങ്ങൾ*: ഒരു പട്ടണത്തിനു വേണ്ടിയോ ഒരു കമ്പിനിയ്ക്കു വേണ്ടിയോ ആണ് താൻ ഈ പ്രവർത്തി ചെയ്യുന്നത് കൃത്യസമയത്ത് ജോലി തീർക്കുക എന്നതും ജോലി പൂർത്തിയാക്കി വീട്ടിലേക്ക് പോകുക എന്നതും പ്രാധാന്യമേറിയ കാര്യമാണ്. അത് തീരുമാനിക്കുന്നത് ഒരു 'ക്ലോക്ക്' അല്ല. തന്റെ സംഘത്തിൽ ഉള്ളവരോട് നന്നായി പെരുമാറുകയും ആ പട്ടണത്തിൽ ഉള്ളവരോട് സൗഹൃദമായി ഇടപെടുകയും ചെയ്യേണ്ടത് ആവശ്യമാണ്.

*അവസരങ്ങൾ*: മാലിന്യം നീക്കുന്ന മനുഷ്യൻ ആ പട്ടണത്തിലെ എല്ലാവരേയും ദിവസവും കാണുന്നു. ആവശ്യക്കാരായ ആളുകൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തനിക്ക് കഴിയും, നിരാശയുള്ളവർക്ക് പ്രത്യാശ നൽകുവാൻ കഴിയും. തന്റെ സംഘത്തിൽ ഉൾപ്പെട്ടവർക്കും കൂടി ഇത് പ്രയോജനമാകും. അവസരമുണ്ടെങ്കിൽ അധികമായി ജോലി ചെയ്ത് സംഘത്തെ സഹായിക്കാം ഏറ്റെടുത്ത ഉത്തരവാദിത്വത്തെ ബാധിക്കാതെ ആവണം ആ പ്രവർത്തി ചെയ്യേണ്ടത്.


## ചോദ്യോത്തരങ്ങൾ 13




1. ദൈവത്തിനു ചെയ്യുവാൻ കഴിയാത്ത കാര്യങ്ങൾ ഉണ്ടോ? (ഇല്ല, ബൈബിൾ പറയുന്നു, ദൈവം സർവ്വശക്തനാണ്, സകലവും കാണുന്നു, സകലവും ഗ്രഹിക്കുന്നു, ഇന്നലെയും ഇന്നും എന്നേക്കും അവിടുന്ന് ദൈവമായിരിക്കുന്നു. ദൈവത്താൽ സകലവും സാധ്യമാണ്)
2. നിങ്ങൾ എന്തെങ്കിലും അത്ഭുതങ്ങൾ കണ്ടിട്ടുണ്ടോ? (കുട്ടികൾ കണ്ടിട്ടുള്ള അത്ഭുതങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാൻ അവർക്ക് അവസരങ്ങൾ നൽകുക. ചെറുതോ വലുതോ ആയ അത്ഭുതങ്ങൾ ആണെങ്കിലും അവർ അത് ചർച്ച ചെയ്യട്ടെ വ്യക്തിപരമായ സാക്ഷ്യവും സമയമുണ്ടെങ്കിൽ പറയാം. അത്ഭുതങ്ങൾ മറ്റൊരാളുടെ ഹൃദയം തുറക്കുവാനും, സൗഖ്യമാക്കുവാനും, മനോഭാവങ്ങളെ മാറ്റുവാനുമുള്ള നല്ല അവസരങ്ങളാണ്.)
3. ദൈവം എന്തിനാണ് എന്നെ സൃഷ്ടിച്ചത്? (ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് സംസാരിക്കുക, ശുശ്രൂഷിക്കുക, ദൈവം നമ്മുടെ കഴിവുകളേയും താലന്തുകളെയും, അഭിരുചികളെയും, ആത്മ സംയമനത്തേയും കുറിച്ച് അറിയുന്നു.)
4. ലാസറിനെ യേശു ഉയർപ്പിച്ചതിനു ശേഷം ലാസർ ഇപ്രകാരം കാണപ്പെടാനാണ് സാധ്യത? (സന്തോഷമുള്ള, ആശ്ചര്യമുള്ള, ക്ഷീണിതനായ, വ്യക്തിയായിട്ടാണോ? അഭിപ്രായം കുട്ടികൾ പറയട്ടെ).
5. നിങ്ങളുടെ ജീവിതത്തെ ദൈവം ഇപ്രകാരം ഉപയോഗിക്കണം എന്നാണ് നിങ്ങൾ ആഗ്രഹിക്കുനത്? (കുട്ടികൾ ആരായിത്തീരുവാൻ ആഗ്രഹിക്കുന്നുവെന്ന് അവർ പറയട്ടെ, പ്രസംഗകൻ, സംഗീതജ്ഞൻ, മിഷനറി, ടീച്ചർ... അങ്ങനെയെന്തും പറയാം)

## പദപ്രശ്നം 13






## ഗെയിം 13

***ബാസ്കറ്റ് ബോൾ***

മന:പാഠ വാക്യത്തിന്റെ ഓരോ വാക്കുകളും ചെറിയ പേപ്പറുകളിൽ എഴുതി ഒരു ബോൾ പരുവത്തിൽ ചുരുട്ടുക. ക്ലാസ്സുകളെ ടീമുകളായി തിരിക്കുക. വാക്യത്തിലെ എല്ലാ വാക്കുകളും ഒരു ടീമിന്റെ കയ്യിൽ വരത്തക്ക നിലയിൽ ടീം തിരിക്കണം. ക്ലാസിനു മുൻപിലായി ഒരു ബാസ്കറ്റ് വയ്ക്കുക. ഒരു നിശ്ചിത അകലത്തിൽ നിന്നും ആ പേപ്പർ ബോൾ ബാസ്കറ്റിലേക്ക് എറിയുക. ആദ്യം പേപ്പറുകൾ കൃത്യമായി ബാസ്കറ്റിൽ എറിഞ്ഞു തീർക്കുന്നവർ വിജയിക്കും. ആ പേപ്പറുകൾ ഉപയോഗിച്ച് വാക്യം ആവർത്തിച്ചു കൊണ്ടേ ഇരിക്കണം






## ഹോം വർക്ക് 13

അയൽക്കാർക്ക് നല്ല പ്രവർത്തികൾ ചെയ്യേണ്ടതിനായി ഏതു വിധമാണ് അവരെ സഹായിക്കേണ്ടത് എന്ന് ദൈവത്തോട് ചോദിക്കാം.

www.childrenareimportant.com
info@ChildrenAreImportant.com
WhatsApp: +1 (971) 328-2783

Equip & Grow
കുട്ടികൾ പ്രാധാന്യമുള്ളവർ